# നമസ്കാരം

# كتاب الصلاة

## എന്തിന്ന് -- എങ്ങിനെ
## വിവിധ നമസ്കാരങ്ങൾ



BY
കോയക്കുട്ടി ഫാറൂഖി

The Cooperative Office For Call & Guidance to Communities at Naseem Area
Riyadh - Al-Manar Area / Front of O.P.D. of Al-Yamamah Hospital
Under the Supervision of Ministry of Islamic Affairs and Endowment and
Call and Guidance - Riyadh - Naseem
Tel. & Fax 01-2328226 - P.O. Box 51584 Riyadh 11553

المليبارية
٦

# നമസ്കാരം

## എന്തിന്ന് — എങ്ങിനെ
## വിവിധ നമസ്കാരങ്ങൾ

BY
കോയക്കുട്ടി ഫാറൂഖി

അദ്ധ്യായം ഒന്ന്
### നാം എന്തിന് നമസ്കരിക്കണം

അദ്ധ്യായം രണ്ട്
### തയ്യാറെടുപ്പ്

അദ്ധ്യായം മൂന്ന്
### എങ്ങിനെ നമസ്കരിക്കണം

അദ്ധ്യായം നാല്
### വിവിധ നമസ്കാരങ്ങൾ

പ്രസിദ്ധീകരണം
കോപറേറ്റീവ് ഓഫീസ് ഫോർ കാൾ ആൻറ് ഗൈഡൻസ്
ബദീഅ . കമ്മ്യൂണിറ്റീസ് സെക്ഷൻ . ദാറുൽ ഇഫ്താ
P.B.NO: 24932. TEL. 433 0888 / 433 0470 FAX. 430 1122 . RIYADH 11456.

# താളുകളിൽ

പ്രസ്താവന പേജ്

## അദ്ധ്യായം I നാം എന്തിന് നമസ്കരിക്കണം

1. ഇസ്‌ലാമിലെ വിധി
2. എന്തിനു നമസ്കരിക്കണം
3. നേട്ടങ്ങൾ കൈവരിക്കാൻ
4. ഭക്തൻെറ നമസ്കാരം
5. ഭക്തിയുണ്ടാകാൻ
6. സംഘടിത നമസ്കാരം
7. ഉപേക്ഷിക്കുന്നവർക്ക് താക്കീത്
8. നേട്ടങ്ങൾ
9. മര്യാദകൾ

## അദ്ധ്യായം II തയ്യാറെടുപ്പ്

1. നജസും ശുദ്ധീകരണവും
2. ഋതുരക്തം
3. പ്രസവരക്തം
4. രക്തസ്രാവം
5. വലിയ അശുദ്ധി-കുളി
6. അംഗശുദ്ധി-വുളു
7. വുളു മുറിയുന്ന കാര്യങ്ങൾ
8. തയമ്മും
9. ഖുഫ്ഫ തടവൽ

10. നഗ്നത മറക്കൽ
11. നമസ്കാര സമയങ്ങൾ
12. ഖിബ്ലക്ക് നേരെ
13. ബാങ്കും ഇഖാമത്തും.

## അദ്ധ്യായം III എങ്ങിനെ നമസ്കരിക്കണം

1. നമസ്കാരക്രമം
2. റുകൂഅ്
3. ഇഅ്തിദാൽ
4. സുജൂദുകളും ഇരുത്താവും
5. തശഹ്ഹുദ്
6. സലാം
7. ദുർബലപ്പെടുത്തുന്നു.
8. മറവിക്കുപകരം സുജൂദ്
9. ഓതിയതിന്നു സുജൂദ്
10. ഖുനൂത്ത്
11. കൂട്ടുപ്രാർത്ഥന
12. അദാഉം ഖസാഉം

## അദ്ധ്യായം IV വിവിധ നമസ്കാരങ്ങൾ

1. ജംഉം ഖസ്റും
2. ജുമുഅ നമസ്കാരം
3. ഈദു നമസ്കാരങ്ങൾ
4. ഗ്രഹണ നമസ്കാരങ്ങൾ
5. ഇസ്തിസ്ഖാഅ്
6. സുന്നത്തു നമസ്കാരങ്ങൾ
7. ഖിയാമുല്ലൈൽ–വിത്ർ
8. ഇസ്തിഖാറ

9. മയ്യിത്ത് നമസ്കാരം
10. അദൃശ്യ മയ്യിത്തിന്ന് നമസ്കാരം
11. ഖബറിന്മേൽ നമസ്കാരം
12. അനുബന്ധം — പ്രാർത്ഥനകൾ

ഗ്രന്ഥകർത്താവ്
**കോയക്കുട്ടി ഫാറൂഖി**

പ്രസാധകർ
ദ കോഓപറേറ്റീവ് ഓഫീസ് ഫോർ കാൾ ആൻറ് ഗൈഡൻസ്
ബദീഅ, കമ്മ്യൂണിറ്റീസ് സെക്ഷൻ, ദാറുൽ ഇഫ്താ.
പോസ്റ്റ്: 24932. റിയാദ് 11456. സ. അറേബ്യ.
TELE. 433 0888, 433 0470 . FAX : 430 1122.

# പ്രസ്താവന

''നിങ്ങൾ നമസ്കാരം നിലനിർത്തുക. നിശ്ചയം, നമസ്കാരം നീചവൃത്തിയിൽനിന്നും നിഷിദ്ധങ്ങളിൽനിന്നും തടയുന്നു.'' (വി. ഖു. 29:45). അല്ലാഹു മനുഷ്യവംശത്തെ അറിയിച്ചതാണിക്കാര്യം. സത്യവിശ്വാസമുൾക്കൊണ്ട ഒരാളുടെ ആദ്യകർമ്മമാണ് നമസ്കാരം. നമസ്കരിക്കാത്തവനെ മുസ്ലിമെന്നു പറയാവതല്ല.

കർശനമായ കൽപനകളുണ്ട് നമസ്കാരം നിർവ്വഹിക്കണമെന്നതിന്ന്. പക്ഷെ മുസ്ലിം നാമധാരികളിൽ പലരും ഇതുപേക്ഷിക്കുന്നുണ്ട്. പല കാരണങ്ങളുണ്ടിതിന്ന്. നമസ്കാരം എന്തിനെന്നോ അതുകൊണ്ടുള്ള നേട്ടങ്ങളെന്തെന്നോ ചിന്തിക്കാനൊരുങ്ങാത്തതിനാൽ, ചെറുപ്പകാലം തൊട്ടു പരിശീലനം ലഭിക്കാത്തതിനാൽ, പ്രതികൂല സാഹചര്യങ്ങളിൽ ചെന്നുപെടുന്നതിനാൽ, അലസതയാൽ, അജ്ഞതയാൽ, അന്ധമായ ഭൗതീകതയാൽ........അത് ഉപേക്ഷിക്കപ്പെടുന്നു.

''ആ പ്രവാചകൻമാർക്ക്ശേഷം ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും സ്വാർത്ഥരാകുകയും ചെയ്തു. തീർച്ചയായും അവർ ദുർമാർഗ്ഗ ഫലം (നരകം) കണ്ടെത്തുകതന്നെ ചെയ്യും.'' (വി.ഖു: 19:59) എന്ന് മുൻസമുദായങ്ങളെക്കുറിച്ച് ഖുർആൻ പ്രസ്താവിച്ചത് ഇന്നത്തെ മുസ്ലിംകളിൽ അന്വർത്ഥമായിരിക്കുന്നുവോ?! നാം ബോധവാൻമാരാകേണ്ടതുണ്ട്. എന്നാൽ, ''പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമ്മ നിരതനാകുകയും ചെയ്തവരൊഴികെ. അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും. അവർ അക്രമിക്കപ്പെടുകയില്ല.'' (വി.ഖു. 19:60) എന്ന ദൈവ വചനം നമുക്കാശ്വാസമേകുന്നുണ്ട്.

ദിനേന അഞ്ചു നേരം നമസ്കരിക്കുക ഒരു സത്യവിശ്വാസിക്ക് ഭാരമേ അല്ല. മനഃശാന്തിയും സമാധാനവും കൈവരുത്താൻ, ജീവിത ക്ലേശങ്ങളുടെ ഭാരമിറക്കിവെക്കാൻ ഏററവും കരുണയുള്ള നമ്മുടെ സ്രഷ്ടാവുമായുള്ള സംഭാഷണം ഉതകുമല്ലോ.

നമസ്കാരാവസരം ഒരു സത്യവിശ്വാസിയുടെ അത്യാനന്ദകരമായ മുഹൂർത്തമാണ്. അത് യഥാവിധി ഉപയോഗിക്കുന്നവർ വിജയിക്കും. അല്ലാഹു അനുഗ്രഹിക്കട്ടെ.

പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് ഈ വിഷയത്തിൽ 'സമ്പൂർണ്ണ'നമസ്കാരക്രമം എന്ന ഒരു കൊച്ചുകൃതി ഈയുള്ളവൻ രചിക്കുകയുണ്ടായി. വിദ്യാർത്ഥി ജീവിതത്തിൽനിന്ന് അദ്ധ്യാപക വൃത്തിയിൽ പ്രവേശിച്ചയുടനെയായിരുന്നു അത്. വളരെ ധൃതിപിടിച്ചാണത് തയ്യാറാക്കിയത്. മലയാളികൾക്കിടയിൽ വിപുലമായ പ്രചരണമതിന്നു ലഭിച്ചു. യാഥാസ്തികരിൽ നിന്ന് രൂക്ഷവിമർശനങ്ങളുമുയർന്നു.നിരവധി തവണ പ്രസിദ്ധീകരണക്കാർ പ്രിൻറ് ചെയ്യുകയും ചെയ്തിരുന്നു.

മേൽകൃതിയിൽ പുതുതായി ചിലതുകൂടി ഉൾപ്പെടുത്തിയും ആവശ്യമായ പരിഷ്കരണം വരുത്തിയും പുന:പ്രസിദ്ധീകരിപ്പിക്കാനാഗ്രഹിച്ചിരിക്കുമ്പോഴാണ് 'ഇഫ്താ'യുടെ റിയാദിലെ ബദീഅ യൂണിററ്, നമസ്കാര വിഷയത്തിൽ സൗജന്യവിതരണത്തിന്നായി ഒരു സ്വതന്ത്രകൃതി തയ്യാറാക്കണമെന്ന് എന്നോട് ആവശ്യപ്പെട്ടത്. അങ്ങിനെയാണ് ഈ പുസ്തകം തയ്യാർ ചെയ്തത്.

പുതു മുസ്ലിംകളേയും അറബി ഭാഷാപരിജ്ഞാനമില്ലാത്തവരേയും പരിഗണിച്ച് മുഴുവൻ പ്രാർത്ഥനകളുടേയും സാരത്തിന്നുപുറമേ അവയുടെ ഉച്ചാരണംകൂടി മലയാള ലിപിയിൽ ഇതിൽ ചേർത്തിരിക്കുന്നു. നാലു അദ്ധ്യായങ്ങളായിപുസ്തകം ഭാഗിച്ചിരിക്കുന്നു. ആദ്യകൃതിയിൽ ഹദീസുകളുമായി പൂർണ്ണമായി യോജിക്കാത്ത, ശാഫിഈ ഫിഖ്ഹിൻെറ സ്വാധീനം നിഴ

ലിച്ചിട്ടുണ്ടെന്ന ഗുണകാംക്ഷികളുടെ അഭിപ്രായം ചില വിഷയങ്ങളിൽ സൂക്ഷ്മപഠനം അനിവാര്യമാക്കി. ഏററവും കുററമററ ഹദീസുകളുടെ വെളിച്ചത്തിൽതന്നെയാകണം ഈ കൃതി എന്നു നിർബന്ധം പുലർത്തി. അല്ലാഹുവിൻെറ അനുഗ്രഹത്താൽ സാധ്യമാകുന്നവിധം അക്കാര്യം നിർവ്വഹിച്ചു എന്നു സമാധാനിക്കുന്നു.

ഇതും കുററമററതാണെന്ന് അവകാശപ്പെടുന്നില്ല. തെററുകാഠ മനുഷ്യസഹജമാണല്ലോ. പ്രവാചകൻ (സ.അ) മാത്രമേ തെററിൽനിന്നുമുക്തനായവനായുള്ളൂ. സഹോദരബുദ്ധ്യാ സദ്വിചാരത്തോടെ അപാകതകഠ ചൂണ്ടിക്കാണിക്കലാണ് മാന്യത. സ്റേറജുകളിൽ കയറി പുസ്തകം പൊക്കിപ്പിടിച്ചുള്ള നാൽക്കവല വിമർശനം വ്യക്തി തേജോവധവും അൽപത്തവും അനിസ്ലാമികവുമാണ്. അപാകതകഠ ചൂണ്ടിക്കാണിക്കുന്ന അനുവാചകരോടു കടപ്പെട്ടവനായിരിക്കും ഈ എളിയവൻ. സാധാരണക്കാർക്കുഗ്രഹിക്കാവുന്നവിധം ലളിതമാക്കാനുള്ള ശ്രമത്തിൻെറ ജയാപജയങ്ങഠ വായനക്കാർ വിലയിരുത്തുക.

ഈ ശ്രമം സ്വീകാര്യയോഗ്യമായ ഒരു കർമ്മമായി അല്ലാഹു അംഗീകരിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ കൃതി പൊതുജനസമക്ഷം സമർപ്പിക്കുന്നു:

കോയക്കുട്ടിഫാറൂഖി
ഇഫ്താ, ഫോറിൻ കമ്യൂണിററിസ് സെക്ഷൻ
റിയാദ്. സ.അറേബ്യ

റിയാദ്
1.3.1993

## അദ്ധ്യായം ഒന്ന്

# നാം എന്തിന് നമസ്കരിക്കണം

## الباب الأول

### لماذا نصلي

# ഇസ്‌ലാമിലെ വിധി

സത്യവിശ്വാസമുറംകൊണ്ട ഒരാളുടെ ആദ്യത്തെ കർമ്മമാണ് നമസ്കാരം. നമസ്കരിക്കാത്തവൻ യഥാർത്ഥ മുസ്‌ലിമല്ല. മനഃപൂർവം നമസ്കാരമുപേക്ഷി ക്കുന്ന മുസ്‌ലിമിനെ ഭരണകൂടത്തിനു ശിക്ഷിക്കാൻ ഇസ്‌ലാം അവകാശം നൽകിയിട്ടുണ്ട്. ഇതുതന്നെ നമ സ്കാരത്തിന്റെ അതിപ്രാധാന്യതക്കുള്ള തെളിവാണല്ലോ.

ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മററാരുമി ല്ലെന്നും മുഹമ്മദ് (സ.അ.) അല്ലാഹുവിന്റെ ദൂതനാ ണെന്നുമുള്ള സത്യസാക്ഷ്യം പ്രഖ്യാപിക്കുകയും നമ സ്കാരം നിലനിർത്തുകയും ചെയ്താൽ അവരുടെ രക്തവും ധനവും സംരക്ഷിക്കാൻ ഇസ്‌ലാമിക ഭരണകൂടം നിർബന്ധിതമാണ്. [1]

ഒരു മുസ്‌ലിമും അല്ലാത്തവനും തമ്മിലുള്ള മുഖ്യ അന്തരം നമസ്കാരംതന്നെയാണ്. അതുപേക്ഷിക്കു ന്നവൻ അവിശ്വാസിയാണ്. [2]

നമസ്കാരം മതത്തിന്റെ നെടുംതൂണാണ്. [3]

ഒരു ദാസൻ അവന്റെ കർമ്മങ്ങളിൽ പരലോകത്ത് ആദ്യമായി വിചാരണ നേരിടുന്നത് നമസ്കാരത്തെ കുറിച്ചാണ്. അത് സ്വീകാര്യമെങ്കിൽ മററുകർമ്മ

---

1. ബുഖാരി.മുസ്‌ലിം. 2. തിർമുദി.അഹ്മദ്.നസാഈ ഹാകീം 3. ജാമിഉസ്സഗീർ. മുവത്വ. ബൈഹഖി. 4. അഹ്മദ്. ത്വബ് റാനി. ഇബ്നുഹിബ്ബാൻ.

ങ്ങളും സ്വീകാര്യം. അല്ലെങ്കിൽ എല്ലാം അവനിലേക്ക് തന്നെ തിരിച്ചേറിയപ്പെടും. 4

നമസ്കാരം ഇസ്ലാമിന്റെ ഒന്നാമത്തെ പ്രകടമായ ചിഹ്നമാണ്. അവസാനത്തേതും അതുതന്നെയായിരിക്കും. 5 നമസ്കാരം അപ്രത്യക്ഷമായ സമൂഹം നാശത്തിലെത്തിക്കഴിഞ്ഞെന്നുസാരം.

ഒരു മുസ്ലിമിന്റെ രക്തം ചിന്താൻ അനുവദനീയ സന്ദർഭങ്ങൾ മൂന്നെണ്ണമാണ്. കൊലക്കുററം, വിവാഹിതന്റെ വ്യഭിചാരം, സമൂഹത്തിൽനിന്ന് ഒററപ്പെടുന്ന മതചിഹ്നം ഉപേക്ഷിക്കൽ. 6 ഈ പ്രമാണമനുസരിച്ച് മതചിഹ്നമായ നമസ്കാരം പതിവായി ഉപേക്ഷിച്ചാൽ അവർക്ക് പരമാവധി ശിക്ഷയായ 'കൊല' ഭരണകൂടത്തിന്നു വിധിക്കാവുന്നതാണെന്നാണ് പണ്ഡിതമതം. 7

നബി (സ.അ) യുടെ ശിഷ്യൻമാരിൽ പ്രമുഖൻമാർ മുഴുവനും 'നമസ്കാരം കരുതിക്കൂട്ടി ഉപേക്ഷിച്ചവൻ കാഫിർ (അവിശ്വാസി)ആണ്' എന്നതിൽ ഏകാഭിപ്രായക്കാരാണ്. 8

---

5. അഹ്മദ്. 6. ബുഖാരി. മുസ്ലിം 7. കിതാബുസ്സ്വലാത്. ഇബ്നുൽഖയ്യിം P. 22, ഇമാം.ശാഫിഈ, അഹ്മദ് എന്നിവരുടെയും വിധി. 8. ഇബ്നുൽഖയ്യിം EBLE.

# എന്തിനു നമസ്കരിക്കണം

ഹൃദയങ്ങളിൽ ദൈവസ്മരണ നിലനിർത്തലും പാപങ്ങൾ പൊറുക്കപ്പെടലും നരകമോചനവും സ്വർഗ്ഗപ്രവേശനവുമാണ് നമസ്കാരത്തിൻെറ പരമപ്രധാന ലക്ഷ്യങ്ങൾ. ദൈവവുമായുള്ള സുശക്തബന്ധം സ്ഥാപിക്കലാണ് നമസ്കാരത്തിലൂടെ മനുഷ്യൻ നേടിയെടുക്കുന്നത്. സ്രഷ്ടാവുമായുള്ള സൃഷ്ടിയുടെ ബന്ധം അവനെ അജയ്യനാക്കുന്നു. ഉന്നതൻമാരുമായുള്ള ഒരു സാധാരണക്കാരൻെറ ബന്ധം അയാളെ ശക്തനും പ്രമുഖനുമാക്കുമല്ലോ. സ്രഷ്ടാവും പരിപാലകനും സർവ്വത്തിൻേറയും ഉടമസ്ഥനുമായ, പ്രപഞ്ചത്തിൻെറതന്നെ നാഥനുമായ അല്ലാഹുവുമായുള്ള ഒരു വിനീത അടിമയുടെ ബന്ധം അയാൾക്ക് നല്കുന്ന ആശ്വാസവും അംഗീകാരവും ശക്തിയും സംരക്ഷണബോധവും അവർണ്ണനീയവും വാക്കുകൾക്കതീതവുമാണ്. തൻെറ ഭാരങ്ങളിറക്കിവെക്കാൻ ഒരു അത്താണിയായി തൻെറ ഹൃദയവ്യഥകൾ സദാ അറിഞ്ഞുകൊണ്ടിരിക്കുന്ന ഒരുവനെത്തന്നെ കിട്ടുമ്പോൾ മനുഷ്യൻ ഉയർന്ന പദവിയിലെത്തുന്നു. തൻെറ ജീവിതത്തിന്നു മുഴുവൻ വെളിച്ചം വീശാൻ ആ ശക്തിക്ക് കഴിയുമെങ്കിൽ, അത്തരമൊരു കൂട്ടാളിയായ രക്ഷകനെ സ്വീകരിച്ച ഈ ദുർബലനു എന്തുമാത്രം ശക്തി സംഭരിക്കാൻ കഴിയും!

ആത്മീയ ധന്യതയാണ് മനുഷ്യനെ ജീവിക്കാനർഹനാക്കിത്തീർക്കുന്നത്. മനസ്സിൻെറ താളം തെററു

ന്നവർ ആത്മമഹത്യക്കുപോലും ഒരുമ്പെടുന്നതു നാം കാണുന്നു. മനുഷ്യൻ ആത്യന്തികമായി ആഗ്രഹിക്കുന്നതാണ്, താൻ കരുണ ലഭിച്ച അനുഗ്രഹീതനായി ജീവിക്കണമെന്നത്, നിങ്ങൾ മൂന്നു കാര്യങ്ങൾ നിർവഹിച്ചാൽ കരുണ ലഭിച്ച അനുഗ്രഹീതരാകുമെന്നു അല്ലാഹു നമ്മെ അറിയിച്ചിരിക്കുന്നു. ''നിങ്ങൾ നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുക. സകാത്ത് നൽകുക. പ്രവാചകനെ അനുസരിക്കുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കും.'' (വി.ഖു. 24:56)

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَأَطِيعُوا۟ ٱلرَّسُولَ لَعَلَّكُمْ تُرْحَمُونَ ﴿٥٦﴾

ദൈവസ്മരണ ആത്മാവിനെ സംസ്കൃതവും സംപുഷ്ടവുമാക്കുന്നു. ധ്യാനം ആത്മധന്യതയാണെന്നു സമർത്ഥിക്കാത്ത ഒരു മഹാപുണ്യവാളനും കഴിഞ്ഞുപോയിട്ടില്ല. ഖുർആൻ പ്രഖ്യാപിക്കുന്നു. ''വിശ്വസിക്കുകയും ദൈവസ്മരണയാൽ മനസ്സുകൾ ശാന്തതയടയുകയും ചെയ്തവർ. ശ്രദ്ധിക്കുക: ദൈവസ്മരണകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്.'' (വി.ഖു: 13:28)

ٱلَّذِينَ ءَامَنُوا۟ وَتَطْمَئِنُّ قُلُوبُهُم بِذِكْرِ ٱللَّهِ ۗ أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ ﴿٢٨﴾

സാമൂഹ്യബന്ധം മനുഷ്യസമൂഹത്തിന്റെ നിലനില്പിനുതന്നെ പ്രധാന ഘടകമായിവർത്തിക്കുന്നു. ഒരു സമൂഹത്തിന്റെ ഭദ്രത കണക്കിലെടുക്കുമ്പോൾ പ്രത്യേകിച്ചും. നമസ്കാരം വിശ്വാസികളുടെ സമൂഹത്തെ ഒരേ ചരടിൽ കോർത്തിണക്കുന്നു. സാഹോദര്യം ഊട്ടിയുറപ്പിക്കുന്നു. ''(ബഹുദൈവവിശ്വാസികൾ) പശ്ചാത്തപിക്കുകയും നമസ്കാരം മുറപ്രകാരമനുഷ്ഠിക്കുക

യും സകാത്തു നൽകുകയും ചെയ്യുമ്പോൾ അവർ മതത്തിലെ നിങ്ങളുടെ സഹോദരങ്ങളായിത്തീരും.''

(വി.ഖു: 9:11.)

فَإِن تَابُوا۟ وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ فَإِخْوَٰنُكُمْ فِى ٱلدِّينِ

സത്യസന്ധത, ഒരു സമൂഹം നല്ലവരാണെന്നതിൻെറ നിദർശന സാക്ഷിപത്രമാണ്. നമസ്കാരവും സത്യസന്ധതയും, അസത്യവും ധിക്കാരവും സമന്വയിപ്പിച്ചു താരതമ്യപ്പെടുത്തിയ വിശുദ്ധ ഖുർആനിൻെറ പരാമർശം വളരെ ശ്രദ്ധേയമാണ്. ''എന്നാലവർ (സത്യത്തിൽ) വിശ്വസിച്ചില്ല. നമസ്കരിച്ചതുമില്ല. അവൻ (സത്യം) നിഷേധിക്കുകയും (ധിക്കരിച്ചു) പിന്തിരിയുകയും ചെയ്തു.'' വി.ഖു: 75: 31,32)

فَلَا صَدَّقَ وَلَا صَلَّىٰ ﴿٣١﴾ وَلَٰكِن كَذَّبَ وَتَوَلَّىٰ ﴿٣٢﴾

അതായത്, നിഷേധി അവിശ്വാസിയാണ്. നമസ്കരിക്കാത്തവനും അവിശ്വാസിയാണ്. ദൈവഗ്രന്ഥത്തിൽ വിശ്വസിച്ചില്ല. നമസ്കരിച്ചതുമില്ല. അപ്പോൾ അവൻ ധിക്കാരിയായിത്തീർന്നു എന്നുസാരം.

ദൈവ കൽപനക്കുള്ള പൂർണ്ണ അർപ്പണമാണ് നമസ്കാരത്തിലൂടെ ഒരടിമ പ്രദർശിപ്പിക്കുന്നത്. ദൈവസ്മരണയാൽ മനുഷ്യഹൃദയം വിനയാന്വിതമാകുമ്പോൾ അവൻ തൻെറ സ്രഷ്ടാവിൻെറ മുമ്പിൽ നമ്രശിരസ്കനായി വീഴും. തൻെറ ഹൃദയം ദൃഢവിശ്വാസത്താൽ പൂരിതവുമായിരിക്കും. ''നമ്മുടെ ദൃഷ്ടാന്തങ്ങൾ ഉൽബോധനം ചെയ്യപ്പെട്ടാൽ സാഷ്ടാംഗം പ്രണമിക്കുന്നവരായി വീഴുന്നവർ മാത്രമാണ് വിശ്വ

സിക്കുക. അവർ തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് പ്രകീർത്തിക്കുകയും ചെയ്യും. അവർ അഹംഭാവം നടിക്കുകയുമില്ല. (വി.ഖു: 32:15)

إِنَّمَا يُؤْمِنُ بِـَٔايَٰتِنَا ٱلَّذِينَ إِذَا ذُكِّرُوا۟ بِهَا خَرُّوا۟ سُجَّدًا وَسَبَّحُوا۟ بِحَمْدِ رَبِّهِمْ وَهُمْ لَا يَسْتَكْبِرُونَ ۩ ﴿١٥﴾

അവിശ്വാസവും സൻമാർഗ വ്യതിചലനവും സംഭവിക്കാതിരിക്കുന്നതിനുള്ള ശക്തനായ പാറാവുകാരനാണ് നമസ്കാരം. സമയബന്ധിത ദൈവസ്മരണയിൽ വിശ്വാസം പുതുങ്ങിക്കൊണ്ടിരിക്കും.. ഭൗതികത മനുഷ്യനെ ധർമ്മനിഷ്ഠയിൽനിന്ന് അകററിക്കൊണ്ടുപോകുന്നു. അതിന്നിടയിൽ ആവർത്തിച്ചാസന്നമാകുന്ന നമസ്കാരം വ്യതിചലനത്തിൽനിന്നവനെ കാത്തുരക്ഷിക്കുന്നു. ഈ സത്യം അംഗീകരിക്കാത്തവനെ അല്ലാഹു ശിക്ഷകൊണ്ട് ശക്തമായി താക്കീതും ചെയ്യുന്നു. "നിങ്ങൾ (ഇവിടെ) അൽപംമാത്രം തിന്നുകയും സുഖിക്കുകയും ചെയ്തുകൊള്ളുക. നിങ്ങൾ കുററവാളികൾതന്നെ തീർച്ച. അന്നേ ദിവസം (പരലോകത്ത്) നിഷേധിച്ചുതള്ളിയവർക്കാണ് നാശം. അവരോടു കുമ്പിടൂ (നമസ്കരിക്കൂ) എന്നു പറയപ്പെട്ടാൽ അവർ കുമ്പിടുകയില്ല." വി. ഖു: 77:46_48)

كُلُوا۟ وَتَمَتَّعُوا۟ قَلِيلًا إِنَّكُم مُّجْرِمُونَ ﴿٤٦﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٧﴾ وَإِذَا قِيلَ لَهُمُ ٱرْكَعُوا۟ لَا يَرْكَعُونَ ﴿٤٨﴾

ദൈവവുമായി ഒരടിമ ഏർപ്പെടുന്ന സുശക്തമായ ഒരു കരാറാണ് നമസ്കാരം. ആ കരാറിൻെറ പുതുക്കലാണ് അതിൻെറ ആവർത്തനം. മുഹമ്മദ്നബി (സ.അ) പറയുന്നു. "അഞ്ചുപ്രാവശ്യത്തെ നമസ്കാരം അടിമകളുടെ മേൽ സ്രഷ്ടാവ് നിർബന്ധമാക്കിയിരിക്കുന്നു. അവ നിർവ്വഹിക്കുന്നവനുമായി അല്ലാഹു

കരാറിലേർപ്പെടുന്നു. അവന്നു സ്വർഗ്ഗം നൽകാമെന്നതാണാകരാർ. അത് നിർവ്വഹിക്കാത്തവൻ കരാറിൽ നിന്നു പുറത്താണ്. അല്ലാഹു ഉദ്ദേശിച്ചാലവന്നു പൊറുത്തുകൊടുത്തേക്കാം. അല്ലെങ്കിൽ ശിക്ഷിക്കും.'' (അഹ്മദ്–മുസ്നദ്)

മനുഷ്യപ്രകൃതിയും ചുററുപാടുകളും തിൻമകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണല്ലോ. തിൻമകൾ മനുഷ്യനെ തരംതാഴ്ത്തുകയും അവൻെറ മഹത്വത്തിന്നു കളങ്കം ചാർത്തുകയും ചെയ്യുന്നു. തൽഫലമായി കുററബോധം അവനെ നിർവ്വീര്യനാക്കും. ഈ തിൻമകളിൽനിന്ന് മുക്തി നേടി പരിശുദ്ധനാകാൻ മനുഷ്യമനസുകൾ വെമ്പൽ കൊള്ളുക സ്വാഭാവികമാണല്ലോ. പാപങ്ങൾ ഏററു ചൊല്ലിയാൽ പൊറുത്തുതരാൻ തയ്യാറാണെന്ന വാഗ്ദാനവുമായി അവൻെറ സർവസ്വവുമറിയുന്ന രക്ഷിതാവ് സദാസന്നദ്ധനായി നിൽക്കുന്നു. അതോടൊപ്പം ആ നാഥനുമായി ഒരഭിമുഖ സംഭാഷണത്തിലൂടെ തെററു കുററങ്ങൾ എണ്ണിപ്പറയാൻ അഞ്ചുപ്രാവശ്യത്തെ അവസരവും. മഹാനായ പ്രവാചകശിഷ്യൻ അബൂഹുറൈറ (റ.അ)നിവേദനം ചെയ്യുന്നു: ''നബി (സ.അ) പറഞ്ഞു: നിങ്ങളിലൊരുവൻെറ ഭവന വാതിലിന്നരികിലൂടെ ഒരു പുഴയൊഴുകുന്നു. അഞ്ചു നേരമതിൽ അവൻ (നന്നായി) കുളിക്കുന്നു. അഴുക്കുകൾ വല്ലതും അവൻെറ ശരീരത്തിൽ അവശേഷിക്കുമോ? ശിഷ്യൻമാർ മറുപടി പറഞ്ഞു: ഇല്ല, ഒരിക്കലുമില്ല. അപ്പോൾ അവിടുന്നരുളി: അപ്രകാരംതന്നെയാണ് അഞ്ചുനേരത്തെ നമസ്കാരവും. അവയാൽ അല്ലാഹു അവൻെറ പാപങ്ങളഖിലവും നീക്കി അവനെ ശുദ്ധീകരിക്കും.'' (ബുഖാരി. മുസ്ലിം)

ചുരുക്കത്തിൽ നമസ്കാരം സർവ്വത്രനന്മകളുടേയും ഉറവിടമാണ്. അതുപേക്ഷിക്കൽ കനത്ത നഷ്ടത്തിന്നിടയാക്കും. നബി (സ.അ.) പറഞ്ഞു: ''ആർ നമസ്കാരം സൂക്ഷ്മതയോടെ കൃത്യമായി അനുഷ്ഠിച്ചുവോ അത് അവന്നു പ്രകാശവും വ്യക്തമായ (ആത്മാവിന്റെ) പ്രമാണവും അന്ത്യനാളിൽ മോക്ഷത്തിന്നു നിദാനവുമായിരിക്കും. ആർ അത് ഉപേക്ഷിച്ചുവോ അവന്നു വെളിച്ചമില്ല. പ്രമാണമില്ല. മോചനവുമില്ല. അന്ത്യദിനത്തിൽ അവൻ (ദൈവധിക്കാരികളും സ്വേച്ഛാധിപതികളുമായിരുന്ന) ഫറോവ, ഖാറൂൻ, ഹാമാൻ [1] ഉബയ്യുബ്നുഖൽഫ് [2] എന്നിവരുടെകൂടെ (നരകത്തിൽ) ആയിരിക്കുകയും ചെയ്യും. [3]

നമസ്കാരം ശ്രദ്ധിക്കാത്ത ജനതക്കുവരുന്ന ഭവിഷ്യത്ത് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്. ''എന്നിട്ട് അവർ (പ്രവാചകൻമാർ)ക്ക് ശേഷം (അവരുടെ) പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും ദേഹേച്ഛകളെ പിന്തുടരുകയും ചെയ്തു. തൻമൂലം ദുർമാർഗത്തിന്റെ ഫലം (നരകം) അവർ കണ്ടെത്തുന്നതുമാണ്.'' (വി ഖു. 19:59)

فَخَلَفَ مِنۢ بَعۡدِهِمۡ خَلۡفٌ أَضَاعُواْ ٱلصَّلَوٰةَ وَٱتَّبَعُواْ ٱلشَّهَوَٰتِۖ فَسَوۡفَ يَلۡقَوۡنَ غَيًّا ﴿٥٩﴾

---

1. പ്രവാചകനായ മൂസ (അ) യുടെ കഠിനശത്രുക്കളായിരുന്നു ഈ മൂവർസംഘം. ഇവർ നരകാവകാശികളാണെന്നു ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.
2. മുഹമ്മദ് (സ.അ) യുടെ കടുത്ത എതിരാളിയായിരുന്നു ഇയാൾ.
3. അഹ്മദ്. ഇബ്നുഹിബ്ബാൻ. ത്വബ്റാനി.

# നേട്ടങ്ങൾ കൈവരിക്കാൻ

തങ്ങളുടെ സർവ്വസ്വവും നേടിയെടുക്കാൻ പ്രവാച കന്മാർ ഉപയോഗിച്ചത് നമസ്കാരത്തെയായിരുന്നു. ഗ്രഹണങ്ങൾ ബാധിച്ച് ജനം അന്ധാളിക്കുമ്പോഴും[1], വരൾച്ച ബാധിച്ച് ജീവികൾ ചത്തൊടുങ്ങുമ്പോഴും[2] ജീവിതം വഴിമുട്ടി നിൽക്കുമ്പോഴും[3], സന്തോഷത്താൽ മതിമറനാകുമ്പോഴും[4], ദൈവാനുഗ്രഹത്തെ കൂടുതൽ വാഴ്ത്തി അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതിനുമിടയിലുമെല്ലാം പ്രവാചകൻ നമസ്കാരത്തിൽ പ്രവേശിക്കുമായിരുന്നു. അത്തരം ഘട്ടങ്ങളിലൊക്കെയും ദൈവ കാരുണ്യത്തിനായി കെഞ്ചിക്കൊണ്ട് കാരുണ്യവാന്റെ മുമ്പിൽ വീണു കിടക്കുക എന്നത് മതം നിർദ്ദേശിച്ച വിധികളിൽപെട്ടതുമാണ്.

ചരാചരങ്ങൾ നിദ്ര കൊള്ളുമ്പോൾ നിദ്രാവിഹീനനായി അല്ലാഹുവിന്റെ മുമ്പിൽ ദീർഘനേരം സുജൂദ് ചെയ്യുന്നവർക്ക് മണിമാളികകൾ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതായി ഖുർആൻ പ്രഖ്യാപിക്കുന്നു. കാരുണ്യവാന്റെ യഥാർത്ഥ ദാസരെന്നാണവർക്ക് ഖുർആൻ നാമകരണം ചെയ്തിരിക്കുന്നത്. പലരും വിലപിക്കാറുണ്ട്. 'എത്ര പ്രാർത്ഥിച്ചിട്ടും ഫലമില്ലാ' എന്ന്! ആത്മാവ് നഷ്ടപ്പെട്ട, പദങ്ങൾ മാത്രം ക്രോഡീകരിച്ച, കപട ഭക്തിയിൽ പൊതിഞ്ഞ, ഉരുവിടൽചടങ്ങാക്കി മാററിയ ആരാധനകൾ ആയിരം വർഷം ചെയ്താലും ഫലമുണ്ടാകുമോ? ഓരോരുത്തരും സ്വന്തം ആത്മാക്കളോട് ചോദിക്കേണ്ട ഒരു ചോദ്യമാണിത്.

രംഗം ബദർ രണാങ്കണം. സർവായുധരും, മല്ലൻമാരും, ശക്തന്മാരുമായ ആയിരത്തോളം വരുന്ന ഒരു വൻ സൈന്യം ഒരു വശത്ത്. മറുപക്ഷത്താകട്ടെ ഒരു ചെറിയ

---

1 ഗ്രഹണ നമസ്കാരങ്ങൾ. 2 മഴയെ തേടുന്ന നമസ്കാരം.
3 ഒരു കാര്യം തിരഞ്ഞെടുക്കുന്നതിന് മുമ്പുള്ള നമസ്കാരം.
4 നന്ദി ചെയ്തുകൊണ്ടുള്ള നമസ്കാരം. 5 രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ.

സംഘം. മുന്നൂറിൽ പരം മാത്രം. നിരായുധർ; അഹങ്കാര മില്ലാത്ത വിനയാന്വിതർ; നിഷ്കളങ്കരായ ദരിദ്രർ; രണ്ട വിഭാഗവും യുദ്ധത്തിനുള്ള കോപ്പുകൾ സമാഹരി ക്കുന്നു. അങ്ങ്- അൽപം അകലെയതാ നബി(സ)സുജൂ ദിൽ വീണുകിടക്കുന്നു. രണ്ട സഹാബികൾ മെല്ലെ അ ടിവെച്ചടിവെച്ച് അടുത്തുചെന്ന് കാത് കൂർപ്പിച്ചുനിന്നു. ആ മഹാനായ റസൂൽ(സ) തൻെറ റബ്ബിനോട് പറയുന്നു.

اَللّٰهُمَّ إِنْ تَهْلِكْ هٰذِهِ الْعِصَابَةَ لَنْ تُعْبَدَ فِي الْأَرْضِ أَبَدًا.

'എൻെറ നാഥാ! (ദുർബ്ബലരായ) ഈ ചെറുസംഘ ത്തെയെങ്ങാനും നീ നശിപ്പിക്കുകയാണെങ്കിൽ നീ ഒരി ക്കലും ഭൂമിയിൽ ആരാധിക്കപ്പെടുകയില്ല.' അതെല്ലാം കഴിഞ്ഞ് തല ഉയർത്തി നോക്കുമ്പോൾ അല്ലാഹുവിൻെറ സഹായ വാഗ്ദാനവുമായി ജിബ്‌രീൽ(അ) ആഗതനാ യി. 'ആയിരക്കണക്കിന് മലക്കുകളെ കൂട്ടമായി ഇറ ക്കിയാൽ നിങ്ങൾക്ക് മതിവരുമോ?' എന്ന ചോദിക്കുന്ന ഖുർആൻ വചനവുമായി - അതെ- ആയിരക്കണക്കിൽ വരുന്ന മലക്കുകൾ മുസ്‌ലിംകളുടെ പാദങ്ങളുറപ്പിക്കാനാ യി ഇറങ്ങി വന്നു. നിമിഷങ്ങൾ മാത്രം, ശത്രുസൈന്യം നിഷ്പ്രഭമായി ചിന്നിച്ചിതറി. നോക്കൂ! അല്ലാഹുവി ൻെറ സഹായം, എത്ര പെട്ടെന്ന്! അല്ലാഹു പറയുന്നു.

وَادْعُوهُ خَوْفًا وَطَمَعًا إِنَّ رَحْمَتَ اللّٰهِ قَرِيبٌ مِّنَ الْمُحْسِنِينَ

'അതിനാൽ നിങ്ങളവനെ പ്രത്യാശയോടും, ഭീതി യോടും വിളിച്ച് പ്രാർത്ഥിക്കുക. അല്ലാഹുവിൻെറ കാ രുണ്യം സൽകർമ്മികൾക്ക് സമീപസ്ഥമാകുന്നു.' സുജൂദ് ചെയ്യൂ! സാമീപ്യം നേടൂ!

وَاسْجُدْ وَاقْتَرِبْ.

ഒരിക്കൽ ഒരാാം നബി (സ) യുടെ അടുത്ത് വന്ന് ചോദിച്ചു. പ്രവാചകരേ! എന്നെ സ്വർഗ്ഗത്തിലേക്കടുപ്പിക്കുകയും നരകത്തിൽ നിന്നകററുകയും ചെയ്യുന്ന ഒരു കർമ്മം പറഞ്ഞുതരിക. അപ്പോാം തിരുമേനി (സ) പറഞ്ഞു: നീ അല്ലാഹുവിനെമാത്രം ആരാധിക്കുക. അവനിലാരെയും പങ്കു ചേർക്കരുത്. നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും രക്തബന്ധം ചേർക്കുകയും ചെയ്യുക.' അനന്തരം അയാാം തിരിച്ചുപോയി. അപ്പോാം നബി (സ) അനുചരന്മാരോട് പറഞ്ഞു. അവനോട് കൽപ്പിക്കപ്പെട്ടത് അവൻ മുറുകെ പിടിക്കുന്നുവെങ്കിൽ നിശ്ചയം അവൻ സ്വർഗ്ഗാവകാശിയാവും.(മുസ്ലിം). ഈ ഹദീസിൽ നിന്ന് നമസ്കരിക്കുന്നവന് സ്വർഗ്ഗമുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം.

ഇതിൽനിന്നെല്ലാം നമസ്കാരം വെറും ഒരു കർത്തവ്യനിർവ്വഹണം മാത്രമല്ല, അതൊരു വിലമതിക്കാനാവാത്ത മഹത്തായ കർമ്മമാണെന്ന് ബോദ്ധ്യമാകുന്നു. നമസ്കാരം ഉപേക്ഷിച്ചതിൻെറ ഫലമായി നരകത്തിൽ പോകേണ്ടിവരുന്നതുപോലെ ഭക്തിയില്ലാത്ത നമസ്കാരവും നരകപ്രവേശനത്തിനിടയാക്കുന്നുവെന്ന് വ്യക്തമാകുന്നു.

പ്രവാചകന്മാർ എല്ലാവരും ഈ മഹത്തായ കർമ്മത്താലാണ് ലോകത്ത് വിജയം നേടിയിട്ടുള്ളതെന്ന് ഖുർആൻ സാക്ഷ്യം വഹിക്കുന്നുണ്ട്. കൊലക്കയറിന്ന് മുൻപിൽ നിൽക്കുമ്പോഴും. കൊടുംപിരി കൊള്ളുന്ന യുദ്ധം നയിക്കുമ്പോഴും, കാരാഗൃഹത്തിൻെറ നാലുഭിത്തിക്കുള്ളിൽ കിടന്ന് ഞെരിപിരി കൊള്ളുമ്പോഴും, ശത്രുമർദ്ദനം സ്വദേഹത്ത് ആഞ്ഞുപതിക്കുമ്പോഴുമെല്ലാം അവർ കൈവിടാതെ സൂക്ഷിച്ച ഒരമൂല്യസമ്പത്തായിരുന്നു നമസ്കാരം.

ജ്വാലയാൽ പറവകൾ പോലും കരിഞ്ഞു വീണുപോയ നംറൂദിന്റെ അഗ്നികുണ്ഡത്തിൽ നിന്ന് ഇബ്രാഹീംനബി (അ) രക്ഷപ്പെട്ടതും, രക്ഷയില്ലാത്ത അവസരത്തിൽ മൂസാ നബി(അ)ക്ക് സമുദ്രം വഴി മാറികൊടുത്തതുമെല്ലാം അല്ലാഹുവുമായുള്ള അവരുടെ നിത്യസമ്പർക്കമായ നമസ്ക്കാരം മുഖേനയായിരുന്നു.

ഒരവസരത്തിലും ഉപേക്ഷിക്കാൻ ഇസ്‌ലാം അനുവദിക്കാത്ത നിർബ്ബന്ധ കർമ്മമാണിത്. സമുദ്രാന്തർ ഭാഗത്തായാലും വിഹായസ്സിൽ സഞ്ചരിക്കുമ്പോഴായാലും, രോഗമായിക്കിടന്നാലും ആത്മാവ് ശരീരത്തിലുണ്ടെങ്കിൽ അതെ, അവന് ബോധമുണ്ടെങ്കിൽ (ആർത്തവക്കാരിയും പ്രസവ രക്തമുള്ളവളും ശുദ്ധിയാകുവോളമൊഴിച്ച്) അത് ചെയ്യേ പററൂ. ശുദ്ധിയുള്ള ശരീരത്തോടെ ശുദ്ധിയുള്ള വസ്ത്രം ധരിച്ച് വെടിപ്പുള്ള സ്ഥലത്തുനിന്ന്(അതെവിടെയായാലും) തന്നെ സൃഷ്ടിച്ച നാഥന് മുമ്പിൽ സവിനയം ഒരു ദിവസം അഞ്ചു പ്രാവശ്യം ഇപ്രകാരം നമസ്ക്കരിക്കൽ ഓരോ സത്യവിശ്വാസിക്കും അല്ലാഹു കടമയായി നിശ്ചയിച്ചിരിക്കുന്നു.

إِنَّ الصَّلَوٰةَ كَانَتْ عَلَى الْمُؤْمِنِينَ كِتَٰبًا مَّوْقُوتًا. النساء

'നിശ്ചയമായും നമസ്ക്കാരം സത്യവിശ്വാസികൾക്ക് നിർബ്ബന്ധവും സമയബന്ധിതവുമാക്കിയിരിക്കുന്നു.'

നാഥനുമായി ഒരു ദാസൻ ഏററവുമധികം അടുക്കുന്നത് നമസ്കാരത്തിലെ സുജൂദിൽ വെച്ചാകുന്നുവെന്ന് പ്രവാചകൻ അരുളുന്നു. ദിവസത്തിൽ പല പ്രാവശ്യവും അല്ലാഹുവുമായി ബന്ധം പുലർത്തുന്ന ഒരു വ്യക്തിയിൽ നിന്ന് ദൈവേഛക്ക് നിരക്കാത്ത യാതൊന്നും സംഭവിക്കാവതല്ല. ആകാശഭൂമിയെ സൃഷ്ടിച്ചവന് മുമ്പിൽ എന്റെ ആരാധനകളും, കർമ്മങ്ങളും എന്തിനേറെ, ജീവിതവും മരണവുമെല്ലാം സമർപ്പിച്ചിരിക്കുന്നുവെന്ന പ്രതിജ്ഞ സദാ പുതുക്കുന്നവൻ എങ്ങിനെ പലിശക്കാരനും

മദ്യപാനിയും വ്യഭിചാരിയുമാകും? ഒരിക്കലും ആകാൻ പാടില്ല. പള്ളിയിൽ നിന്നിറങ്ങിയശേഷം ഇത് ചെയ്യുന്നുവെങ്കിൽ 'ചുരുട്ടിയെറിയപ്പെട്ട പഴന്തുണി പോലെ അവൻെറ നമസ്കാരത്തെ അല്ലാഹു അവൻെറ മുഖത്തേക്ക് കശക്കി എറിയുമെന്ന്' നബി(സ) പറയുന്നു.

إِنَّ الصَّلَوٰةَ تَنْهَىٰ عَنِ الْفَحْشَاءِ وَالْمُنْكَرِ ۗ وَلَذِكْرُ اللَّهِ أَكْبَرُ ۗ العنكبوت

'നിശ്ചയം നമസ്കാരം നീചകർമ്മങ്ങളെയും നിഷിദ്ധങ്ങളേയും തടയുന്നു. ദൈവസ്മരണയാണ് ഏററവും വലുത്.' ദൈവസ്മരണയും ഭക്തിയും അല്ലാഹുവിന് മുമ്പിൽ പ്രകടിപ്പിക്കലാണ് നമസ്കാരം കൊണ്ടുള്ള ഉദ്ദേശ്യം.

ഇത്രമാത്രമോ? ഇഹപര ജീവിതം മുഴുവൻ വിജയപ്രദമാക്കാനുള്ള ഏകാവലംബം ഭക്തിയുള്ള നമസ്കാരംതന്നെ.

# ഭക്തൻെറ നമസ്കാരം

അല്ലാഹു പ്രഖ്യാപിക്കുന്നത് കാണുക:

قَدْ اَفْلَحَ الْمُؤْمِنُوْنَ . الَّذِيْنَ هُمْ فِيْ صَلَاتِهِمْ خٰشِعُوْنَ.

'സത്യവിശ്വാസികൾ ഏററവും വലിയ വിജയികളായിരിക്കുന്നു. അവർ നമസ്കാരത്തിൽ ഭയഭക്തിയുള്ളവരാണ്.' ഭക്തന്മാരല്ലാത്തവർക്ക് നമസ്ക്കാരം വല്ലാത്തൊരു ഭാരമായി അനുഭവപ്പെടുമെന്ന് ഖുർആൻ പറയുന്നു.

وَاِنَّهَا لَكَبِيْرَةٌ اِلَّا عَلَى الْخٰشِعِيْنَ الَّذِيْنَ يَظُنُّوْنَ اَنَّهُمْ مُّلٰقُوْا رَبِّهِمْ وَاَنَّهُمْ اِلَيْهِ رٰجِعُوْنَ. البقرة

'നിശ്ചയം, തങ്ങളുടെ നാഥനെ കണ്ടുമുട്ടുമെന്നും അവങ്കലേക്കാണവർ മടങ്ങിച്ചെല്ലുകയെന്നും മനസ്സിലാക്കിയ ഭക്തന്മാരല്ലാത്തവർക്ക് അത് (നമസ്ക്കാരം) വലിയൊരു ഭാരം തന്നെ.' പക്ഷെ, ചുളുവിൽ തലകുത്തിമറിഞ്ഞ് നമസ്കരിച്ചുവെന്ന് വരുത്തിയവനാണോ ഇത് നൽകപ്പെടുക, ഒരിക്കലുമല്ല, കാരണം അല്ലാഹു പറയുന്നു.

فَوَيْلٌ لِّلْمُصَلِّيْنَ الَّذِيْنَ هُمْ عَنْ صَلَاتِهِمْ سَاهُوْنَ الَّذِيْنَ هُمْ يُرَآءُوْنَ - الماعون

'നമസ്കരിക്കുന്നവർക്കു നാശം! അവർ അവരുടെ നമസ്ക്കാരത്തിൽ അലസരാകുന്നു. അവർ പ്രദർശനാർത്ഥം നമസ്ക്കരിക്കുന്നു.' ഭക്തി അശേഷം തീണ്ടിയിട്ടില്ലാത്തവരായിരിക്കും മുനാഫിഖുകൾ (കപടവിശ്വാസികൾ) എന്നും, അവരാകട്ടെ നരകത്തിൻെറ താഴെ തട്ടിലായിരി

ക്കമെന്നും ഖുർആൻ പറയുന്നു. 'സഖർ എന്ന ഭയാനകമായ നരകത്തിൽ പതിക്കുന്നവരിൽ പ്രമുഖർ നമസ്കാരം ഉപേക്ഷിച്ചവരാണെന്ന് ഖുർആൻ ഒരിടത്ത് വ്യക്തമാക്കുന്നു.

ഖുർആൻ നിർദ്ദേശിക്കുന്നു:

حَٰفِظُوا عَلَى الصَّلَوَٰتِ وَالصَّلَوٰةِ الْوُسْطَىٰ وَقُومُوا لِلَّهِ قَٰنِتِينَ . فَإِنْ خِفْتُمْ فَرِجَالًا أَوْ رُكْبَانًا فَإِذَا أَمِنتُمْ فَاذْكُرُوا اللَّهَ كَمَا عَلَّمَكُم مَّا لَمْ تَكُونُوا تَعْلَمُونَ البقرة

എല്ലാ നമസ്കാരങ്ങളും വളരെ സൂക്ഷിച്ച് നിർവ്വഹിക്കുക. പ്രത്യേകിച്ച് 'വുസ്താ' (അസർ)നമസ്കാരം. അല്ലാഹുവിന് മുമ്പിൽ ഭക്തിപുരസ്സരം നിങ്ങൾ നില്ക്കുക. നിങ്ങൾ ഭയപ്പെട്ടാൽ (യുദ്ധം പോലെയുള്ള ഘട്ടങ്ങളിൽ) നടന്നോ വാഹനത്തിൽ വെച്ചോ അത് നിർവ്വഹിക്കുക. സുരക്ഷിതരായാൽ നിങ്ങൾ അറിയാതിരുന്നത് അല്ലാഹു പഠിപ്പിച്ചത്പോലെ (പ്രവാചകർ കാണിച്ച്തരുംപോലെ) നിങ്ങളവനെ സ്മരിക്കുക-(നമസ്കരിക്കുക). കർമ്മ ശാസ്ത്രഗ്രന്ഥങ്ങളിലൂടെ മഹാപണ്ഡിതന്മാർ നമസ്കാരത്തിന്റെ ഓരോ ചലനവും മുടിനാരിഴ കീറി വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. ബൃഹത്ഗ്രന്ഥങ്ങൾ അവ്വിഷയകമായവർ രചിച്ചിട്ടുണ്ട്. ചിലർ ശ്രദ്ധേയരായത് തന്നെ ഇത്തരം ഗ്രന്ഥങ്ങളിലൂടെയാണെന്ന് പറയാം. എന്നാൽ ഇവരിൽ പലരും അവഗണിച്ച ഒരു വശമുണ്ട് നമസ്കാരത്തിന്. ആ വശമാകട്ടെ നമസ്കാരക്കാരിൽ തൊണ്ണൂററി അഞ്ച് ശതമാനമാളുകളും ഉപേക്ഷിച്ചതുമാണ്. അതാണ് ''ഭക്തി.'' അതുതന്നെയാണ് നമസ്കാരത്തിന്റെ ആത്മാവും. നമ്മിൽ പലരുടേയും നമസ്കാരം ആത്മാവ് നഷ്ടപ്പെട്ട പൊള്ളയായ ഒരു ചടങ്ങ് മാത്രമായി അധഃപതിച്ചിരിക്കുന്നു!

# ഭക്തിയുണ്ടാകാൻ

കൃത്രിമ ഭക്തി കാപട്യമാണ്. ഭക്തി ഉണ്ടാക്കലല്ല. അത് ഹൃദയത്തിന്റെ അന്തർഭാഗത്തുനിന്ന് ബഹിർഗ്ഗമിക്കുകയാണ് വേണ്ടത്. ഹൃദയം അറിഞ്ഞുകൊണ്ടുള്ള പ്രാർത്ഥനകാം നമസ്കരിക്കുന്നവനിൽനിന്നുണ്ടാകണം. അല്ലാഹുവുമായി മനുഷ്യൻ ഏററവും അടുക്കുന്ന ഒരു ഘട്ടമാണല്ലോ സുജൂദ്. ആ സുജൂദിൽ നിങ്ങാംക്കിഷ്ടമുള്ള പ്രാർത്ഥന നടത്തുവാൻ നബി (സ) ഉപദേശിച്ചിരിക്കുന്നു. ഏതു ഭാഷയും സർവ്വശക്തനായ അല്ലാഹുവിന് അറിയാമെന്നതുകൊണ്ട് നമ്മുടെ ഹൃദയത്തിന്റെ ഭാഷയിൽ അവനോട് പ്രാർത്ഥിക്കാം. തങ്ങളുടെ അപേക്ഷകളും ആവശ്യങ്ങളും നന്ദിപ്രകാശനങ്ങളുമെല്ലാം ഹൃദയംഗമായ നിലക്ക് നമ്മുടെ ഭാഷയിലൂടെ അവതരിപ്പിക്കുമ്പോഴേ ഭക്തി തുളുമ്പുന്ന പ്രാർത്ഥന ഉണ്ടാകൂ എന്ന കാര്യത്തിൽ സംശയമില്ല.

താന്താങ്ങളുടെ നിത്യജീവിതത്തിലെ നൂറുനൂറു പ്രശ്നങ്ങളുടെ പരിഹാരത്തിനും അല്ലാഹുവിന്റെ സഹായത്തിന്നായുള്ള അർത്ഥനകളും അപേക്ഷകളും സുജൂദിൽ കിടന്നുകൊണ്ട് കണ്ണീരൊലിപ്പിച്ച് റഹ്മാനോട് ചോദിക്കുവാൻ അല്ലാഹ തന്നെ ദിവസം അഞ്ചു പ്രാവശ്യം നമുക്ക് അവസരം തന്നിരിക്കുകയാണ്. പക്ഷേ, എങ്ങനെയോ ആ യാഥാർത്ഥ്യം നാം വിസ്മരിച്ചു. ഇപ്പോഴതു് ഒരു ചടങ്ങ് മാത്രമായി കലാശിച്ചു. തൻമൂലം നമസ്ക്കാരം നമ്മുടെ നിത്യജീവിതത്തിൽ യാതൊരു ചലനവും സൃഷ്ടിക്കുന്നില്ല. നിർബ്ബന്ധമായ (ഫർള്) നമസ്ക്കാരങ്ങാംക്ക് പുറമെ സുന്നത്ത് നമസ്ക്കാരങ്ങാംകൂടി നിർവ്വഹിക്കാൻ ഇസ്ലാം നിഷ്ക്കർഷിച്ചിരിക്കുന്നതിലുള്ള തത്വം നാം അല്ലാഹുവുമായി കൂടുതൽ ബന്ധപ്പെടുവാനും തന്മൂലം നമ്മുടെ ജീവിതം പൂർണ്ണമായി ദൈവാധിഷ്ഠിതമായിത്തീരുവാനും കൂടിയാണ്. നിഷ്ക്കളങ്ക ഹൃദയത്തോടെ അല്ലാഹുവിന്റെ മുൻപിൽ വീണുകിടന്നും, കുനിഞ്ഞുനിന്നും, അടക്കത്തോടും, വിനയാന്വിതനുമായി ഇരുന്നുകൊണ്ടും

സദാ നടത്തുന്ന പ്രാർത്ഥനകൾക്കേ ഉദ്ദേശിച്ച ഫലമുണ്ടാകൂ. അല്ലാതെ - ആന്തരാത്മാവ് നഷ്ടപ്പെട്ട ബാഹ്യരൂപം മാത്രം സ്വീകരിച്ചുകൊണ്ടുള്ള ആരാധന ഒരു നേട്ടവും ജീവിതത്തിലുണ്ടാക്കിത്തീർക്കുകയില്ല.

നമസ്ക്കാരത്തിലെ തസ്ബീഹുകളുടേയും മററു പ്രാർത്ഥനകളുടേയും ആശയവും, അർത്ഥവും വ്യക്തമായി മനസ്സിലാക്കിയിരിക്കൽ നമസ്ക്കാരത്തിൽ ഭയഭക്തിയുണ്ടാകാൻ അനിവാര്യമാണ്. പലരും ഇക്കാര്യത്തിൽ അലസത കാട്ടുന്നു എന്നത് ദുഃഖകരമാണ്. ഈ സ്വഭാവം മാററിയെടുക്കണം. തക്ബീർകൊണ്ടാരംഭിച്ച് സലാം കൊണ്ടവസാനിക്കുന്നത് വരെയുള്ള ആ കർമ്മങ്ങളുടെ ആന്തരിക സത്തയും ഉരുവിടുന്ന പദങ്ങളുടെ സാരാർത്ഥവും ഗ്രഹിച്ചിട്ടില്ലെങ്കിൽ ഈ കർമ്മം കൊണ്ട് ഉദ്ദേശിച്ച ഫലം ഉണ്ടാകുകയില്ല. അനവധി വലുതും ചെറുതുമായ വിവിധ ഭാഷകളിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള ധാരാളം കൃതികൾ ഇന്ന് സുലഭമാണ്. അവ വാങ്ങി സൂക്ഷിക്കുകയും സ്വയം വായിച്ചോ മററുള്ളവരുടെ സഹായത്താലോ ഗ്രഹിച്ച് ജീവിതത്തിൽ - കർമ്മരംഗത്ത് പ്രായോഗികമാക്കൽ അത്യാവശ്യമാണ്. എങ്കിൽ നമുക്ക് നമസ്ക്കാരത്തിലൂടെ ഇഹപര വിജയം കരസ്ഥമാക്കാൻ കഴിയുന്നതിന്ന് പുറമെ ശാന്തമായ ഹൃദയത്തോടെ ദൈവ സാമീപ്യം നേടിയ യഥാർത്ഥ അടിമകളോടൊപ്പം വർത്തിക്കാൻ കഴിയുകയും ചെയ്യും.

നമസ്ക്കാരത്തിലെ 'ഭക്തി' നഷ്ടപ്പെടുത്തുന്ന പലതുകൊണ്ടും നിറഞ്ഞുനിൽക്കുകയാണിന്ന് നമ്മുടെ ചുററുപാടുകൾ. വർണ്ണശബളിമയാർന്ന മനോഹര ദൃശ്യങ്ങൾകൊണ്ടലംകൃതമായ ദേവാലയങ്ങളും അവയിലെ അലങ്കാരങ്ങളും നമ്മുടെ ഭക്തിയെ ഒരളവോളം ദൈവത്തിൽനിന്നകററുന്നുവെന്നത് ഒരു പരമാർത്ഥമാണ്. ഒരിക്കൽ ഭംഗിയുള്ള ഒരു പുടവ നബി (സ) യുടെ പത്നി ആയിഷാക്ക് ഒരാൾ സമ്മാനിച്ചു. അവർ അതുകൊണ്ടൊരു വിരിയുണ്ടാക്കി വാതിലിൽ തൂക്കി. നബി (സ) നമസ്ക്കരിക്കുവാൻ നിന്നപ്പോൾ ആയിഷയോടിപ്രകാരം പറഞ്ഞു.

'ആയിഷാ! നിന്റെ ഈ വിരി എന്റെ ഭക്തിക്ക് ഭംഗം വരുത്തുന്നു. എന്റെ മുമ്പിൽനിന്നിതു് അഴിച്ചുമാററുക!' ഭംഗിയുള്ള ദൃശ്യം പ്രവാചകർ തന്റെ നമസ്ക്കാരത്തി ലെ ഭക്തിക്കുപോലും ഭംഗം വരുത്തുമെന്നു് ഭയപ്പെട്ടുവെ ങ്കിൽ നമ്മുടെ അവസ്ഥയോ? മനോഹരങ്ങളായ വിരിപ്പു കളിലും പ്രൗഢഗംഭീരമായലങ്കരിച്ച റൂമുകളിലും പള്ളി കളിലും വെച്ച് നമസ്ക്കരിക്കുന്നവരുടെ മുഴ ശ്രദ്ധയും അതിലേക്കാകർഷിക്കുന്നുവെന്നതിൽ ആർക്കും ഒരു വേദ നയും അനുഭവപ്പെട്ടുകാണാത്തതിൽ അത്ഭുതപ്പെട്ടുപോകു കയാണ്! കൂടുതൽ കൂടുതൽ അലംകൃതമാക്കാനാണ് നാം നമ്മുടെ ധനവും അദ്ധ്വാനവും ചിലവഴിക്കുന്നതു് പക രം ലഭിക്കുന്നതോ, നശ്വരമായ -പേരും പെരുമയും മാത്രം. അതിനാൽ ഇത്തരം അലങ്കാരങ്ങളും ആർഭാടങ്ങ ളും ഒഴിവാക്കുന്നതു് നമസ്ക്കാരത്തിൽ ഭക്തിയുണ്ടാകാൻ സഹായകമാണ്.

റസൂൽ (സ) നമസ്കാരത്തിൽ പ്രവേശിച്ചാൽ ഒരു ഞരക്കം തന്റെ നെഞ്ചിന്റെ ഭാഗത്തുനിന്നും കോംക്കാ മെന്നും ചട്ടിയിലെ ജലം തിളക്കുന്നപോലെയുള്ള ശബ്ദം തെളിഞ്ഞു കോംക്കാമെന്നും, സഹാബികാം വിവരി ക്കുന്ന ഹദീസുകാം കാണാം. ഹൃദയത്തിന്റെ ദീന രോദനവും നെഞ്ചുരുകിയുള്ള പ്രാർത്ഥനയും ആ ഹൃദയ ത്തിൽ അലതല്ലുന്നതിന്റെ പ്രത്യക്ഷോദാഹരണങ്ങളാ ണവ. അവിടുത്തെ സഹാബികളുടെ സ്ഥിതിയും മറി ച്ചായിരുന്നില്ല. റഹ്മാനുമായുള്ള അഭിമുഖ സംഭാഷണത്തിൽ മുഖം കുത്തിക്കിടക്കുന്നവൻ ഭൗതിക ലോകവുമായുള്ള സർവ്വ ബന്ധങ്ങളിൽനിന്നും മോചിത നായിരിക്കും. ഹൃദയം അല്ലാഹുവിൽ ലയിപ്പിച്ചവനായി രിക്കും. ഇത്തരം ഒരാരാധനക്ക് മാത്രമാണ് ലോകത്ത് ചലനം സൃഷ്ടിക്കാൻ കഴിയുക. ആ ചലനമാണ് ചരി ത്രത്തിൽ തുല്യതയില്ലാത്ത വിധം നബി (സ) യും അനു യായികളും ലോകത്ത് കാഴ്ചവെച്ചതും.

നമസ്കരിക്കുവാനായി ഒരു മുറി വീട്ടിലും ഉണ്ടായിരിക്കണമെന്ന് നബി (സ) നിർദ്ദേശിച്ചിരിക്കുന്നു. ഭക്തിപുരസ്സരം സൗകര്യത്തോടെ ആരാധന നിർവ്വഹിക്കാനുള്ള അവസരം അതുമുഖേന ഉണ്ടായിത്തീരണമെന്ന ലക്ഷ്യമാണ് അതിലുള്ളത്. സുന്നത്തു നമസ്കാരങ്ങൾ വീട്ടിൽ വെച്ചായിരിക്കൽ പ്രത്യേകം ശ്രേഷ്ഠമാക്കപ്പെട്ടിരിക്കുന്നതും ഈ ലക്ഷ്യത്തിനു വേണ്ടിയാണ്. നമസ്കരിക്കുന്നവരുടെ അടുത്തുവെച്ച് ഉറക്കെ സംസാരിക്കുന്നതും അപശബ്ദങ്ങളുണ്ടാക്കുന്നതും നബി (സ) വിരോധിച്ചിരിക്കുന്നു. ഉറക്കെയുള്ള ഖുർആൻ പാരായണം പോലും നമസ്കരിക്കുന്നവന്റെ അടുത്തുവെച്ച് നിർവ്വഹിക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. തികച്ചും നിശ്ശബ്ദവും ശാന്തവുമായ അന്തരീക്ഷമാണ് നമസ്കാരത്തിന്നാവശ്യം. കോലാഹലം നിറഞ്ഞ ചുറ്റുപാടിൽനിന്നകന്നുനിന്ന് സ്വസ്ഥമായ അവസ്ഥ സൃഷ്ടിച്ച് നമസ്കാരം നിർവ്വഹിക്കുക ഭക്തിയുണ്ടാക്കാനുള്ള മാർഗ്ഗമാണ്.

നമസ്കാരത്തിനു പോകുമ്പോൾ വളരെ അടക്കവും ഒതുക്കവും കാണിക്കേണ്ടതുണ്ട്. ഓടിക്കിതച്ച് തകൃതിയിൽ നമസ്കാരത്തിൽ പ്രവേശിക്കുന്നത് ഉത്തമമല്ല. ജമാഅത്ത് നഷ്ടപ്പെടുമെന്നു ഭയമുള്ളപ്പോൾ കൂടി അമിതമായ വ്യഗ്രത ഭൂഷണമല്ല. നബി(സ) പറയുന്നു, 'നമസ്കാരത്തെ ഭക്തിയോടും അടക്കത്തോടുംകൂടി സമീപിക്കുക. ഇമാമുമായി ഏതു ചലനത്തിലും ചേർന്നുകൊള്ളുക. . . . . . . . . (മുസ്‌ലിം). കോപാകുലനും പരിഭ്രാന്തനുമായ അവസ്ഥയിൽ നമസ്കാരത്തിൽ പ്രവേശിക്കരുത്. തികച്ചും സന്തുഷ്ടനായും, പ്രത്യാശാനിർഭരനുമായിട്ടായിരിക്കണം നമസ്കാരത്തിൽ പ്രവേശിക്കേണ്ടത്. നമസ്കരിക്കുന്നവരുടെ ഭക്തിക്ക് ഭംഗം

വരാതിരിക്കാനായി നമസ്ക്കാരക്കാരുടെ മുൻപിലൂടെ നടക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു ഈ നിയമം ലംഘിക്കുന്നവരെ ബലം പ്രയോഗിച്ച് തട്ടിമാററാൻ നബി(സ) നിർദ്ദേശിച്ചിരിക്കുന്നു. നാൽപത് വർഷം കാത്തുനില്ക്കേണ്ടി വരികയാണെങ്കിൽ അതാണ് നമസ്ക്കരിക്കുന്നവരുടെ മുമ്പിലൂടെ നടക്കുന്നതിനേക്കാറം ഉത്തമമെന്ന് റസൂൽ(സ) പറയുന്നു.

മലമൂത്ര വിസർജ്ജനത്തിന് ആവശ്യം നേരിട്ടപ്പോറം അവയ്ക്കു മുൻഗണന നൽകി സ്വസ്ഥമായ ശേഷം നമസ്ക്കാരത്തിൽ പ്രവേശിക്കുക. ഭക്ഷണാവശ്യവും നമസ്ക്കാരവും ഒരേ സന്ദർഭത്തിൽ ആഗതമാകുമ്പോറം ഭക്ഷണം കഴിക്കുന്നതിന് മുൻഗണന നൽകുക. അത്യുഷ്ണം അതിശൈത്യം എന്നിവ നമസ്കാരത്തിന് ഭംഗമായി നില്ക്കുമ്പോറം അവക്ക് ശമനം കണ്ടെത്തുന്ന കാര്യങ്ങറം ചെയ്ത ശേഷം നമസ്ക്കാരത്തിൽ പ്രവേശിക്കുക. ലൈംഗികാസക്തിയാൽ ഇണയെ സമീപിക്കാനാഗ്രഹം ജനിക്കുമ്പോറം അവരുമായി ബന്ധപ്പെട്ട് വികാരശമനം വരുത്തി ശുദ്ധമായശേഷം നമസ്ക്കാരത്തിൽ പ്രവേശിക്കുക. എന്നിത്യാദി ധാരാളം നിർദ്ദേശങ്ങറം നബി(സ)യിൽ നിന്നുള്ള ഉപദേശങ്ങളാണ്. ഇതിലെല്ലാം അടങ്ങിയിരിക്കുന്ന തത്വം, പൂർണ്ണ ഭക്തിയുള്ള ആരാധന ഒരു മുസ്ലിമിൽ നിന്നുണ്ടാകട്ടെ എന്നത് മാത്രമാണ്. ഇങ്ങനെ സാന്ദർഭികമായ അനിവാര്യതകറം 'ഭക്തിക്ക് ഭംഗം വരുത്തുമെന്ന് കാണുമ്പോറം 'ഹൃദയസാന്നിദ്ധ്യം കരഗതമാകുവോളം അൽപസ്വല്പം നീക്കുപോക്കുകറം ആവാമെന്ന പാഠമാണ് ഇത്തരം നിർദ്ദേശങ്ങളിൽ അടങ്ങിയിരിക്കുന്നതെന്ന് മനസ്സിലാക്കാം. ഈ വിധ കാര്യങ്ങറം ശ്രദ്ധിക്കുന്നത് നമസ്കാരത്തിൽ ദയഭക്തിയുണ്ടാകാൻ ഉപകരിക്കുമെന്നതിൽ സംശയമില്ല.

# സംഘടിത നമസ്കാരം

ഒററക്ക നമസ്കരിക്കുന്നതിനേക്കാൾ ഇരുപത്തി ഏഴ് ഇരട്ടി പ്രതിഫലാർഹമായതാണ് കൂട്ടമായുള്ള നമസ്കാരം. നമസ്കരിക്കുന്നവരിൽ പലരും ഇക്കാര്യം ശ്രദ്ധിക്കാതെ വിടുന്നത് ഖേദകരമാണ്. അല്ലാഹു പറയുന്നു:

وَأَقِيمُوا الصَّلَوٰةَ وَءَاتُوا الزَّكَوٰةَ وَارْكَعُوا مَعَ الرَّٰكِعِينَ - البقرة

'നിങ്ങൾ നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുക. സക്കാത്ത് കൊടുക്കുക. റുകൂഅ് ചെയ്യുന്നവരോടൊപ്പം (നമസ്കരിക്കുന്നവരോടൊപ്പം) റുകൂഅ് ചെയ്യുക.' ഈസാ നബി(അ)യുടെ മാതാവായ മറിയം(റ)യോട് അല്ലാഹു പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്.

يَٰمَرْيَمُ اقْنُتِى لِرَبِّكِ وَاسْجُدِى وَارْكَعِى مَعَ الرَّٰكِعِينَ - آل عمران

'മറിയമേ! നിൻെറ നാഥന് മുമ്പിൽ ഭക്തിപുരസ്സരം (നിന്നുകൊണ്ട്) സാഷ്ടാംഗം ചെയ്യുക.' റുകൂഅ് ചെയ്യുന്നവരോടൊപ്പം (നമസ്കരിക്കുന്നവരോടൊപ്പം) റുകൂഅ് ചെയ്യുകയും ചെയ്യുക.' നബി(സ)യുടേയും അവിടത്തെ അനുചരന്മാരുടേയും കൂട്ടായുള്ള (നമസ്കാരത്തെ അല്ലാഹു പ്രശംസിച്ചുകൊണ്ട് പറയുന്നത് കാണുക.

إِنَّ رَبَّكَ يَعْلَمُ أَنَّكَ تَقُومُ أَدْنَىٰ مِن ثُلُثَىِ الَّيْلِ وَنِصْفَهُۥ وَثُلُثَهُۥ وَطَآئِفَةٌ مِّنَ الَّذِينَ مَعَكَ - المزمل

'നിശ്ചയമായും താങ്കളോടൊപ്പം ഒരു വിഭാഗം അനുചരന്മാരും രാത്രിയിലെ മൂന്നിൽ രണ്ട് ഭാഗത്തിലും പകു

തിയിലും മൂന്നിൽ ഒരു ഭാഗത്തോടടുത്ത സമയത്തിലുമെല്ലാം നമസ്ക്കരിക്കുന്നുവെന്ന് താങ്കളുടെ നാഥൻ(വ്യക്തമായി) മനസ്സിലാക്കിയിരിക്കുന്നു.' ഇത്രയും ഖുർആൻ വചനങ്ങളിൽ നിന്നുതന്നെ ജമാഅത്ത് നമസ്ക്കാരത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുന്നു.

ജമാഅത്ത് നമസ്ക്കാരം ഉപേക്ഷിക്കുന്നവരുടെ വീടുകൾക്ക് തീ കൊളുത്തുവാനും എനിക്ക് ചിലപ്പോൾ തോന്നിപ്പോകാറുണ്ടെന്ന് നബി(സ)പറയുന്നു.(ബുഖാരി). മതിയായകാരണങ്ങളില്ലാതെജമാഅത്തായുള്ള നമസ്കാരം ഉപേക്ഷിക്കുന്നതുസത്യവിശ്വാസികളുടെ ഒരുപാപമായി റസൂൽ (സ) എണ്ണിയിരിക്കുന്നു. സംഘമായുള്ള നമസ്കാരക്കാർ എന്നോടൊപ്പം ആദ്യത്തെ വിഭാഗത്തിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്നും, ഉന്നതങ്ങളായ മണിമാളികകളും ഒരു കാതും, ഒരു ഹൃദയവും ഒരു കണ്ണും കേൾക്കുകയോ ചിന്തിക്കുകയോ, കാണുകയോ ചെയ്തിട്ടില്ലാത്ത സൗഭാഗ്യങ്ങൾ സ്വർഗ്ഗത്തിലവർക്ക് നൽകപ്പെടുമെന്നും തിരുമേനി (സ) അരുളുന്നു. വൃക്ഷങ്ങളുടെ ഇലകളേക്കാളേറെ പാപപങ്കിലനായാലും സൂക്ഷ്മതയോടെ 'വുളൂഅ്' ചെയ്ത് ജമാഅത്തായി ഭക്തിയോടെ നമസ്ക്കരിക്കുന്ന പക്ഷം അവന്റെ പാപങ്ങൾ അല്ലാഹു പൊറുത്ത്കൊടുക്കുകതന്നെ ചെയ്യുമെന്ന് നബി(സ) ഒരിക്കൽ ഒരാളെ ഉപദേശിച്ചു. ജമാഅത്ത് നമസ്ക്കാരങ്ങളിൽ മലക്കുകളും, നല്ലവരായ ജിന്നുകളും പങ്കെടുക്കുമെന്നും മനുഷ്യരുടെ പ്രാർത്ഥനവേളകളിലെ (ഫാത്തിഹായിലെ) 'ആമീൻ'കളോടൊപ്പം അവരും ആമീൻപറയുമെന്നും അതിനാൽ ഫാത്തിഹായിലെ ആമീനുകൾ ഒരുമിച്ചുപറയുക എന്നും നബി(സ) പറയുന്നു. അകാരണമായി മൂന്നു ദിവസം തുടർച്ചയായി ജമാഅത്തിൽ പങ്കെടുക്കാത്തവനെ ഭരണകൂടം പിടികൂടി പരസ്യമായി ശിക്ഷിക്കാൻ ഖാസി (ഭരണകൂടകർത്താക്കൾ) മാരുടെ കർത്തവ്യമാണെന്ന് പല മഹാപണ്ഡിതന്മാരും വിധി പറഞ്ഞിരിക്കുന്നു. ഓരോ മഹല്ലിലെയും പള്ളികളിൽ ജമാഅത്ത് നമസ്ക്കാരം സംഘടിപ്പിക്ക

ണമെന്നും അത് ചെയ്യാത്തപക്ഷം ആ നാട്ടുകാർ മുഴുവനും കുററക്കാരാണെന്നും ഇസ്‌ലാം നിഷ്കർഷിച്ചിരിക്കുന്നു.

ഒരിക്കൽ അന്ധനായ അബ്ദുല്ലാഹിബ്നു ഉമ്മു മഖ്ത്തൂം (റ) തപ്പിത്തടഞ്ഞു റസൂൽ(സ) യുടെ സന്നിധിയിൽ വന്നു ഇപ്രകാരം പറഞ്ഞു. 'അല്ലാഹുവിൻെറ പ്രവാചകരേ, പള്ളിയിലേക്ക് വഴികാട്ടിയില്ലാത്ത കുതടനായ ഞാൻ അഞ്ചു പ്രാവശ്യവും ജമാഅത്തിൽ പങ്ക് ചേരണമോ? നബി(സ) പ്രത്യുത്തരം നൽകി. ആവശ്യമില്ല; അദ്ദേഹം ഇതുകേട്ടു സന്തോഷത്തോടെ തിരിച്ചുപോകാൻ തുടങ്ങുമ്പോഴേക്കും റസൂൽ(സ) അദ്ദേഹത്തെ മടക്കി വിളിച്ചു ചോദിച്ചു. 'ഉമ്മുമഖ്ത്തൂം! ബാങ്കുവിളി കേൾക്കാറുണ്ടോ! അദ്ദേഹം പറഞ്ഞു: അതെ, കേൾക്കാറുണ്ട് അപ്പോൾ നബി(സ) പറഞ്ഞു. 'എങ്കിൽ താങ്കളും പള്ളിയിൽ വന്നേ തീരൂ! നോക്കുക വഴികാട്ടിയില്ലാത്ത അന്ധനായ ആൾക്കുകൂടി ബാങ്കു കേൾക്കുമെങ്കിൽ പള്ളിയിൽ ജമാഅത്തിൽ പങ്കെടുക്കാനെത്തണമെന്നുള്ള നിർദ്ദേശം ഇതിൻെറ പ്രാധാന്യം എത്രമാത്രമുണ്ടെന്നു തെളിയിക്കുന്നില്ലേ! പക്ഷെ, നാനാഭാഗത്ത്നിന്നും ബാങ്കിൻെറ മന്ത്രധ്വനി മധുരമായി കർണ്ണപുടങ്ങളിൽ വന്നലതല്ലിയിട്ടും തെല്ലും അതിനോട് കൂറു പുലർത്താത്ത നമ്മിൽ അധികപേരുടേയും സ്ഥിതി ഊഹിക്കുവാൻകൂടി വയ്യ. അബൂദാവൂദ് റിപ്പോർട്ടു ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം: ഏതെങ്കിലും ഒരു കുഗ്രാമത്തിലോ ഗ്രാമത്തിലോ മൂന്നു പേരെങ്കിലും മുസ്‌ലിംകളായി ഉണ്ടാവുകയുംഅവർ ജമാഅത്തായി നമസ്കരിക്കുകയും ചെയ്തുവെങ്കിൽ അവരെ ഒരിക്കലും പിശാച് പിടികൂടുകയില്ല. കാരണം കൂട്ടം തെററിയ ആടിനെയാണല്ലോ പിശാച് പിടികടൂക. ഈ ഹദീസിലെ ഉപമയിൽനിന്നു കൂട്ടം തെററിയ ചെന്നായയുടെ പിടിയിലകപ്പെടുന്ന ആടിനോടാണ് ജമാഅത്തിൽ പങ്കെടുക്കാത്തവനെ നബി(സ) ഉപമിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കാം. അതിനാൽ കൂട്ടം തെററിയ 'ഒററയാടി'നെപോലെ നിലവിളിച്ചോടുന്ന ദൗർഭാഗ്യവാനാകാതിരിക്കാൻ നാം ശ്രമിക്കുക.

# ഉപേക്ഷിക്കുന്നവർക്ക് താക്കീത്

അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: ''ഒരാൾ മുസ്ലിമായികൊണ്ടു തന്നെ അല്ലാഹുവിനെ കണ്ടുമുട്ടേണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ വിളി (ബാങ്ക്) കേൾക്കുന്നിടത്തേക്ക് ജമാഅത്ത് നമസ്കാരങ്ങൾക്കായി അക്കൂട്ടരോടൊപ്പം പോയിക്കൊണ്ട് സൂക്ഷ്മത കൈകൊള്ളട്ടെ. കാരണം, ആ നമസ്കാരം നബി (സ.അ) യുടെ അത്യുൽകൃഷ്ട സമ്പ്രദായമായിരുന്നു. നിശ്ചയം, അല്ലാഹു അത്യുൽകൃഷ്ടചര്യകളാണ് നിങ്ങളുടെ പ്രവാചകനു നിയമമാക്കിയിട്ടുള്ളത്. നിങ്ങൾ നിങ്ങളുടെ വീടുകളിൽ വെച്ച് ഈ പിന്തി നിൽക്കുന്നവർ അവരുടെ വീടുകളിൽവെച്ച് നിർവ്വഹിക്കുന്നതുപോലെ ചെയ്താൽ നിങ്ങളുടെ (ജീവനേക്കാൾ സ്നേഹിക്കാൻ കടപ്പെട്ട) പ്രവാചകന്റെ (മഹോന്നത) ചര്യയെയാണ് നിങ്ങളുപേക്ഷിക്കുന്നത്. നിങ്ങളുടെ (മഹാനായ) ആ പ്രവാചകന്റെ ചര്യ ഉപേക്ഷിച്ചാൽ നിങ്ങൾ മാർഗ്ഗഭ്രംശരായിത്തീരും. തീർച്ച. ഏതൊരുവൻ നന്നായി സൂക്ഷ്മതയോടെ ശുദ്ധി (വുളു) ചെയ്തു ഈ പള്ളികളിലെ ഏതെങ്കിലുമൊന്നിനെ ലക്ഷ്യമാക്കി പോകുന്നുവോ അവന്റെ ഓരോ കാൽവെപ്പിന്നും ഓരോ പുണ്യവും (അല്ലാഹുവിങ്കൽ) ഓരോ പദവിയുയർച്ചയുമുണ്ട്. അവന്റെ ഓരോ തിൻമകളും മായ്ക്കപ്പെട്ടുകൊണ്ടിരിക്കും. നിശ്ചയം, കപടൻ (മുനാഫിഖ്) എന്ന് വ്യക്തമായി അറിയപ്പെടുന്നവനല്ലാതെ മററാരും ഞങ്ങളിൽ (പള്ളിയിൽ പോകാതെ) പിന്തി നിൽക്കാറില്ല. ഞങ്ങളിൽ ചിലരെ (രോഗമോ മറേറാ കാരണാ

ത്താൽ) രണ്ടുപേർ താങ്ങിപ്പിടിച്ചു പള്ളിയിലേക്ക് കൊണ്ടുവരികയും അണിയിൽ നിർത്തുകയും ചെയ്യാറുണ്ട്. (മുസ്‌ലിം. അബൂദാവൂദ്. നസാഈ).

ഇബ്നു മസ്ഊദ് (റ)ന്റെ ഈ വാക്കുകൾ ഹൃദയസ്പൃക്കാണ്. പ്രത്യേകിച്ചു കപടൻമാരുടെ പ്രവർത്തനമായിട്ടാണ് നബിയുടെ സഖാക്കൾ ഈ പ്രവണതയെ കണ്ടിരുന്നതെന്നും, നിങ്ങൾ പിഴച്ചുപോകാൻ 'ഈ ഉൽകൃഷ്ടചര്യയുടെ നേർക്കുള്ള അലസമനോഭാവം' മാത്രംമതി എന്നതും കനത്ത ഒരു താക്കീതുകൂടിയാണ്.

ജിബ്രീൽമാലാഖ(അ) നമസ്കാരത്തിന്റെ രൂപവും സമയവും നബി (സ.അ) ക്ക് പഠിപ്പിച്ചപ്പോൾ നബിയെ തന്റെ പിന്നിലും നബി (സ.അ) ജനങ്ങളെ തനിക്ക് പിന്നിലും നിർത്തിക്കൊണ്ട് ഒരുമിച്ചു (ജമാഅത്തായി) ആണ് നമസ്കരിച്ചതെന്നും [1] ഹദീസുകളിൽ കാണാം. ഇതിൽനിന്നു നിർബന്ധ നമസ്കാരങ്ങൾ (കാരണങ്ങളുണ്ടായാലൊഴികെ) ജമാഅത്തായിത്തന്നെയാണ് നിയമമാക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാകുന്നു.

നിർബന്ധ നമസ്കാരം ഒററയ്ക്കു നിർവഹിച്ച ശേഷം പള്ളിയിലെത്തിയ വ്യക്തിയോട് അപ്പോൾ പള്ളിയിൽ നടക്കുന്ന ജമാഅത്തിൽ പങ്കെടുക്കാൻ നബി(സ. അ.) കൽപിച്ച സംഭവവും [2] വാഹനത്തിൽ വെച്ച് നമസ്കരിച്ചശേഷം പള്ളിയിലെത്തിയ വ്യക്തി ജമാഅത്തിൽ പങ്കെടുക്കാതെ മാറിനിന്നപ്പോൾ, ഞാൻ

---

1. നസാഈ
2. അഹ്മദ്. തിർമുദി. അബൂദാവൂദ്. നസാഈ.

നമസ്കരിച്ചു എന്നു പറഞ്ഞിട്ടും നബി(സ.അ.) 'നീ എന്താ ഞങ്ങളോടൊപ്പം നമസ്കരിക്കാത്തത്? നീ ഒരു മുസ്ലിമല്ലേ?' എന്നു ഗൗരവത്തിൽ ചോദിച്ചതും [3] 'ബാങ്ക്‌വിളി കേൾക്കുകയും കാരണമൊന്നുമില്ലാതെ അതിന്നുത്തരം ചെയ്യാതിരുന്നവന്ന് നമസ്കാര (പ്രതിഫല)മേയില്ല' [4] എന്ന നബിവചനവും മേൽപറഞ്ഞ വസ്തുതയെ ഒന്നുകൂടി ശക്തിപ്പെടുത്തുന്നു.

പുണ്യം വളരെ കൂടുതൽ ലഭിക്കുവാനും ജമാഅത്ത് അനിവാര്യമാണ് എന്നു കാണിക്കുന്ന നിരവധി നബി വചനങ്ങൾ കാണാം. 'വീട്ടിലോ അങ്ങാടിയിലോ വെച്ച് ഒററയ്ക്ക് നിർവ്വഹിക്കുന്നതിനേക്കാൾ 25 ഇരട്ടി പ്രതിഫലം ജമാഅത്തായി നമസ്കരിക്കുന്നതിലുണ്ട്'. [5] രാത്രിയിലും പ്രഭാതത്തിലുമുള്ള നമസ്കാരങ്ങളിൽ പള്ളിയിൽ ഹാജറാകുന്നവർക്ക് വമ്പിച്ച പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. "ഒരാൾ ഇശാഅ് നമസ്കാരം ജമാഅത്തായി നിർവ്വഹിച്ചാൽ രാത്രിയുടെ പകുതി മുഴുവനും നമസ്കാരത്തിലേർപ്പെട്ടവൻെറ പ്രതിഫലവും, സുബ്ഹ് നമസ്കാരം ജമാഅത്തായി നിർവ്വഹിച്ചവന്ന് രാത്രി മുഴുവനും നമസ്കരിച്ചതിൻെറ പ്രതിഫലവും ഉണ്ടായിരിക്കും. [6]

എനി പള്ളിയിലെത്തിപ്പെടാൻ സാധിക്കാത്ത മതപരമായ കാരണങ്ങൾ സംജാതമായപ്പോഴും ജമാഅത്തായിട്ടാണ് നബി (സ.അ.) നമസ്കരിച്ചിട്ടുള്ളത് എന്നും കാണാം. അനസ്(റ) നിവേദനം: "നബി (സ. അ.)

---

3 മുവത്വ. അഹ്മദ്. നസാഈ. ഹാകിം. 4. അബൂദാവൂദ്. ഇബ്നുമാജ. ഇബ്നുഹിബ്ബാൻ. ദാറഖുത്നി. 5. ബുഖാരി മുസ്ലിം. മുവത്വ. 6. മുസ്ലിം.

അത്യുന്നത സൽസ്വഭാവിയായിരുന്നു. അദ്ദേഹം ഞങ്ങളിൽ ആരുടേയെങ്കിലും വീട്ടിലായിരിക്കുമ്പോൾ നമസ്കാര സമയം ആസന്നമാകും. അപ്പോൾ അവിടുന്നു ഇരിക്കുന്ന വിരിപ്പ് എടുക്കുവാനും അത് തുടച്ചു കുടഞ്ഞ് വീണ്ടും വിരിക്കുവാനും നിർദ്ദേശിക്കും. ശേഷം അദ്ദേഹം ഇഖാമത്ത് വിളിക്കും. ഞങ്ങളേയും കൂട്ടി അവിടുന്നു നമസ്കരിക്കും.[7]

അനസ് (റ) വീണ്ടും: "ഒരിക്കൽ നബി (സ. അ.) കുതിരപ്പുറത്തുനിന്നു തെന്നിവീണു. ശരീരത്തിന്റെ വലതുഭാഗത്ത് പോറലേററു മുറിവുപററി. ഞങ്ങൾ അദ്ദേഹത്തെ സന്ദർശിക്കാൻ വീട്ടിൽ ചെന്നു. നമസ്കാര സമയം ആസന്നമായപ്പോൾ (ഞങ്ങളേയുമായി) നബി(സ. അ.) ഇരുന്നു നമസ്കരിച്ചു [8] (ഞങ്ങളും ഇരുന്നുതന്നെ നമസ്കരിച്ചു എന്നു മറെറാരു റിപ്പോർട്ടിലും വന്നിട്ടുണ്ട്.)

ചുരുക്കത്തിൽ പ്രവാചകൻ (സ.അ) എത്രമാത്രം ഗൗരവത്തിലാണിക്കാര്യം തന്റെ സമുദായത്തെ തെര്യപ്പെടുത്തിയിരിക്കുന്നതെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നു. പരിശുദ്ധ ഖുർആൻ പറയുന്നു:

"അദ്ദേഹത്തിന്റെ കൽപനക്ക് എതിർപ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ. (24:63)

---

7. ബുഖാരി. മുസ്ലിം.
8. ബുഖാരി. മുസ്ലിം.ശാഫിഈ റിസാലയിലും.

فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ
عَذَابٌ أَلِيمٌ (سُورَةُ النُّور - ٦٣)

ഇപ്രകാരം ഖുർആനിൽ നിന്നും നബിവചനങ്ങളിൽ നിന്നും ജമാഅത്തായുള്ള നമസ്ക്കാരത്തിന്റെ പ്രാധാന്യവും ആവശ്യകതയും സുതരാം വ്യക്തമാകുന്നു. ഇബ്രാഹിം നബി(അ) പ്രാർത്ഥിച്ചതുപോലെ നമുക്കും പ്രാർത്ഥിക്കാം.

رَبِّ اجْعَلْنِي مُقِيمَ الصَّلَوٰةِ وَمِن ذُرِّيَّتِي رَبَّنَا وَتَقَبَّلْ دُعَاءِ ۝ ابراهيم

'നാഥാ! നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുന്നവരിൽ എന്നേയും എന്റെ സന്തതികളേയും നീ ആക്കേണമേ! ഞങ്ങളുടെ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ!.' ആമീൻ.

## നേട്ടങ്ങൾ

ജമാഅത്തായുള്ള നമസ്ക്കാരങ്ങൾ മുസ്ലിം സമൂഹത്തിനു വിവിധങ്ങളായ ഇഹപര വിജയങ്ങൾ പ്രദാനം ചെയ്യുന്നുണ്ട്. പരലോകത്തെ പുണ്യങ്ങളാണ് ഏററവും പ്രാധാന്യമർഹിക്കുന്നതെങ്കിലും ഒട്ടും അപ്രധാനങ്ങളല്ല ഇഹലോകത്ത് നമുക്ക് ലഭിക്കുന്ന വമ്പിച്ച നേട്ടങ്ങൾ. ഓരോ ദിവസവും അഞ്ച് നേരവും ഓരോ മഹല്ലുകളിലെയും ആളുകൾ അവരുടെ അടുത്തുള്ള പള്ളികളിൽ ഒരുമിച്ചുകൂടി പ്രാർത്ഥനകൾ നടത്തുമ്പോൾ അവരിൽ ഊട്ടിഉറപ്പിക്കപ്പെട്ട ഐക്യബോധവും സമത്വഭാവനയും ഉത്തേജിതമാകുന്നു. കാരുണ്യവാനായ അല്ലാഹുവിന്റെ മുമ്പിൽ തോളോടുതോളുരുമ്മി ഭക്തി നിർഭരമായി പ്രാർത്ഥിക്കുമ്പോൾ അതിൽനിന്നുൽഭൂതമാകുന്ന ആത്മനിർവൃതി ഒന്നു വേറെതന്നെയാണ്. യജമാനനും, അടിമയും, ധനാഢ്യനും, ദരിദ്രനും, വലിയവനും, ചെറിയവനുമെല്ലാം അല്ലാഹുവിന്റെ മുമ്പിൽ സമന്മാരാണെന്ന് തെളിയിക്കുന്ന ആ പ്രകടനം എത്രമാത്രം മഹത്തരമാണ്. റസൂൽ(സ)

പറഞ്ഞു: നിങ്ങൾ നിങ്ങളുടെ അണികൾ ശരിപ്പെടുത്തി അടുത്തടുത്തു നിൽക്കുക. നിങ്ങളുടെ ഹൃദയങ്ങൾ അടുക്കുവാൻ അത് കാരണമായേക്കും.' മറ്റൊരിക്കൽ നബി (സ) പറഞ്ഞു: 'അണികൾ ശരിപ്പെടുത്തുക, അണികൾക്കിടയിൽ പിശാചിന് ഇടം നല്ലരുത്.' അവൻ നിങ്ങളുടെ ഹൃദയങ്ങളെ ഭിന്നിപ്പിച്ച്കളയും.' സത്യവിശ്വാസികൾ സഹോദരന്മാരാണെന്ന ഖുർആൻ വാക്യവും' മുഅ്മിനുകൾ ചീർപ്പിൻ പല്ലുകൾ കണക്കെ സമൻമാരാണെന്ന നബിവചനത്തിൻെറയും സാക്ഷാൽക്കാരമാണ് ജമാഅത്തിലൂടെ അല്ലാഹുവിൻെറ മുമ്പിൽ നാം കാഴ്ച വെക്കുന്നത്.

സമൂഹത്തിലെ വ്യക്തികൾ തമ്മിൽ കൂടുതൽ ബന്ധപ്പെടുവാനും കുശലാന്വേഷണങ്ങൾ കൈമാറുവാനും അതുമുഖേന ഐക്യമത്യം നമ്മിലൂട്ടാനും സർവ്വശക്തനായ അല്ലാഹു ഏർപ്പെടുത്തിയിരിക്കുന്ന ഒരു വൻ പദ്ധതിയാണ് ജമാഅത്ത് നമസ്കാരം. മററുള്ളവരുടെ പ്രശ്നങ്ങൾ നേരിട്ടറിയാനും അവക്ക കൂട്ടമായി പരിഹാരം കണ്ടെത്താനുമുതകത്തക്കവിധം ഒരു ദിവസത്തിൽ പല പ്രാവശ്യം കണ്ടുമുട്ടാനുള്ള സാഹചര്യം അല്ലാഹു നമുക്ക് സൃഷ്ടിച്ചുതന്നിരിക്കുകയാണ് ഇതിലൂടെ. എന്നാൽ ഇതിൻെറ പ്രാധാന്യം ഗ്രഹിക്കാതെ- അല്ലെങ്കിൽ മനസ്സിലായിട്ടും ശ്രദ്ധിക്കാതെ പിന്തിരിയുന്നവരെക്കുറിച്ച് എന്തു പറയാൻ? അതെ, അല്ലാഹു നമ്മിൽ നന്മ ചെയ്യാൻ ആഗ്രഹിക്കുന്നു. നമുക്കതു് വേണമെന്നില്ലെങ്കിലോ? കഷ്ടം തന്നെ നമ്മുടെസ്ഥിതി!.പല മഹല്ലുകളിലേയും പള്ളികൾ വിജനമായി ഇമാമും മുക്രിയും മാത്രം കടമ നിർവ്വഹിച്ചു പോകുന്ന ദുരവസ്ഥ കാണുമ്പോൾ അല്പമെങ്കിലും ഈമാനുള്ള ഹൃദയം നടുങ്ങുന്നു. സമുദായമേ! ഇനിയെങ്കിലും ഒന്നുണരൂ! സമൂഹത്തിൻെറ നലിനിൽപ്പുതന്നെ എല്ലാ ഭാഗത്തുനിന്നും ചോദ്യം ചെയ്യപ്പെടുന്ന ഈ അത്യാസന്ന ഘട്ടത്തിലെങ്കിലും നമ്മുടെ ഹൃദയങ്ങൾ അടുക്കട്ടെ. ഐക്യം നില നിർത്തുന്ന ഇത്തരം ആരാധനകൾ മുഖേന ശക്തി

യാജ്ജിക്കുക. പ്രവാചകചര്യയിലേക്ക് ധ്രുതഗതിയിൽ മടങ്ങിവന്നു് ജീവിതത്തിൽ വിജയമുണ്ടാക്കുക. അല്ലാഹു നമ്മെ അതിനനുഗ്രഹിക്കട്ടെ!.

# മര്യാദകൾ

ജമാഅത്ത് നമസ്കാരം അടുക്കും ചിട്ടയോടും കൂടിയായിരിക്കണം നിർവ്വഹിക്കേണ്ടതു്. ഇമാം മിഹ്റാബിലേക്ക് വരുന്നതു് കാണുമ്പോൾ മുഅദ്ദിൻ ഇഖാമത്തിനൊരുങ്ങണം. അപ്പോഴേക്കും ആളുകൾ അണിയായി നിൽക്കണം. അണികൾ ശരിപ്പെടുത്താൻ വേണ്ടി വരികയാണെങ്കിൽ ഇമാം ഉപദേശിക്കണം. മുഅദ്ദിൻ ഇമാമിനുനേരെ പിന്നിൽ വലതുവശത്തും പിന്നീടുള്ള ആൾ അതിനടുത്തും പിന്നീട് വലത്തും പിന്നീടു് ഇടത്തും. ഈ ക്രമത്തിലാണ് അണിനിരക്കേണ്ടതു്. അല്ലാതെ ഏതെങ്കിലും ഒരു മൂലയിൽ നിന്നോ അററത്ത് നിന്നോ അണി തുടങ്ങരുതു്. കാൽമടമ്പുകൾ ഒരേ നിലയിൽ വരത്തക്കവിധമാണ് നിൽക്കേണ്ടതു്. വിരലുകളുടെ അററമല്ല പരിഗണിക്കുക, ഇടതൂർന്നു് വിടവുകളില്ലാതെയായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

പുരുഷന്മാർക്ക് പിന്നിൽ കുട്ടികളും അവക്കു പിന്നിൽ സ്ത്രീകളും, ഈ ക്രമത്തിൽ അണിനിരക്കുക. രണ്ടു അണികൾക്കിടയിൽ ഒരാൾക്ക് സുജൂദ് ചെയ്യാനുള്ള സ്ഥലത്തേക്കാളേറെ അകലം ഉണ്ടാകരുതു്. പള്ളി വിശാലമാണെന്നു് വിചാരിച്ച് അകന്നകന്നു് അണികൾ ഉണ്ടാകരുതു്. എല്ലാവരും അണിനിരന്നു കഴിഞ്ഞാൽ ഉടൻ മുഅദ്ദിൻ ഇഖാമത്ത് വിളിക്കണം. ഇഖാമത്ത് തീർന്നയുടൻ ഇമാം തക്ബീർ ചൊല്ലി നമസ്കാരത്തിൽ പ്രവേശിക്കുകയും വേണം. ബാങ്കു വിളിച്ചതിനു ശേഷമുള്ള പ്രാർത്ഥന ചിലർ ഇവിടെ ഉരുവിടുന്നതും, നിയ്യത്ത് വെക്കുക എന്ന പേരിലുള്ള ചില വാചകക്കസർത്തുകൾ നടത്തി അടുത്തുള്ളവരേപ്പോലും ആശയക്കുഴപ്പത്തിലാക്കുന്ന ചില സമ്പ്ര

ദായങ്ങൾ പ ലയിടത്തും കാണാം. പ്രവാചകചര്യക്ക് നിരക്കാത്തവയാണിതെല്ലാം.ഹൃദയത്തിലുണ്ടാകേണ്ട ഉദ്ദേശമാണ് നിയ്യത്ത്. അല്ലാതെ ഉരുവിട്ടതുകൊണ്ടുണ്ടാകുന്നതല്ല.

ഇമാം തക്ബീർ ചൊല്ലി നമസ്കാരത്തിൽ പ്രവേശിച്ചാലുടൻതന്നെ എല്ലാവരും നമസ്കാരത്തിൽ പ്രവേശിക്കണം. അത് ഏററവുമധികം പുണ്യം ലഭ്യമാകാൻ കാരണമാണെന്ന് നബി(സ) ഉപദേശിച്ചിരിക്കുന്നു. പ്രാരംഭ പ്രാർത്ഥന (ദുആഉൽഇഫ്തിതാഹ്, വജ്ജഹ്തു...) കഴിഞ്ഞാൽ ഇമാമിൻെറ ഫാത്തിഹക്കൊപ്പം തന്നെ ശബ്ദം ഒരിക്കലും ഉയർത്താതെ മഅ്മൂമുകൾ ഫാത്തിഹ ഓതലാണുത്തമം. കാരണം ഇമാമിൻെറയും മഅ്മൂമിൻേറയും 'ആമീൻ'കൾ ഒന്നിച്ചാകൽ പ്രതിഫലാർഹമായ കാര്യമാണെന്ന് പ്രവാചകൻ അരുൾ ചെയ്തിരിക്കുന്നു. 'ആമീൻ'കൾ ഉറക്കെയായിരിക്കണമെന്നും ചെറുപ്രകമ്പനം സൃഷ്ടിക്കത്തക്കതായിരിക്കണമെന്നുമുള്ള ചില നിർദ്ദേശങ്ങൾ ഹദീസുകളിൽ കാണാം. ഇമാംഫാത്തിഹക്ക് ശേഷം സൂറത്ത് തുടങ്ങിയാൽ നിശ്ശബ്ദരായി കേട്ടുനില്ക്കുകയാണ് മഅ്മൂമുകൾ വേണ്ടത്. സൂറത്തുകൾ ഇമാമിനോടൊന്നിച്ച് പാരായണം ചെയ്യേണ്ടതില്ല. ഇമാമിനോടൊന്നിച്ചോ ഉടനെയോ റുകൂഉകളും സുജൂദുകളും, മററുള്ളവയുമെല്ലാം മഅ്മൂമുകളും ചെയ്യുക. ഒരിക്കലും ഇമാമിനേക്കാൾ മുൻപാകരുത്. നബി(സ) പറയുന്നു. 'കഴുതത്തലകളുമായി ഉയർത്തെഴുന്നേൽപ്പുനാളിൽ ചിലരെ അല്ലാഹു ആഗതരാക്കും. അവർ നമസ്കാരത്തിൽ ഇമാമിനെ കവച്ചുവെച്ചവരാണ്'.

പിന്നിലുള്ളവരെ തികച്ചും പരിഗണിച്ചായിരിക്കണം ഇമാം നമസ്ക്കാരം ദീർഘിപ്പിക്കുന്നതും ചുരുക്കുന്നതുമെല്ലാം. കണക്കിലധികം ദീർഘിപ്പിച്ചതിനാൽ വിഷമിച്ചുപോയ മഅ്മൂമുകൾ നബി(സ) യുടെ സന്നിധിയിൽ ആവലാതിപ്പെട്ടപ്പോൾ അത്തരം ഇമാമുകളെ താക്കീത് ചെയ്ത സംഭവം വിവരിക്കുന്ന നിരവധി ഹദീസുകളുണ്ട്.

വഴിയാത്രക്കാർ, രോഗികൾ, വൃദ്ധന്മാർ, കുട്ടികൾ, അത്യാവശ്യക്കാർ എന്നിവരൊക്കെ തന്റെ പിന്നിലുണ്ടാകുമെന്ന ബോധം ഇമാമിനുണ്ടാകണം. 'നമസ്ക്കാരം ദീർഘിപ്പിക്കണമെന്നുദ്ദേശിച്ച് ഞാൻ നമസ്ക്കാരത്തിൽ പ്രവേശിക്കും. പക്ഷെ, കുട്ടികളുടെ കരച്ചിൽ കേൾക്കുമ്പോൾ അവരുടെ മാതാക്കൾ വിഷമിക്കുമെന്ന ഭയത്താൽ ഞാൻ ചുരുക്കും.' എന്ന് നബി(സ)പറഞ്ഞതായി ബുഖാരി റിപ്പോർട്ട് ചെയ്യുന്നു. നമസ്ക്കാരം ആരംഭിച്ചുമുതൽ അവസാനിക്കുംവരെ വിവിധ ചിന്തകളിൽ നിന്നു മനസ്സിനെ ശരിക്കും നിയന്ത്രിച്ചുനിർത്തണം. അല്ലാഹുവുമായുള്ള കൂടിക്കാഴ്ചയിലാണ് (മുനാജാത്തിലാണ്) താനെന്ന ബോധമായിരിക്കണം നമ്മെ നയിക്കേണ്ടത്. നബി (സ) പറയുന്നു: നിന്റെ നാഥനെ നീ ആരാധിക്കുക—അവനെ കൺമുമ്പിൽ കാണുന്നപോലെ. നീ (നിന്റെ നഗ്നനേത്രങ്ങൾകൊണ്ട്) അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്.' അതായത് നമ്മുടെ ഹൃദയംകൊണ്ടാണവനെ നാം കാണേണ്ടത് എന്നു സാരം. ഇമാമിനേക്കാൾ ശബ്ദമുയർത്തി ഒന്നും ചൊല്ലാതിരിക്കലാണ് (ആമീൻ ഒഴികെ) ഉത്തമം.

ഇമാം 'ആദ്യത്തെ സലാം' വീട്ടിയാൽ മററുള്ളവരും അപ്രകാരം ചെയ്യണം. പിന്നീട് രണ്ടാമത്തേതും. ഇമാം രണ്ടും ചൊല്ലിക്കഴിയുവോളം കാത്തിരിക്കണമെന്നില്ല. രണ്ടും ഇമാമിനോടൊപ്പമായിരിക്കലാണ് നല്ലത്. നമസ്ക്കാരം അമിതമായ വേഗതയിൽ നിർവ്വഹിക്കുന്നത് റസൂൽ (സ) നിരോധിച്ചിരിക്കുന്നു. അത്തരം നമസ്ക്കാരക്കാർക്ക് നാശമുണ്ടാകട്ടെ- എന്നു നബി (സ) പ്രാർത്ഥിച്ചിരിക്കുന്നു. 'ചില കോഴികൊത്തു നമസ്ക്കാരക്കാർ' എന്നാണവരെ നബി (സ) ഉപമിച്ചിരിക്കുന്നത്. പരിശുദ്ധ റംസാനിൽ രാത്രികളിലെ ഏററവും മഹത്തായ സുന്നത്ത് നമസ്ക്കാരം അതി ധൃതിയിൽ നിർവ്വഹിക്കുന്ന ആളുകൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

# അദ്ധ്യായം രണ്ട്

## തയ്യാറെടുപ്പ്

# الباب الثاني

## استعدادات

# നജസും ശുദ്ധീകരണവും

മലം, മൂത്രം, രക്തം, ചലം, ഛർദ്ദിച്ചത്, മദ്‌യ് (കാമവികാര വേളയിൽ ജനനേന്ദ്രിയത്തിലൂടെ പുറത്ത്‌വരുന്ന ദ്രാവകം)വദ്‌യ്(ഭാരം ചുമക്കുമ്പോഴും, മൂത്രവിസർജ്ജനാനന്തരമോവരുന്നദ്രാവകം)ലഹരി പദാർത്ഥങ്ങൾ എന്നിവയും നായ പന്നി എന്നീ ജീവികളും, മനുഷ്യൻ, മത്സ്യം, ജറാദ് (ഒരുതരം വെട്ടുകിളി)എന്നിവ ഒഴികെയുള്ള എല്ലാ ശവങ്ങളുമാണ് നജസുകൾ(മാലിന്യങ്ങൾ.)ഇവയെ 'ഐൻനജസുകൾ'(സത്ത തന്നെ അശുദ്ധമായവ)എന്നു പറയുന്നു. ഇത്തരം നജസുകളിൽ നിന്നു്, നമസ്ക്കരിക്കുന്ന സ്ഥലവും, വസ്ത്രവും, ശരീരവും പൂർണ്ണമായും ശുദ്ധമായിരിക്കണം. ഇത് നമസ്ക്കാരം ശരിയാകുന്നതിനുള്ള 'ശർഥു'(നിബന്ധന)കൂടിയാണ്.

'ഐൻനജസുകളിൽ നായയുടെയും, പന്നിയുടെതുമല്ലാത്ത ശവത്തിൻെറ തോലുകൾ ഊറക്കിട്ടാൽ ശുദ്ധമാകുന്നതാണ്. ലഹരിപദാർത്ഥം സ്വയമിരുന്നു സുർക്കയായി രൂപാന്തരപ്പെട്ടാൽ അവയും ശുദ്ധമാണ്. മററു നജസുകൾ സ്വയമേവ ശുദ്ധമാകുന്നവയോ ശുദ്ധമാക്കാൻ പററുന്നവയോ അല്ല. അവ വസ്ത്രത്തിലോ മറേറാ ആയാൽ ശുദ്ധമാകുംവരെ കഴുകുക. രണ്ടു ഖുല്ലത്തു (ഒന്നേകാൽ മുഴം വീതം നീളവും വീതിയും ആഴവുമുള്ള ഒരു കുഴിയിലോ പാത്രത്തിലോ ഉൾക്കൊള്ളുന്ന വെള്ളം) വെള്ളത്തിൽ താഴെയുള്ളതിൽ നജസ് വീണാൽ ആ വെള്ളം മുഴുവൻ അശുദ്ധമാകുന്നതാണ്. അതിൽ കൂടിയതിൽ നജസ് വീഴുകയും വെള്ളത്തിനു് നിറവ്യത്യാസവും. മണവും രുചിയുമുണ്ടായിത്തീരുകയും ചെയ്താൽ ആ വെള്ളം നജസായിത്തീരും.

നായ തലയിട്ട പാത്രം ഏഴുപ്രാവശ്യം കഴുകണം. അതിൽ ഏതെങ്കിലും ഒരു പ്രാവശ്യത്തേതു് മണ്ണു കലർത്തിയ വെള്ളംകൊണ്ടായിരിക്കണം. കൊതുക്, മൂട്ട,ചെള്ള്, പാററ മുതലായവയുടെ രക്തവും, ചൊറി മുതലായവ

യിൽനിന്നുള്ള കറഞ്ഞ രക്തവും, ചലവും, ഈച്ച, വാവൽ മുതലായവയുടെ മലമൂത്രവും നജസുകളല്ല. പാൽ മാത്രം ഭക്ഷിച്ചിട്ടുള്ള ചെറിയ ആൺകുട്ടികളുടെ മൂത്രം വസ്ത്രത്തിലോ മറ്റോ ആയാൽ അതിൽ വെള്ളം തളിച്ചാൽ മതി. നജസായ വസ്തുക്കളുടെ മേൽ വെള്ളമൊഴിച്ചു കഴുകുകയാണ് വേണ്ടതു്.

മലമൂത്ര വിസർജ്ജനശേഷം ആ ഭാഗങ്ങൾ നന്നായി ശുചിയാക്കണം. അതിനേററവും ഉത്തമം വെള്ളമാണ്. കടലാസ്സ്, ശീല, കല്ല് എന്നിവ നജസ് വലിച്ചെടുക്കാനുതകുന്നവയാണെങ്കിൽ അത്തരം വസ്തുക്കൾകൊണ്ടും ശൗച്യംചെയ്യാവുന്നതാണ്. വെള്ളംകൊണ്ട് ശൗച്യം ചെയ്യുന്നതിനു് മുമ്പും ഇത്തരം വസ്തുക്കൾകൂടി ഉപയോഗിക്കുന്നതു് നല്ലതുതന്നെ.

മനുഷ്യശുക്ളം നജസല്ല എന്നതാണ് പ്രാമാണികാഭിപ്രായം. കഫം, മൂക്കട്ട, തുപ്പുനീർ, മാംസം ഭക്ഷിക്കപ്പെടുന്ന മൃഗങ്ങളുടെ കേല എന്നിവയും നജസുകളല്ല. എങ്കിലും ഇവകളും വെള്ളംകൊണ്ട് ശുദ്ധീകരിക്കുകയാണ് വേണ്ടതെന്നു പ്രവാചകൻെറ ചര്യകളിൽനിന്നു വ്യക്തമാകുന്നു.

# ഋതുരക്തം

حَيْض എന്ന അറബി പദത്തിൻെറ അർത്ഥമാണ് ഋതുരക്തം (ആർത്തവം) എന്നു പറയുന്നതു്. സ്ത്രീകൾക്ക് പതിമൂന്നോ പതിനാലോ വയസ്സ് പ്രായമാകുമ്പോൾ ആർത്തവം ആരംഭിക്കുന്നു. ഇതോടെ സ്ത്രീകൾ പ്രായപൂർത്തിയായവരായി ഗണിക്കപ്പെടുന്നു. അപൂർവ്വമായി ചിലർക്ക് ജീവിതത്തിലൊരിക്കലും ആർത്തവമുണ്ടായില്ലെന്നു വരാം. മററു ചിലർക്ക് പത്ത് വയസ്സിനു മുൻപുതന്നെ ഉണ്ടായെന്നും വരും. മാസംതോറും ഉണ്ടാകാറുള്ള ഈ രക്തം ഒരു പൂർണ്ണദിവസമെങ്കിലും

ഉണ്ടാകും. മിതമായി ഏഴ ദിവസവും കവിഞ്ഞാൽ പതിനഞ്ചു ദിവസം വരെയും ഉണ്ടാകാം. ഒരു ദിവസത്തേക്കാൾ കുറഞ്ഞാലും പതിനഞ്ചു ദിവസത്തേക്കാൾ കൂടിയാലും അത് രോഗലക്ഷണമായി കണക്കാക്കപ്പെടും. അപ്പോൾ അതു ആർത്തവമല്ല. ആർത്തവരക്തം മഞ്ഞ കലർപ്പുള്ള ചുവന്ന രക്തമായിരിക്കും.

ആർത്തവമുള്ളപ്പോൾ നോമ്പും, നമസ്കാരവും വലിയ അശുദ്ധിയിൽ ഹറാമാകുന്ന എല്ലാ കാര്യങ്ങളും നിഷിദ്ധം തന്നെ. ആർത്തവം തീരുന്നതുവരെയുള്ള നമസ്ക്കാരം നിർവ്വഹിക്കേണ്ടതില്ല. എന്നാൽ നോമ്പ് മററു ദിവസങ്ങളിൽ ശുദ്ധിയായശേഷം നോററു വീട്ടേണ്ടതാണ്.

## പ്രസവരക്തം

സ്ത്രീകൾക്ക പ്രസവാനന്തരം സ്രവിക്കുന്ന രക്തമാണ് നിഫാസ്(പ്രസവരക്തം)- കുറഞ്ഞത് ഒരു നിമിഷമോ. സാധാരണയിൽ നാൽപതോളം ദിവസമോ, കൂടിയാൽ അറുപത് ദിവസമോ ഇതുണ്ടാകുന്നതാണ്. അതിൽ കവിഞ്ഞാൽ രോഗകാരണമായിരിക്കും: ആർത്തവക്കാരികൾക്ക് ഹറാമായതെല്ലാം ഇവർക്കും നിഷിദ്ധമാണ്.

രക്തം സ്രവിക്കുന്നത് നിന്നുകഴിഞ്ഞാൽ കുളിച്ച് ശുദ്ധിയായി ആരാധനകൾ നിർവ്വഹിക്കണം. നമ്മുടെ നാടുകളിലെ സ്ത്രീകൾ രക്തവാർച്ച അവസാനിച്ചാലും ദിവസം തികയ്ക്കുവാനായി ഒരുങ്ങിക്കിടന്ന് അത്രയും നാളത്തെ നമസ്ക്കാരവും മററും ഒഴിവാക്കുന്നത് അപകടകരമാണ്. പ്രസവരക്തം കുറച്ചു ദിവസങ്ങളെ സാധാരണ സ്ത്രീകൾക്കുണ്ടാകാറുള്ളൂ. നാല്പത് ദിവസം തുടർച്ചയായി ഉണ്ടാകുക അപൂർവ്വമാണ്. അതിനിടയിൽ അവർക്കും രക്തം നിലക്കും. അപ്പോൾ മുതൽതന്നെ അവർക്കും ശുദ്ധമാകാവുന്നതാണ്.

# രക്തസ്രാവം

ഋതുരക്തത്തിന്റേയും പ്രസവ രക്തത്തിന്റേയും കൂടിയ പരിധികൾക്കു ശേഷവും രക്തം കാണുകയാണെ ണെങ്കിൽ അത് 'ഇസ്തിഹാളത്ത്'(രക്തസ്രാവം) ആയിരിക്കും. ഇവർ നിത്യ അശുദ്ധിക്കാരാണ്. ഇവർ നോമ്പും നമസ്കാരവും നിർവ്വഹിക്കേണ്ടതുണ്ട്. ഋതുരക്തത്തിന്റെ മാസമുറയിലെ ദിവസങ്ങൾ ക്ലിപ്തപ്പെടുത്തി അത്രയും ദിവസം ആർത്തവമായി കണക്കാക്കുക. ശേഷമുള്ള ദിവസങ്ങൾ രക്തസ്രാവ ദിനങ്ങളായി അവർ എണ്ണുക.

രക്തസ്രാവമുള്ളപ്പോൾ സംയോഗം അനുവദനീയമാണ്, എണ്ണപ്പെട്ട ആർത്തവനാളുകൾക്ക് ശേഷം ശുദ്ധിയായി നമസ്ക്കാരവും മററും അനുഷ്ഠിക്കണം. ഇവർ ഓരോ നമസ്ക്കാരത്തിനും സമയം പ്രവേശിച്ച കഴിഞ്ഞ ശേഷം വുദു ചെയ്യുക. വുദുവിന്മുമ്പ് ഗുഹ്യാവയവം കഴുകി പഞ്ഞിയും ശീലയുമുപയോഗിച്ച് താറുകെട്ടണം. അടുത്ത വഖ്ത്തിന് ഈ കെട്ടിയ പഞ്ഞിയും ശീലയും രക്തത്തിൽ കതിർന്നെങ്കിൽ മാററി പുതിയവ വെച്ച് വുദു ചെയ്ത് നമസ്ക്കരിക്കണം. ഇങ്ങിനെ വെച്ചുകെട്ടുകയും വുദു ചെയ്യുകയും ചെയ്ത ശേഷം അൽപം രക്തം വന്നാൽതന്നെ അതു ഗൗനിക്കേണ്ടതില്ല. താമസം വരുത്താതെ ഉടനെ നമസ്ക്കരിക്കണമെന്നു മാത്രം. കർമ്മശാസ്ത്ര പണ്ഡിതന്മാർ ഫിഖ്ഹ് ഗ്രന്ഥങ്ങളിലൂടെ രക്ത സ്രാവമുള്ള സ്ത്രീകൾക്കു കഠിനവും അപ്രായോഗികവുമായ ചില നിർദ്ദേശങ്ങൾ നൽകിക്കാണുന്നു. അവ അവരെ ഭയപ്പെടുത്തുന്നതിനും തൻമൂലം ആരാധനാ കർമ്മങ്ങളിൽനിന്നവരെ പിന്തിരിപ്പിക്കുന്നതിനും വഴിവെക്കുന്നുണ്ടെന്ന് പ്രത്യേകം സ്മരണീയമാണ്.

# വലിയ അശുദ്ധി

**കുളി നിർബ്ബന്ധമാക്കുന്ന കാര്യങ്ങളുണ്ടായാൽ അവനെ വലിയ അശുദ്ധിയുള്ളവൻ എന്നു പറയുന്നു. ഉറക്കിലോ, ഉണർച്ചയിലോ ഇന്ദ്രിയ സ്ഖലനം സംഭവിക്കുക, (ഇതു് സംഭവിച്ചവർക്കു ജനാബത്തുകാർ എന്നുപറയുന്നു). ആർത്തവമുണ്ടാകുക, സംയോഗം ചെയ്യുക, പ്രസവിക്കുക, പ്രസവ രക്തം പുറപ്പെടുക എന്നീ കാരണങ്ങളാൽ കുളി നിർബ്ബന്ധമായിത്തീരുന്നു. ഇത്തരം ഘട്ടങ്ങളിൽ കുളിക്കുന്നതിനു് മുമ്പ് താഴെ പറയുന്ന കാര്യങ്ങൾ നിഷിദ്ധ (ഹറാം) മാകുന്നു.**

1. **പള്ളിയിൽ താമസിക്കൽ.**
2. **ആർത്തവക്കാരി, പ്രസവിച്ചവൾ, പ്രസവരക്തമുള്ളവൾ എന്നിവർ സംയോഗം ചെയ്യൽ.**
3. **നമസ്ക്കരിക്കൽ.**

സ്ഖലനം സംഭവിച്ചിട്ടില്ലെങ്കിലും കുളി നിർബന്ധമാണെന്നു താഴെ പറയുന്ന നബിവചനം പഠിപ്പിക്കുന്നു. ''അബൂഹുറൈറ (റ) യിൽനിന്ന് റിപ്പോർട്ട്: നബി (സ.അ) പറഞ്ഞു: അവളുടെ (ഭാര്യയുടെ) നാലു വശങ്ങളിലുമായി അവൻ ഇരുന്നു. അവളുമായി മെനക്കെട്ടു. നിശ്ചയം, കുളി അവന്നു നിർബന്ധമായി (ബുഖാരി. മുസ്ലിം). ഇമാം മുസ്ലിമിൻെറ മറ്റൊരു റിപ്പോർട്ടിൽ 'സ്ഖലനം സംഭവിച്ചിട്ടില്ലെങ്കിലും'' എന്ന പദവുംകൂടി വന്നിട്ടുണ്ട്.

# കുളി

കുളിക്കുകയാണെന്ന നിയ്യത്തും ശരീരം മുഴുവൻ വെള്ളമൊഴുക്കി കഴുകലുമാണ് കുളിയുടെ ഫർളുകൾ. ശരീരത്തിലെ മാലിന്യങ്ങൾ നീക്കുക, ആദ്യത്തിൽ 'വുസു' ചെയ്യുക, ബിസ്മി ചൊല്ലുക, തലമുടി വിരൽ കൊണ്ട് ചീകിക്കഴുകുക, മൂന്നു പ്രാവശ്യം ശരീരത്തിൽ വെള്ളമൊഴുക്കുക എന്നിവ കുളിയുടെ സുന്നത്തുകളാണ്. റസൂൽകരീം (സ)യുടെ കുളിയെ സംബന്ധിച്ച് ആയിഷ (റ) യിൽ നിന്നു ബുഖാരിയും, മുസ്‌ലിമും ഉദ്ധരിച്ച ഹദീസിൽ നിന്നു കുളിയുടെ പൂർണ്ണ രൂപം നമുക്ക് ഗ്രഹിക്കാം.

റസൂൽ(സ) ജനാബത്തു കുളിക്കുമ്പോൾ ആദ്യമായി ഇരുകരങ്ങളും കഴുകും. പിന്നീട് വലത്തേത്കൊണ്ട് ഇടത്തേതിലേക്ക് വെള്ളമൊഴിച്ച് ലൈംഗികാവയവങ്ങൾ കഴുകും. ശേഷം വുസു ചെയ്യും. അനന്തരം വെള്ളം കൈകൾ കൊണ്ട് കോരിയെടുത്ത് മുടിയുടെ ഉള്ളിലേക്കു വിരലുകൾ പ്രവേശിപ്പിക്കും. തുടർന്നു മൂന്നു കോരൽ വെള്ളമൊഴിക്കും. ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലും.(വലതുഭാഗത്ത് ആദ്യം. പിന്നീട് ഇടത്ത്)വെള്ളമൊഴിക്കും. പിന്നീട് കുളിച്ചിരുന്ന സ്ഥലത്ത് നിന്ന് മാറിനിന്നു കാലിൽ വെള്ളമൊഴിക്കും.' (ബുഖാരി, മുസ്‌ലിം)

സ്ത്രീകളും വലിയ അശുദ്ധിയുടെ കുളി ഇപ്രകാരം തന്നെയാണ് നിർവ്വഹിക്കേണ്ടത്. ശരീരത്തിലെ ചുളിവുകളും ഇറുകിയ ഭാഗങ്ങളും സൂക്ഷിച്ചു കഴുകുക. അഴുക്ക് മുഴുവൻ പോകാനുതകുന്ന വസ്തുക്കൾ ഉപയോഗിക്കുക എന്നിവ ശ്രദ്ധിക്കേണ്ടതാണ്. കുളിയുടെ സുന്നത്തായ വുസു ചെയ്യുമ്പോൾ കാൽ കഴുകാതെ അവസാനമായാണ് കാൽ കഴുകേണ്ടത്.

നിർബന്ധമില്ലെങ്കിലും താഴെപറയുന്നവക്കുവേണ്ടി കുളിക്കൽ ഇസ്ലാം ഐച്ഛികമായി നിർദ്ദേശിച്ചിരിക്കുന്നു.

1. വെള്ളിയാഴ്ചകളിലേയും പെരുന്നാളുകളിലേയും ജുമുഅകൾക്കുവേണ്ടി.
2 മയ്യിത്ത് കുളിപ്പിച്ച വ്യക്തി
3. അമുസ്ലിം ഇസ്ലാംമതം സ്വീകരിച്ചാൽ
4. കൊമ്പ് വെച്ചതിന്നുവേണ്ടി. [1]

**നമസ്ക്കാരം പൂർണ്ണമായും ഭക്തിനിർഭരമാവണമെങ്കിൽ അവയുടെ ക്രമങ്ങളും രൂപങ്ങളും നമസ്ക്കാരത്തിലേക്ക പ്രവേശിക്കുന്നതിന് മുൻപുതന്നെ ഗ്രഹിച്ചിരിക്കണം. ചെറിയതും വലിയതുമായ അശുദ്ധിയിൽ നിന്ന് ശുദ്ധമായിരിക്കണം. ചെറിയ അശുദ്ധിയിൽ നിന്ന് ശുദ്ധമാകുവാൻ 'വുസുവും' വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധമാകാൻ കുളിയും ഇസ്ലാം നിഷ്കർഷിച്ചിരിക്കുന്നു. അശുദ്ധവാൻെറ നമസ്ക്കാരം സ്വീകാര്യയോഗ്യമല്ല. 'ഭക്തി' ആത്മീയ ശുദ്ധിയാണ്. വുസുവും കുളിയും ശാരീരിക ശുദ്ധിയും.**

---

1. അശുദ്ധരക്തം ശരീരത്തിൽനിന്ന് നീക്കം ചെയ്യുന്ന ചികിൽസാരീതി.

# അംഗശുദ്ധി

സ്വയം ശുദ്ധിയുള്ള, മററൊന്നിനെ ശുദ്ധമാക്കാൻ കെൽപ്പററ സ്വച്ഛമായ (ത്വഹൂറായ) വെള്ളംകൊണ്ടാണ് 'വുസൂ'വും, കുളിയും നടത്തേണ്ടത്. ആദ്യമായി വുസൂവിനെക്കുറിച്ച് മനസ്സിലാക്കാം.

'വുസൂ' ചെയ്യുകയാണെന്ന ഉദ്ദേശത്തോടെ (നിയ്യത്തോടെ) യാണ് ആരംഭിക്കേണ്ടത്. ആദ്യമായി ബിസ്മി ചൊല്ലിക്കൊണ്ട് പല്ലും വായയും കഴുകുക. പിന്നീട് കൈപ്പടം രണ്ടും കഴുകി മൂന്നു പ്രാവശ്യം വീതം വായിൽ വെള്ളം കവിൾകൊള്ളുകയും അതിനോടൊപ്പം മൂക്കിൽ വെള്ളം കയററി ചീററുകയും ചെയ്യുക. റസൂൽ കരീം (സ)യുടെ 'വുസൂ'വിനെക്കുറിച്ച് ഇംറാൻ (റ)വിൽനിന്ന് മുസ്ലിം ഉദ്ധരിച്ച ഹദീസ് കാണുക.

'അദ്ദേഹം പറഞ്ഞു. ഒരിക്കൽ ഉസ്മാൻ (റ) കുറച്ച് വെള്ളം ആവശ്യപ്പെടുകയും താഴെ പറയുംപ്രകാരം 'വുസൂ' എടുക്കുകയും ചെയ്തു. അദ്ദേഹം മൂന്ന് പ്രാവശ്യം മുൻകൈകൾ കഴുകി. ശേഷം കുലുക്കുഴിയുകയും മൂക്കിൽനിന്നു വെള്ളം ചീററിക്കളയുകയും ചെയ്തു. പിന്നീട് മൂന്നു പ്രാവശ്യം മുഖം കഴുകി. അനന്തരം വലതും ഇടതും കൈകൾ മുട്ടുവരെ മൂന്നുപ്രാവശ്യം വീതം കഴുകി. പിന്നീട് തല[1] തടവി. ശേഷം വലംകാലും പിന്നീട് ഇടംകാലും മൂന്നു പ്രാവശ്യം വീതം ഞെരിയാണിവരെ കഴുകി എന്നിട്ടദ്ദേഹം ഇപ്രകാരം പറഞ്ഞു. ഇപ്രകാരം റസൂൽ (സ) 'വുസൂ' ചെയ്തശേഷം അരുളി- 'വല്ലവനും ഞാൻ ചെയ്ത ഈ വുസൂ പോലെ അംഗശുദ്ധി വരുത്തി രണ്ടു റക്അത്ത് നമസ്ക്കരിച്ചാൽ അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.' (മുസ്ലിം).

---

1. തല തടവൽ ഒരു പ്രാവശ്യമെയുള്ളു. വെള്ളത്തിൽ കൈ മുക്കിയശേഷം ഇരു കരങ്ങളുടെയും തള്ളവിരലുകൾ രണ്ടു ചെന്നികളിൽ വെച്ച് തലയുടെ മുകൾഭാഗത്തു നിന്നു തുടങ്ങി പിൻഭാഗം വരേയും അവിടെനിന്ന് തിരിച്ചും തടവുക. ഇതാണ് റസൂൽ (സ) യുടെ മാതൃക.

നബി (സ.അ) തലതടവുന്നതോടൊപ്പമാണ് ചെവികളും തടവിയിരുന്നത്. അകവും പുറവും അവിടുന്നു തടവിയിട്ടുണ്ട്. ചെവികൾ തടവാൻമാത്രം പുതുതായി വെള്ളം എടുത്തിട്ടില്ല എന്നാണ് സഹീഹായ ഹദീസുകളിൽ വന്നിട്ടുള്ളത്. പാത്രങ്ങളിൽ നിന്നാണ് വുളുചെയ്യുന്നതെങ്കിൽ കൈകൾ പാത്രത്തിലേക്ക് പ്രവേശിപ്പിക്കും മുമ്പ് വെള്ളം ചെരിച്ചെടുത്ത് മൂന്നു തവണ കൈകൾ കഴുകിയശേഷമേ പാത്രത്തിൽ കൈയിട്ടു വെള്ളമെടുക്കാവൂ. ഹദീസുകളിൽ അപ്രകാരം വന്നിട്ടുണ്ട്.

വുസുവിന്നു് അമിതമായി വെള്ളമുപയോഗിക്കരുത്. വീട്ടിന്നു മുമ്പിലൂടെ ഒഴുകുന്ന പുഴയിൽനിന്നായാലും മൂന്നിലധികം പ്രാവശ്യം കഴുകരുതെന്നുള്ള നബി (സ) യുടെ ഉപദേശം ശ്രദ്ധാർഹമാണ്.

നിയ്യത്ത്, മുഖം കഴുകൽ, കൈ രണ്ടും മുട്ടോടെ കഴുകൽ, തലതടവൽ, കാൽ കഴുകൽ. ക്രമപ്രകാരമാകൽ എന്നിവ ഫർളുകളായും അംഗങ്ങളിൽ വെള്ളമൊലിപ്പിക്കുക, വെള്ളം ചേരുന്നതിന്നു തടസ്സമുള്ള പദാർത്ഥങ്ങൾ അംഗങ്ങളിലില്ലാതിരിക്കുക എന്നിവ ശർത്തുകളായും എണ്ണുന്നു.

ബിസ്മി ചൊല്ലുക, മിസ്‌വാക്കുചെയ്യുക, കൈപ്പടം കഴുകുക, വായിലും മൂക്കിലും വെള്ളം ചേർക്കുക, ചെവികൾ തടവുക, തേച്ചുരക്കുക, വലത്തേതാദ്യം ചെയ്യുക തിങ്ങിയ താടി ചീകിക്കഴുകുക, ഖിബ്‌ലക്കഭിമുഖമായിരിക്കുക, കൈകാലുകൾ കയററിക്കഴുകുക, മൂന്നു പ്രാവശ്യമായിരിക്കുക എന്നിവ വുസുവിൻെറ സുന്നത്തുകളാണ്. ഓരോ അവയവങ്ങളും കഴുകുമ്പോൾ പ്രത്യേകമായി ഒന്നും ചൊല്ലുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. വുസു കഴിഞ്ഞാൽ ഇപ്രകാരം പ്രാർത്ഥിക്കുക:

**അശ്‌ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക ലഹു ,വഅശ്‌ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു;അല്ലാഹുമ്മ ഇജ്അൽനീ മിനത്തവ്വാബീൻ,വജ്അൽനീ മിനൽ മുതത്വഹ്ഹിറീൻ.**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ، اَللّٰهُمَّ اجْعَلْنِي مِنَ التَّوَّابِينَ، وَاجْعَلْنِي مِنَ الْمُتَطَهِّرِينَ.

'അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും അവൻ ഏകനും, പങ്കുകാരനില്ലാത്തവനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്(സ)അവന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവേ! എന്നെ, പശ്ചാത്തപിക്കുന്നവരിലും പരിശുദ്ധരിലും ഉൾപ്പെടുത്തേണമേ!'

## വുസു മുറിയുന്ന കാര്യങ്ങൾ

താഴെ പറയുന്ന കാരണങ്ങളാൽ വുസു ദുർബ്ബലപ്പെടുന്നതാണ്:—

1. മലമൂത്ര ദ്വാരങ്ങളിലൂടെ വല്ലതും പുറപ്പെടുക.

2. ഉറക്കം, ബുദ്ധിഭ്രമം, ബോധക്ഷയം, ലഹരി എന്നിവയാൽ വിവേകം നഷ്ടപ്പെടുക.

3. ഉള്ളം കൈകൾ കൊണ്ട് ലൈംഗീകാവയവങ്ങൾ സ്പർശിക്കുക.

4. സംയോഗം ചെയ്യുക.

5. ഒട്ടക മാംസം ഭക്ഷിക്കുക.

നബി (സ.അ)യിൽനിന്ന് ജാബിർ (റ) നിവേദനം ചെയ്യുന്നു: ''ഒരാൾ നബി (സ.അ)യോട് ചോദിച്ചു. ആട്ടിറച്ചി കഴിച്ചാൽ വുളു ചെയ്യണമോ? നബി (സ.അ) പറഞ്ഞു: വേണമെങ്കിൽ. അയാൾ വീണ്ടും: ഒട്ടകമാംസം ഭക്ഷിച്ചാലോ? അവിടുന്നു പറഞ്ഞു: അതേ. (വുളു ചെയ്യണം (മുസ്ലിം). [1]

---

1. തിർമുദി. അബൂദാവൂദ്. ഇബ്നുമാജ എന്നിവരും.

ഈ വിധി ദുർബലപ്പെട്ടെന്നു വാദിക്കുന്ന പണ്ഡിതൻമാരുദ്ധരിക്കുന്ന ഹദീസുകളുടെ പരമ്പര ദുർബലങ്ങളാണ്. (ഇമാം നവവി.)

അബ്ബാദ്ബ്നു തമീം (റ) ഉദ്ധരിക്കുന്നു. ''നമസ്കാരത്തിൽ തനിക്ക് (വുളു മുറിയുന്ന) വല്ലതും സംഭവിച്ചുവോ എന്നു സംശയിച്ച കാര്യം ഒരാൾ നബി (സ. അ) യോട് ആവലാതിപ്പെട്ടു. നബി (സ. അ) പറഞ്ഞു: ശബ്ദം കേൾക്കുകയോ വാസന അനുഭവപ്പെടുകയോ ചെയ്തെങ്കിലല്ലാതെ നമസ്കാരത്തിൽ നിന്നു പിരിഞ്ഞുപോകേണ്ടതില്ല. (വുളു നഷ്ടപ്പെടുകയില്ല എന്നു സാരം). ബുഖാരി. മുസ്ലിം.

ഈ നബിവചനം സംശയാടിസ്ഥാനത്തിൽ വുളു നഷ്ടപ്പെട്ടെന്നു ധരിക്കരുതെന്നും തികച്ചും ഉറപ്പുണ്ടായാൽ മാത്രമേ ഗൗനിക്കേണ്ടതുള്ളൂ എന്നും പഠിപ്പിക്കുന്നു.

മദ്‌യ് (ലൈംഗീക വികാരംകൊണ്ട് മാത്രം ചിലർക്കുണ്ടാകാറുള്ള ദ്രാവകം) പുറപ്പെട്ടാൽ വുളു നഷ്ടപ്പെടുന്നതാണ്. സ്ത്രീകൾക്ക് രോഗകാരണമുള്ള രക്തസ്രാവം വുളു നഷ്ടപ്പെടുത്തും.

ഇരുന്നുകൊണ്ടുള്ള കുറഞ്ഞ സമയത്തെ തൂങ്ങിയുറക്കമോ മയക്കമോ വുളു ദുർബലപ്പെടുത്തുന്നതല്ല.

സ്ത്രീകളെ സ്പർശിച്ചാൽ വുസൂ ദുർബ്ബലപ്പെടുമെന്ന് ചില പണ്ഡിതന്മാർക്കഭിപ്രായമുണ്ട്. പക്ഷെ, റസൂൽ (സ)തൻെറ ഭാര്യമാരിലൊരാളെ ചുംബിച്ച് വുസൂ ചെയ്യാതെ നമസ്ക്കരിച്ചു. ഉറങ്ങിക്കിടക്കുന്ന ആയിഷ(റ)യുടെ കൈകാലുകൾ, നബി(സ)നമസ്ക്കാരത്തിൽ സുജൂദിൻെറ സ്ഥാനത്തുനിന്ന് നീക്കാറുണ്ടായിരുന്നു. ഈ ഹദീസുകൾ സ്ത്രീപുരുഷ ബാഹ്യസ്പർശനത്താൽ വുസൂ മുറിയുകയില്ലെന്നു തെളിയിക്കുന്നു.

മനപൂർവ്വമല്ലാത്ത സ്പർശന മാത്രയിൽ വുളു നഷ്ടപ്പെടുകയില്ല.

വുസൂവില്ലാത്തപ്പോൾ നമസ്കരിക്കാനോ ത്വവാഫ് ചെയ്യാനോ പാടില്ല. വുസൂവില്ലാതെ ഖുർആൻ സ്പർശിക്കാമെന്നും, പാടില്ലെന്നും പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരമുണ്ട്. എന്നാൽ വുസ്വ ചെയ്തേ തൊടാവൂ എന്നും വുസൂവില്ലാതെ തൊടൽ ഹറാമാണെന്നും പറയുന്നത് ശരിയല്ല. സഹീഹും, വ്യക്തവുമായ തെളിവിന്റെ അഭാവമാണിതിന്ന കാരണം.

# തയമ്മും

വെള്ളം ലഭിക്കാതിരിക്കുക, ഉപയോഗിക്കാൻ പററാതെ വരിക, കിട്ടിയ വെള്ളം പാനം ചെയ്യാൻ മാത്രം മതിയായതായി വരിക എന്നീ ഘട്ടങ്ങളിൽ വുസൂവും കുളിയും നടത്താൻ പററാതെ വരുമ്പോൾ വെള്ളത്തിന്ന് പകരം മണ്ണുകൊണ്ട് ശുദ്ധീകരണം നടത്തുന്നതിനെയാണ് 'തയമ്മും' എന്ന് പറയുന്നത്. നമസ്കാരത്തിന്ന് സമയമായിക്കഴിഞ്ഞാൽനിയ്യത്തോടുകൂടിശുദ്ധമായപൊടിമണ്ണിൽ കൈകളടിച്ച് മുഖവും, കൈകളും തടവുകയാണ് ചെയ്യേണ്ടത്. മുഖത്തിന്നായി ഒരിക്കലും കൈകൾക്കായി രണ്ടാമതൊരിക്കലും മണ്ണിലടി ക്കേണ്ടതില്ല എന്നാണ് പ്രാമാണിക നബിവചനങ്ങളിൽ വന്നിട്ടുള്ളത്. ഒരു തവണ അടിച്ചുകൊണ്ടു ആദ്യം മുഖവും പിന്നീട കൈകളും തടവുക. മുൻകൈകളേ തടവേണ്ടതുള്ളു.

വുസൂ കൊണ്ട് അനുവദനീയമായതെല്ലാം 'തയമ്മും' കൊണ്ടും അനുവദനീയമാണ്. വുസൂ ദുർബ്ബലപ്പെടുന്ന കാരണങ്ങളാലും, തയമ്മും ചെയ്യാനുള്ള കാരണങ്ങൾ നീങ്ങുമ്പോഴും തയമ്മും ദുർബ്ബലപ്പെടുന്നതാണ്. 'വുസൂ'വിന്ന പകരം നില്ക്കുന്നതാണ് തയമ്മും. അതിനാൽ 'വുസൂ' കൊണ്ട് ഒന്നിലധികം ഫർസു നമസ്ക്കാരങ്ങൾ നിർവ്വഹിക്കാമെന്നതുപോലെ തയമ്മുംകൊണ്ടും നിർവ്വഹിക്കാവുന്നതാണ്. സുന്നത്ത് നമസ്കാരങ്ങളും അപ്രകാരംതന്നെ.

വുളു ചെയ്യുന്ന അവയവങ്ങളിൽ രോഗമുള്ളവർ ആരോഗ്യമുള്ള ഭാഗം വെള്ളംകൊണ്ട് കഴുകുകയും, വെച്ചുകെട്ടിയതിൻമേൽ ഖുഫ്ഫയിൽ തടവുന്നപോലെ തടവുകയും ചെയ്താൽ മതി. വെച്ചുകെട്ടിയ മുറിവുകൾക്കുവേണ്ടി മാത്രം 'തയമ്മും' ചെയ്യണമെന്നതിന്നു സഹീഹായ ഹദീസുകളിൽ തെളിവുകളില്ല.

തയമ്മും ചെയ്ത് നമസ്കരിച്ചശേഷം തയമ്മും ചെയ്യാനുള്ള കാരണം നീങ്ങിയാൽ വുളു ചെയ്ത് ആ നമസ്കാരം വീണ്ടും ആവർത്തിക്കേണ്ടതില്ല.

**തയമ്മത്തിന്ന അതി കർശനങ്ങളായ നിബന്ധനകൾ ഫുഖഹാക്കൾ (കർമ്മശാസ്ത്രപണ്ഡിതന്മാർ) ചുമത്തിയ കാരണം തയമ്മും ചെയ്യേണ്ട അവസരങ്ങൾ വന്നിട്ടും അത് ചെയ്യാൻ മടിക്കുന്ന പലരുമുണ്ട്. അത്തരക്കാർ ഇത്തരം സന്ദർഭങ്ങളിൽ കളിക്കാനും വുസൂ ചെയ്യാനും കഴിയാതെ നമസ്ക്കാരം ഒഴിവാക്കുന്ന പ്രവണതയിലാണെത്തിച്ചേരുക. നബി(സ)യുടെ കാലത്ത് അതിശൈത്യമുള്ളപ്പോഴും മററും തയമ്മും ചെയ്യുതും അതിന്ന റസൂൽ(സ) അംഗീകാരം നൽകിയതുമായ നിരവധി സംഭവങ്ങൾ ഹദീസുകളിൽ ഉദ്ധരിച്ച കാണുന്നു. ഇത്തരം സന്ദർഭങ്ങളിൽ തയമ്മും ചെയ്യുന്നതിന്ന മടി കാട്ടി നമസ്കാരം ഒഴിവാക്കി ദൈവകോപം വാങ്ങാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.**

## ഖുഫ്ഫ തടവൽ

ബൂട്ടുകളോ (ഖുഫ്ഫ) കാലുറകളോ (ജൗറബ്) ധരിച്ചിട്ടുണ്ടെങ്കിൽ വുളു ചെയ്യുമ്പോൾ കാൽകഴുകുന്നതിന്നുപകരം അവയുടെ മുകളിൽ നനച്ച കൈകൾ കൊണ്ടു തടവുന്നതാണ് ഉത്തമം. കാൽപാദത്തിന്നു മുകളിൽ മുൻഭാഗത്തുനിന്നു തുടങ്ങി പിൻഭാഗത്തേക്കായി വലതുകൈകൊണ്ടു വലതുകാലും ഇടതുകൈ

കൊണ്ട് ഇടത്തേതും ഓരോ പ്രാവശ്യം വീതം ഒരേസമയം തന്നെ തടവുകയാണിതിന്റെ കർമ്മരൂപം. പാദത്തിന്നടിയിൽ തടവേണ്ടതില്ല. നബി (സ.അ) മേൽഭാഗം മാത്രമേ തടവിയിട്ടുള്ളൂ.

നബി (സ.അ) യിൽ നിന്നു മുഗീറത്തുബ്നുശുഅ്ബ (റ) ഉദ്ധരിക്കുന്നു: ''നബി (സ.അ) വുളൂ ചെയ്തു. (കാൽകഴുകുന്നിടമെത്തിയപ്പോൾ) ഞാൻ നബി (സ.അ)യുടെ ഖുഫ്ഫകളഴിക്കാൻ കുനിഞ്ഞു. അപ്പോൾ അവിടുന്നു പറഞ്ഞു: അത് വിട്ടേക്കൂ. ഞാനത് വുളു ഉള്ളപ്പോൾ ധരിച്ചതാണല്ലോ. എന്നിട്ട ദ്ദേഹം അത് രണ്ടിൻമേലും തടവി. (ബുഖാരി. മുസ്ലിം. അഹ്മദ്).

ഖുഫ്ഫ തടവുന്ന വിഷയത്തിൽ 40 ലധികം ഹദീസുകൾ റിപ്പോർട്ടു ചെയ്തു കാണുന്നുണ്ട്. നാലു നിബന്ധനകൾക്ക് വിധേയമായാണ് ഇത് അനുവദനീയമാകുക.

1. ശുദ്ധിയുള്ളപ്പോൾ ധരിച്ചതാകുക.
2. ധരിച്ചിരിക്കുന്നവയിൽ നജസുകളില്ലാതിരിക്കുക,
3. ചെറിയ അശുദ്ധിയിൽനിന്നു ശുദ്ധീകരിക്കുമ്പോൾ മാത്രമായിരിക്കുക. [1]
4. നിശ്ചയിക്കപ്പെട്ട സമയപരിധിക്കുള്ളിലായിരിക്കുക. യാത്രക്കാരന്നു പൂർണ്ണമായ മൂന്നു ദിവസവും സ്ഥിരവാസികൾക്ക് ഒരു ദിവസവുമാണ് അനുവദിക്കപ്പെട്ടിട്ടുള്ള സമയപരിധി.

---

1. വലിയ അശുദ്ധി (ജനാബത്ത്)യിൽനിന്നുള്ള ശുദ്ധീകരണ സമയത്തു ഖുഫ്ഫ കളഴിച്ച് കാലുകൾ കഴുകുകതന്നെ വേണം.

ഖുഫ്ഫയിൽ തടവി ശുദ്ധീകരിച്ചശേഷം അത് മാററി ധരിക്കുന്നതിനാലോ അഴിച്ചുമാററിയതിനാലോ വുളു മുറിയുന്നതല്ല. വുളു ദുർബലപ്പെടുന്ന കാരണങ്ങളിൽ ഖുഫ്ഫ അഴിക്കൽപെടുകയില്ല. മേൽ പറഞ്ഞ നിയമങ്ങളിലെല്ലാം സ്ത്രീകളും പുരുഷൻമാരും തുല്യരാണ്.

കരുണാമയനായ അല്ലാഹുവിങ്കൽനിന്നുള്ള ഒരാനുകൂല്യമാണിത്. തണുപ്പുപ്രദേശങ്ങളിലും മററും ജീവിക്കുന്നവർക്കും, യാത്രക്കാർക്കും, എപ്പോഴും ഇവ അണിയാറുള്ളവർക്കുമൊക്കെയുള്ള സൗകര്യമാണ് ഇവിടെ ഇസ്ലാം പരിഗണിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കാം. അതുകൊണ്ടാണ് ഇവകളഴിച്ചു കാൽ കഴുകുന്നതിനേക്കാൾ 'ശ്രേഷ്ഠകരം' അവകളിൽ തടവലാണെന്നു പണ്ഡിതൻമാർ [2] പറയാൻ കാരണം.

# നഗ്നത മറക്കൽ

അന്യർ കാണൽ അനുവദനീയമല്ലാത്ത മനുഷ്യരുടെ ശരീരഭാഗങ്ങൾക്കാണ് ഔറത്ത് (നഗ്നത) എന്നു പറയുക. മുട്ടിനും, പൊക്കിളിനുമിടയിലുള്ള ഭാഗമാണ് പുരുഷന്റെ ഔറത്ത്. മുൻ കൈകളും, മുഖവും ഒഴിച്ചുള്ള എല്ലാ ഭാഗങ്ങളും സ്ത്രീകളുടെ ഔറത്താണ്. ഈ ഭാഗങ്ങൾ പൂർണ്ണമായും നമസ്ക്കാരത്തിൽ മറച്ചിരിക്കൽ നമസ്ക്കാരത്തിന്റെ ശർഥുകളിൽപ്പെട്ടതാണ്. സ്ത്രീകൾ പാദവും മറച്ചിരിക്കണം. ഈ ഔറത്തുകൾ മറയാൻ പര്യാപ്തമായ ഏതുതരം വസ്ത്രവുമാകാം. തൊലിയുടെ നിറം പ്രത്യക്ഷമാകത്തക്ക കണ്ണാടി പോലെ നേരിയവ പാടില്ല. കൂടുതൽ കലാപരമായ ഭംഗിയുള്ള വസ്ത്രങ്ങൾ നമസ്ക്കാരത്തിൽ ഉചിതമല്ല.

---

2. ഇബ്നുൽമുൻദിർ. ഇമാം നവവി. ഇബ്നുഹജർ അസ്ഖലാനി മുതലായവർ.

പുരുഷന്മാർ ഔറത്തിന്"പുറമെ പിരടി കൂടി മറച്ചിരിക്കൽ സുന്നത്താണ്". 'ഒരു നൂലെങ്കിലും നിന്റെ പിരടിയിൽ നമസ്"ക്കാരവേളയിൽ ഉണ്ടായിരിക്കട്ടെ' എന്ന നബി(സ)യുടെ ഉപദേശം ഇതു സുന്നത്താണെന്ന്" തെളിയിക്കുന്നു. ബാക്കി ഏതു ഭാഗവും തല ഉൾപ്പെടെ- മറച്ചിരിക്കണമെന്ന പ്രത്യേകമായ യാതൊരു നിർദ്ദേശവുമില്ല.' അതിനാൽ അവ മറച്ചതുകൊണ്ട്" പ്രത്യേക പുണ്യമോ മറക്കാത്തതിനാൽ പ്രതിഫലത്തിൽ കുറവോ സംഭവിക്കുകയില്ല.

# നമസ്"ക്കാര സമയം

നമസ്കാരം ശരിയാകുന്നതിനുള്ള മറെറാരു 'ശർഥാണ്" ' സമയമാകൽ. നമസ്"ക്കാരത്തിന്റെ സമയം ആയിട്ടുണ്ടെന്ന്" ഉറപ്പ്" വരണം. സമയത്തിനു മുൻപുള്ള നമസ്"ക്കാരം സ്വീകാര്യയോഗ്യമല്ല. അഞ്ച്" നമസ്"ക്കാരങ്ങളുടെ സമയം വിവരിക്കാം.

1. സൂര്യൻ ആകാശമദ്ധ്യത്തിൽ നിന്നു തെററുന്നതോടെ (ഉച്ച തിരിയുന്നതോടെ)'ളുഹർ' നമസ്കാര സമയമായി ഒരു സാധനത്തിന്റെ നിഴൽ അതിനോളം വലുപ്പമെത്തുന്നവരെ ളുഹർവഖത്" നീണ്ടുനില്ക്കും. (നിഴലിന്റെ നീളം കണക്കാക്കുമ്പോൾ ഉച്ചസമയത്തെ നിഴലിന്റെ നീളം കിഴിക്കണം)

2. ളുഹർ വഖ്"ത്" അവസാനിക്കുന്നതോടെ 'അസ്വറി' ന്റെ സമയം ആരംഭിക്കുന്നു. നിഴൽ വസ്തുവിന്റെ നിഴലിന്റെ ഇരട്ടിയായാൽ അസ്വറിന്റെ സമയം അവസാനിക്കുന്നു. (സൂര്യാസ്തമനം വരെ നീണ്ടുനില്ക്കുമെന്നും പ്രബലമായ മറെറാരഭിപ്രായമുണ്ട്".)

3. സൂര്യാസ്"തമനത്തോടെ 'മഗ്"രിബ്" ' ആരംഭിക്കുകയും അസ്തമനശോഭ മായുന്നത്" വരെ നീണ്ടുനില്ക്കുകയും ചെയ്യുന്നു.

4. അസ്തമനശോഭ മാഞ്ഞ് ഇരുട്ട് വ്യാപിച്ച മുതൽ 'ഇശാഉ'ന്റെ സമയമായി. ഉൺമപ്രഭാതം (ഫജറുസ്സാദിഖ്)വരെ നീണ്ടുനിൽക്കുന്നു. (അർദ്ധരാത്രിയോടെ ഇശാഉന്റെ സമയം അവസാനിക്കുമെന്നു ഹദീസുകളിൽ വന്നിട്ടുണ്ട്. അതിനാൽ അർദ്ധരാത്രിയേക്കാൾ പിന്തിപ്പിക്കുന്നതു് ഉത്തമമല്ല).

5. ഉൺമപ്രഭാതം മുതൽ സൂര്യോദയംവരെ സുബ്ഹ് നമസ്കാരത്തിന്റെ വഖ്തുാണ്.

കലണ്ടറുകൾ, പഞ്ചാംഗങ്ങൾ, പത്രങ്ങൾ എന്നിവയിലൂടെ കൃത്യമായ നമസ്കാരത്തിന്റെ സമയങ്ങൾ നിർണ്ണയിക്കാനുള്ള സൗകര്യങ്ങളും വാച്ചുപോലെയുള്ള ഉപകരണങ്ങൾ സാർവ്വത്രികമായതിനാലും അവ ആസ്പദമാക്കലാണ് നല്ലതു്. പ്രവാചകന്മാരുടെ കാലത്തു ഇത്തരം ആധുനിക സൗകര്യങ്ങളില്ലാതിരുന്നതിനാൽ നിഴലുകളേയും മററും അളന്നു തിട്ടപ്പെടുത്തേണ്ടി വന്നിരുന്നു.

# ഖിബ്'ലക്കുനേരെ

മക്കയിലെ കഅബയാണ് മുസ്'ലിംലോകത്തിന്റെ ഖിബ്'ല(അഭിമുഖകേന്ദ്രം). നംഎവിടെനിന്നു നമസ്'കരിക്കുകയാണെങ്കിലും കഅബക്കു നേരെയായിരിക്കണം അഭിമുഖീകരിക്കേണ്ടതു്. കേരളക്കാർ ഏകദേശം 22 മുതൽ 23½ ഡിഗ്രി വരെ വടക്കുപടിഞ്ഞാറിലേക്ക് ചെരിഞ്ഞാൽ മതിയാകും. മലബാർ ഭാഗങ്ങളിൽ 22 ഡിഗ്രിയും കന്യാകുമാരിയിൽ 23½ ഡിഗ്രിയും വടക്കോട്ടു തെററിയാൽ കൃത്യമായ 'ഖിബ്'ല' ലഭിക്കും. പള്ളികൾ നിർമ്മിക്കപ്പെടുന്നത് ഖിബ്'ലക്കഭിമുഖമായതിനാൽ പള്ളികളിലാകുമ്പോൾ പ്രശ്നമുദിക്കുന്നില്ല.

നമസ്'കാരം ശരിയാകുന്നതിനുള്ള ശർത്വുകളിൽ പെട്ടതാണ് ഖിബ്'ലയെ അഭിമുഖീകരിക്കൽ. കിടന്നു നമസ്'കരിക്കേണ്ടവർ നെഞ്ചും, മുഖവും ഖിബ്'ലക്കഭിമുഖമാക്കണം. യാത്രക്കാരന് തന്റെ സുന്നത്തു നമസ്കാരത്തിലും ഖിബ്'ല വ്യക്തമായി മനസ്സിലാക്കാൻ കഴിയാ

ത്ത ആക്രമം, യുദ്ധംപോലെയുള്ള ഭീകര രംഗങ്ങളിലും ഖിബ്‌ലക്കു നേരെ തിരിഞ്ഞുകൊള്ളണമെന്ന ശർഥില്ല. ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിലാകുമ്പോൾ നമസ്കാരത്തിന്റെ ആരംഭത്തിലെങ്കിലും ഖിബ്‌ല ലഭിക്കാൻ ശ്രമിക്കേണ്ടതുണ്ട്. പിന്നീട് ഖിബ്‌ലയിൽ നിന്ന് തെറ്റിപ്പോയാലും തരക്കേടില്ല.

# ബാങ്കും ഇഖാമത്തും

അഞ്ചു പ്രാവശ്യത്തെ നിർബ്ബന്ധ നമസ്കാരങ്ങൾക്ക് ബാങ്കും ഇഖാമത്തും ഇസ്‌ലാം നിർദ്ദേശിക്കുന്നു. ജമാഅത്തായുള്ള നമസ്കാരം പള്ളികളിൽ നടത്തപ്പെടുന്നതിനു മുൻപ് സമയമായെന്ന് ജനങ്ങളെ അറിയിക്കാനാണ് ബാങ്കു ഏർപ്പെടുത്തിയിരിക്കുന്നത്. നമസ്കരിക്കാൻ ഒരുങ്ങുന്ന സമയത്ത് ഇഖാമത്തും വിളിക്കണം. സ്ത്രീകൾ മാത്രമായി നമസ്കരിക്കുമ്പോൾ ഇഖാമത്തു മാത്രമേ ആവശ്യമുള്ളൂ. ഒറ്റക്കു നമസ്കരിക്കുന്നവർക്കും ബാങ്കും ഇഖാമത്തും സുന്നത്താണ്.

## <u>ബാങ്കിന്റെ പദങ്ങൾ</u>

അല്ലാഹു അക്ബർ - 4 തവണ
അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ് - 2 തവണ
അശ്ഹദു അന്നമുഹമ്മദ റസൂലുല്ലാഹ് - 2 തവണ
ഹയ്യാഅല സ്സലാത് - 2 തവണ.
ഹയ്യഅലൽ ഫലാഹ് - 2 തവണ
അല്ലാഹു അക്ബർ - 2 തവണ
ലാഇലാഹ ഇല്ലല്ലാഹ് - 1 തവണ

## <u>ഇഖാമതിന്റെ പദങ്ങൾ</u>

അല്ലാഹു അക്ബർ , അല്ലാഹു അക്ബർ
അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ്
അശ്ഹദു അന്നമുഹമ്മദ റസൂലുല്ലാഹ്

ഹയ്യഅലസ്സ്വലാത്. ഹയ്യഅലൽ ഫലാഹ്
ഖദ്ഖാമതിസ്സ്വലാത്, ഖദ്ഖാമതിസ്സ്വലാത്
അല്ലാഹുഅക്ബർ , അല്ലാഹു അക്ബർ
ലാഇലാഹ ഇല്ലല്ലാഹ് .

| الأذان: | | الإقامة: |
|---|---|---|
| الله أكبر. | ٤ مرات | الله أكبر الله أكبر. |
| أشهد أن لا إله إلا الله. | مرتين | أشهد أن لا إله إلا الله. |
| أشهد أن محمد رسول الله. | » | أشهد أن محمد رسول الله. |
| حي على الصلاة. | » | حي على الصلاة. |
| حي على الفلاح. | » | حي على الفلاح. |
| الله أكبر. | » | قد قامت الصلاة. |
| لا إله إلا الله. | مرة واحدة | قد قامت الصلاة. |
| | | الله أكبر الله أكبر. |
| | | لا إله إلا الله. |

ബാങ്കിലും ഇഖാമതിലും വിളിച്ചു പറയപ്പെടുന്ന വാചകങ്ങൾ കേൾക്കുന്നവരും ഏററു പറയേണ്ടതാണ്. എന്നാൽ, 'ഹയ്യഅലസ്വലാത്; ഹയ്യഅലൽ ഫലാഹ്' എന്നിവകേൾക്കുമ്പോൾ 'ലാഹൗലവലാഖുവ്വത ഇല്ലാബില്ലാ' എന്നാണ്പറയേണ്ടത്.സുബ്ഹ് ബാങ്കിൽ 'അസ്സ്വലാതുഖൈറുമിനന്നൗം' എന്ന് രണ്ട്തവണ ബാങ്ക് വിളിക്കുന്നവൻ പറയേണ്ടതാണ്.

എന്നാൽ, ഇതുകേൾക്കുമ്പോൾ 'സദ്ഖ്ത വബറിർത' എന്നു പറയുന്നതിന്നും, ഇഖാമത്തിലെ 'ഖദ്ഖാമതിസ്സ്വലാത്' എന്ന്കേൾക്കുമ്പോൾ 'അഖാമഹല്ലാഹു വഅദാമഹാ' എന്ന്പറയുന്നതിന്നും പ്രാമാണികമായ ഹദീസുകളൊന്നുമില്ല.

ബാങ്ക് വിളിക്കുന്നവർ 'ഹയ്യ അല'ക ളിൽ ഇടത്തോട്ടും വലത്തോട്ടും മുഖം മാത്രം തിരിക്കേണ്ടതാണ്. സ്വരം ഉയർത്തുക, നീട്ടിവിളിക്കുക, വുസുവുണ്ടായിരിക്കുക, കാതിൽ വിരൽ വെക്കുക എന്നിവ ബാങ്കു വിളിക്കുന്നവർ ശ്രദ്ധിക്കേണ്ടതാണ്. ബാങ്കു വിളിക്കുശേഷം നബി(സ) ക്ക് സ്വലാത്ത് ചൊല്ലിയ ശേഷം—

''അല്ലാഹുമ്മ റബ്ബ ഹാദിഹിദ്ദഅ്‌വതി ത്താമ്മ വസ്സ്വലാത്തിൽ ഖാഇമ: ആതിമുഹമ്മദനിൽ വസ്വീലത വൽഫളീലത വബ്അസുഹു മഖാമൻ മഹ്മൂദനില്ലദീ വഅത്തഹു.''

اَللّٰهُمَّ رَبَّ هٰذِهِ الدَّعْوَةِ التَّامَّةِ . وَالصَّلَاةِ الْقَائِمَةِ آتِ مُحَمَّدَ نِالْوَسِيْلَةَ وَالْفَضِيْلَةَ وَابْعَثْهُ مَقَامًا مَحْمُوْدًا نِ الَّذِي وَعَدْتَهُ

'പൂർണ്ണമായ ഈ വിളിയുടെയും നിലനിർത്തപ്പെടുന്ന ഈ നമസ്കാരത്തിന്റെയും ഉടമസ്ഥനായ അല്ലാഹുവേ! മുഹമ്മദ് (സ) ക്ക 'വസീല' 'ഫസീല' എന്നീ പദവികളെ നൽകുകയും നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്തുത്യർഹമായ സ്ഥാനത്ത് അദ്ദേഹത്തെ നീ നിയോഗിക്കുകയും ചെയ്യേണമേ!' എന്ന പ്രാർത്ഥിക്കുക.

ഇഖാമത്തിനശേഷം ഈ പ്രാർത്ഥന ഉരുവിടേണ്ടതില്ല. അങ്ങിനെ ചെയ്യുന്നതിന്ന് ഇസ്ലാമിൽ യാതൊരു തെളിവുമില്ല. ഇഖാമത്തു വിളിച്ചു തീർന്നയുടനെ നമസ്കാരത്തിൽ പ്രവേശിക്കുകയാണ് നബി (സ) യുടെമാതൃക.

# അദ്ധ്യായം മൂന്ന്

## എങ്ങിനെ നമസ്കരിക്കണം

# الباب الثالث

## كيف نصلي

# നമസ്കാരക്രമം

ഖിബ്ലക്കഭിമുഖമായി ശരിയായി നിവർന്നു നിൽക്കുക. ഇന്ന നമസ്കാരം (ഫർളോ സുന്നത്തോ) ഞാൻ നിർവ്വഹിക്കുന്നുവെന്ന പൂർണ്ണ ബോധം മനസ്സിൽ കരുതി (ഇതാണ് നിയ്യത്ത്) അല്ലാഹു അക്ബർ എന്നു പറയുക. (ഇതിന്നു തക്ബീറത്തുൽ ഇഹ്റാം എന്നു പറയുന്നു.)

തക്ബീർ പറയുന്നതോടൊപ്പം വിരലുകൾ നിവർത്തിപ്പിടിച്ച് കൈപ്പടങ്ങൾ ചുമലുകൾക്ക് നേരെ ഉയർത്തി ശേഷം അവയെ താഴ്ത്തി , വലതു കൈ ഇടത്തേതിന്മേൽ വരത്തക്ക വിധം നെഞ്ചിൽ വെക്കുക . വലതു കൈ കൊണ്ട് ഇടതു കയ്യിന്റെ കെണിപ്പിൽ പിടിച്ചു കൊണ്ടിരിക്കണം.

തന്റെ തുടിക്കുന്ന ഹൃദയത്തിന്മേൽ കൈ വെച്ച്, അല്ലാഹുവുമായി സംഭാഷണത്തിലേർപ്പെടുകയാണെന്ന ബോധം ഇതു സൃഷ്ടിക്കുന്നു. അപ്പോൾ മുതൽ അവന്റെ മുഴു ശ്രദ്ധയും അല്ലാഹുവിൽ കേന്ദ്രീകരിക്കണം. നോട്ടം സുജൂദ് ചെയ്യുന്ന സ്ഥാനത്താകത്തക്ക നിലയിൽ തല അൽപം താഴ്ത്തി അടക്കത്തോടെ നിൽക്കുക. ( ചിത്രം 1 ഉം 2 ഉം കാണുക )

ശേഷം ദുആഉൽ ഇഫ്തിതാഹ് (പ്രാരംഭ പ്രാർത്ഥന) ഓതുക. ഇമാമിനെ തുടർന്ന് നമസ്കരിക്കുന്നവർ ഫാതിഹ ഓതാൻ സമയം കിട്ടുകയില്ലെന്ന് കാണുകയാണെങ്കിൽ ഇതൊഴിവാക്കാം. ആദ്യ റകഅത്തിൽ മാത്രമാണീ പ്രാർത്ഥന.

താഴെപറയുന്നവയിൽ ഏതെങ്കിലുമൊന്നു മതിയാകുന്നതാണ്.

1- ''സുബ്ഹാനകല്ലാഹുമ്മ വബിഹംദിക വതബാറക സ്മുക വതആലാജദ്ദുക വലാഇലാഹ ഗൈറുക.''

سُبْحَانَكَ اللّٰهُمَّ وَبِحَمْدِكَ وَتَبَارَكَ اسْمُكَ وَتَعَالىٰ جَدُّكَ
وَلَا إِلٰهَ غَيْرُكَ ۝

''അല്ലാഹുവേ നീ മഹാപരിശുദ്ധൻ. നിന്നെ സ്തുതിക്കട്ടെ. നിന്റെ നാമം അത്യനുഗ്രഹീതമല്ലോ. നിന്റെ കഴിവുകൾ അത്യുന്നതങ്ങൾ. നീയല്ലാതെ ആരാധ്യനേയില്ല.''

2- 'അല്ലാഹുമ്മ ബാഇദ് ബൈനീ വബൈന ഖതാ യായ കമാബാഅത്ത ബൈനൽ മശ്‌രികി വൽമഗ്‌രിബി. അല്ലാഹുമ്മ നഖീനീമിൻ ഖതായായ കമായുനക്ക സൗബുൽ അബ്‌യളു മിനദ്ദനസി. അല്ലാഹുമ്മ ഇഗ്‌സിൽനീ മിൻ ഖതായായ ബിൽമാഇ വസ്സൽജി വൽബർദ്.''

اَللّٰهُمَّ بَاعِدْ بَيْنِيْ وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ ٥ اَللّٰهُمَّ نَقِّنِيْ مِنْ خَطَايَايَ كَمَا يُنَقَّى الثَّوْبُ الْاَبْيَضُ مِنَ الدَّنَسِ ٥ اَللّٰهُمَّ اغْسِلْنِيْ مِنْ خَطَايَايَ بِالْمَاءِ وَالثَّلْجِ وَالْبَرَدِ ٥ (بخاری ومسلم)

അല്ലാഹുവേ, നീ ഉദയ , അസ്തമയ സ്ഥാനങ്ങൾ തമ്മിൽ അകററിയ പോലെ എന്നേയും എൻെറ പാപത്തിൻെറയുമിടയിൽ അകററണമേ . അല്ലാഹുവേ , വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധിയാക്കപ്പെടും പ്രകാരം എൻെറ പാപങ്ങളിൽനിന്ന് എന്നെ ശുദ്ധിയാക്കേണമേ . അല്ലാഹുവേ, വെള്ളം, മഞ്ഞ്, ഹിമം, എന്നിവ കൊണ്ട് എൻെറ പാപങ്ങൾ കഴുകേണമേ.

ഇതു ചൊല്ലിയശേഷം 'സൂറത്തുൽഫാതിഹ' ഓതണം.

തുടക്കത്തിൽ 'അഊദു ബില്ലാഹിമിന ശൈ്ശത്താനിർ റജീം.' أَعُوذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ എന്നു പറയണം. അക്ഷരങ്ങളും വടിവൊത്തും സൂക്ഷിച്ചും ഓതണം. സ്വന്തം മനസ്സിനെ കേൾപ്പിക്കത്തക്ക ശബ്ദമേ ഉണ്ടാകാവൂ. (ആദ്യത്തെ രണ്ട റകഅത്തുകളിൽ ഇമാം ഉറക്കെ ഓതണം). ഫാതിഹ ഇപ്രകാരമാണ്.

1. ബിസ്മില്ലാഹി റഹ്മാനി റഹീം.
2. അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ.
3. അർറഹ്മാനിർറഹീം.
4. മാലികി യൗമിദ്ദീൻ.

5. ഇയ്യാക നഅ്ബുദു വഇയ്യാക നസ്തഈൻ
6. ഇഹ്ദിന സ്വിറാതൽ മുസ്തഖീം
7. സ്വിറാത്വല്ലദീന അൻ അംത അലൈഹിം.
ഗൈറിൽ മഗ്ളൂബി അലൈഹിം
വലള്ളാല്ലീൻ. ആമീൻ.

١- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝ ٢- اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝
٣- الرَّحْمٰنِ الرَّحِيْمِ ۝ ٤- مٰلِكِ يَوْمِ الدِّيْنِ ۝
٥- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۝ ٦- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝
٧- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ
الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

1. കാരുണികനും കരുണാനിധിയുമായ അല്ലാഹുവി ന്റെ നാമത്തിൽ.
2. സർവ്വ സ്തുതികളും ലോക രക്ഷിതാവായ അല്ലാഹു വിന്നാകുന്നു.
3. കാരുണികനും, കരുണാനിധിയുമായവൻ.
4. പ്രതിഫല നാളിന്റെ ഉടമസ്ഥനായവൻ.
5. നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം ചോദിക്കുന്നു.
6. നേരായ മാർഗ്ഗത്തിൽ ഞങ്ങളെ നീ വഴിചേർക്കേണമേ.
7. നീ അനുഗ്രഹിച്ചവരുടെ വഴിയിൽ, കോപവിധേയരല്ലാത്തവരുടെ, വഴിപിഴച്ചവരല്ലാത്തവരുടെ വഴിയിൽ.

ജമാഅത്തായി നമസ്ക്കരിക്കുമ്പോൾ ഇമാം ഫാത്തിഹായിൽ ബിസ്മി ഉറക്കെ ഓതേണ്ടതില്ല. 'അൽഹംദു' മുതൽ ഉറക്കെ ഓതിയാൽ മതി. ഫാത്തിഹായുടെ അവസാനത്തിൽ ആമീൻ (ഈ പ്രാർത്ഥന നീ സ്വീകരിക്കേണമേ!) എന്നുറക്കെ പറയണം. എല്ലാ റകഅത്തുകളിലും[1]

1. സൂറത്തുൽ ഫാതിഹ ഓതാൻ കഴിഞ്ഞവർക്കേ റക്അത്ത് ലഭിക്കുകയുള്ളൂ എന്നതാണ് പ്രാമാണികാഭിപ്രായം.

ഫാതിഹ ഓതുന്നതിനു പുറമേ ആദ്യത്തെ രണ്ടു റകഅത്തുകളിൽ(രണ്ടിലധികം റകഅത്തുകളുള്ളതിൽ) ഖുർആനിൽ നിന്നു ഏതെങ്കിലും ഭാഗങ്ങളോ സൂറത്തു മുഴുവനോ ഓതൽ സുന്നത്താകുന്നു. ഇമാം സൂറത്തോതുമ്പോൾ മഅ്മൂമുകൾ ശ്രദ്ധിച്ചു കേൾക്കണം.

ലളിതമായ മൂന്നു സൂറകൾ :

1. ''ഖുൽഹുവല്ലാഹു അഹദ്. അല്ലാഹുസ്സ്വമദ്. ലം യലിദ്. വലംയൂലദ്. വലം യകുൻലഹു കുഫു വൻ അഹദ്.''

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

قُلْ هُوَ اللّٰهُ اَحَدٌ ۝ اَللّٰهُ الصَّمَدُ ۝ لَمْ يَلِدْ ۙ وَلَمْ يُوْلَدْ ۝
وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ ۝

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1-4 (നബിയേ,) പറയുക. കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും.

2. ''ഖുൽ അഊദുബി റബ്ബിൽ ഫലഖ്, മിൻശർറി മാഖലക്ക്, വമിൻശർറി ഗാസിഖിൻ ഇദാ വഖബ്. വമിൻ ശർറിന്നഫാദാതി ഫിൽഉഖദ്. വമിൻ ശർറി ഹാസിദിൻ ഇദാ ഹസദ്.''

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝

قُلْ اَعُوْذُ بِرَبِّ الْفَلَقِ ۝ مِنْ شَرِّ مَا خَلَقَ ۝ وَمِنْ شَرِّ
غَاسِقٍ اِذَا وَقَبَ ۝ وَمِنْ شَرِّ النَّفّٰثٰتِ فِى الْعُقَدِ ۝ وَمِنْ
شَرِّ حَاسِدٍ اِذَا حَسَدَ ۝

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ,

1–5 പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽനിന്നും, ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽനിന്നും, കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽനിന്നും അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽനിന്നും.

3. ''ഖുൽ അഊദുബിറബ്ബിന്നാസ്. മലികിന്നാസ്. ഇലാഹിന്നാസ്. മിൻശർറിൽ വസ്‌വാസിൽഖന്നാസ്. അല്ലദീ യുവസ്‌വിസു ഫീസ്വുദൂറിന്നാസ്. മിനൽ ജിന്നതി വന്നാസ്.''

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝

قُلْ اَعُوْذُ بِرَبِّ النَّاسِ ۝ مَلِكِ النَّاسِ ۝ اِلٰهِ النَّاسِ ۝
مِنْ شَرِّ الْوَسْوَاسِ ۙ الْخَنَّاسِ ۝ الَّذِىْ يُوَسْوِسُ فِىْ صُدُوْرِ النَّاسِ ۝
مِنَ الْجِنَّةِ وَالنَّاسِ ۝

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1–6 പറയുക: മനുഷ്യരുടെ രക്ഷിതാവും മനുഷ്യരുടെ രാജാവും, മനുഷ്യരുടെ ദൈവവുമായിട്ടുള്ളവനോട് ഞാൻ ശരണം തേടുന്നു; മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തി പിൻമാറിക്കളയുന്ന, മനുഷ്യരിലും ജിന്നുകളിലുംപെട്ട ദുർബോധകരെക്കൊണ്ടുള്ള കെടുതിയിൽനിന്ന്.

# 'റുകൂഅ്'

സൂറത്ത് ഓതിക്കഴിഞ്ഞാൽ ഉള്ളംകൈകൾ കാൽമുട്ടിൽ എത്തത്തക്കവണ്ണം കുനിയുക. ഇതിന് റുകൂഅ് എന്നു പറയുന്നു. തക്ബീർ ചൊല്ലിക്കൊണ്ട് റുകൂഇലേക്ക് പോകുമ്പോൾ കൈപ്പടങ്ങൾ ചുമലിനു നേരെ ഉയർത്തുകയും പിന്നീട് താഴ്ത്തിയിടുകയും ചെയ്യുക. ഉള്ളംകൈകൾ കൊണ്ട് കാൽമുട്ടിൽ പിടിച്ചു നിരപ്പായി കുനിഞ്ഞുനിൽക്കലാണ് റുകൂഇന്റെ പൂർണ്ണരൂപം. റുകൂഇൽ

سُبْحَانَ رَبِّيَ الْعَظِيمِ (സുബ്ഹാന റബ്ബിയൽ അ''ളീം'')

(മഹാനായ എൻെറ നാഥൻ പരി ശുദ്ധൻ) എന്നോ

സുബ്ഹാനകല്ലാഹുമ്മ റബ്ബനാ വബിഹംദിക അല്ലാഹുമ്മ ഇഗ്ഫിർലീ.

سُبْحَانَكَ اللَّهُمَّ رَبَّنَا وَبِحَمْدِكَ اللَّهُمَّ اغْفِرْ لِي

(അല്ലാഹുവേ, നീ പരിശുദ്ധൻ തന്നെ. ഞങ്ങളുടെ നാഥാ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. അല്ലാഹുവേ, എനിക്ക നീ പൊറുത്തു തരേണമേ!) എന്നോ മൂന്നു പ്രാവശ്യം വീതം പറയുക.(ചിത്രം മൂന്ന് കാണുക.)

## ഇഅ്ത്തിദാൽ

റുകൂഅ് കഴിഞ്ഞാൽ 'സമി അല്ലാഹുലിമൻഹമിദ: (സ്തുതിച്ചവൻെറ സ്തുതി അല്ലാഹു കേട്ടിരിക്കുന്നു) എന്നു പറഞ്ഞുകൊണ്ട് നിവർന്നുനിൽക്കുന്നതിനെ 'ഇഅ്ത്തിദാൽ' എന്നു പറയുന്നു. റുകൂഇലേക്ക് പോകുമ്പോൾ കൈ ഉയർത്തിയ പോലെ ഇപ്പോഴും ചെയ്യണം.

ഇഅ്ത്തിദാലിൽ ഇപ്രകാരം പറയുക:

(റബ്ബനാ ലകൽ ഹംദു മിൽഅസ്സമാവാത്തി വമിൽഅൽ അർ'ളി' വമിൽ അമാശിഅ്ത്ത മിൻ ശയ്ഇൻ ബഅ്ദു)

رَبَّنَا لَكَ الْحَمْدُ مِلْءَ السَّمَوَاتِ وَمِلْءَ الْأَرْضِ وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدُ

ഞങ്ങളുടെ നാഥാ ! ആകാശങ്ങൾ നിറയെയും ഭൂമി നിറയെയും അവയ്ക്കപ്പുറം നീ ഉദ്ദേശിച്ച വസ്തു നിറയെയുമുള്ള സ്തുതികൾ നിനക്ക മാത്രമാകുന്നു.' (ചിത്രം നാല് കാണുക.)

ഇഅ്ത്തിദാൽ അധികസമയം ദീർഘിപ്പിക്കാതിരിക്കൽ ഉത്തമമാണ്. സുജൂദ് ചെയ്യുന്ന സ്ഥാനത്തേക്കായിരിക്കണം തൻെറ നോട്ടം. നമസ്ക്കാരത്തിൽ ആകാശത്തേക്ക കണ്ണുയർത്തുന്നത് നബി(സ) ആക്ഷേപിച്ചിരി

ക്കണം. അല്പവും അടങ്ങിനിൽക്കാതെ റുകൂഇൽ നിന്നുയർന്ന ഉടനെ ഇഅ്ത്തിദാലിൽ നിന്ന് സുജൂദിലേക്ക് പോകുന്നത് അഭിലഷണീയമല്ല.

## ‘സുജൂദുകളും ഇരുത്തവും’

ഇഅ്ത്തിദാലിനു ശേഷം തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദ് ചെയ്യണം. ശരീരത്തിലെ ഏഴംഗങ്ങൾ ഭൂമിയിൽ പതിച്ചുവെച്ചുകൊണ്ടുള്ള കുനിയലാണ് 'സുജൂദ്.' ഇതിനേക്കാളുപരി ഒരു വിനയ പ്രദർശനത്തിന്റെ രൂപം മറെറാന്നുമില്ല. മൂക്കോടുകൂടി നെററിത്തടവും ഉള്ളംകൈകളും, കാൽമുട്ടുകളും, കാൽവിരലുകളും ഭൂമിയിൽ പതിച്ചുവെച്ച് ശിരസ്സ് താഴ്ത്തിയും അരക്കെട്ട് ഉയർന്നുമുള്ള രൂപത്തിലാണ് സുജൂദ് നിർവ്വഹിക്കേണ്ടത്. ആദ്യം കാൽമുട്ടും പിന്നീട് കൈപ്പടങ്ങൾ, ശേഷം നെററിയും മൂക്കും ഈ ക്രമത്തിലാണ് വെക്കേണ്ടത്. മുഖത്തിന്റെ (ആദ്യം കൈപ്പടങ്ങളും പിന്നീട് കാൽമുട്ടുകളുംവെക്കുകയാണെന്നും ചില ഹദീസുകളിൽ വന്നിട്ടുണ്ട്.) ഇരുവശങ്ങളിലും ചുമലിനു നേരെയുമായി കൈപ്പടങ്ങൾ വെക്കുക. കാൽവിരലുകളുടെ പള്ളഭാഗം ശരിക്കും ഭൂമിയിൽ പതിഞ്ഞിരിക്കണം.. നെററിത്തടം, വസ്ത്രം, മുടി മുതലായവയിൽ മറയാതിരിക്കാൻ ശ്രദ്ധിക്കണം. കൈമുട്ടുകൾ അകററിപ്പിടിച്ചായിരിക്കണം വെക്കേണ്ടത്.

സുജൂദിൽ സുബ്ഹാന റബ്ബിയൽ അഅ്ലാ

سُبْحَانَ رَبِّيَ الْأَعْلَى (ഏററവും ഉന്നതനായ എന്റെ നാഥൻ പരിശുദ്ധൻ) എന്നോ

“സുബ്ഹാനകല്ലാഹുമ്മ റബ്ബനാ വബിഹംദികല്ലാഹുമ്മ 'ഗ്ഫിർലീ” എന്നോ മൂന്നുപ്രാവശ്യം ചൊല്ലുക. ശരിക്കും അടങ്ങിയിരിക്കത്തക്ക സമയം അത്യാവശ്യമാണ്. (ചിത്രം 5 കാണുക) ഒരു റക്അത്തിൽ രണ്ടു സുജൂദുകളാണുള്ളത്. ഇവക്കിടയിൽ നിവർന്നിരിക്കണം. തക്ബീർ ചൊല്ലി ആദ്യസുജൂദിൽനിന്ന് ഇരുത്തത്തിലേക്ക് വരിക.

ഇടത്തേ കാലടി പരത്തിവെച്ച് അതിന്മേൽ പൃഷ്ഠം പതിച്ചുവെച്ചിരിക്കുക. വലത്തെ കാൽ വിരലുകൾ നിലത്തു കുത്തി കുത്തനെ വെക്കുക. ഈ ഇരുത്തത്തിന്ന് 'ഇഫ്തിറാശി'ന്റെ ഇരുത്തമെന്നു പറയും, രണ്ടുകൈപ്പടങ്ങളും, വിരലുകൾ നിവർത്തി കാൽ മുട്ടോടടുത്ത് തുടയിന്മേൽ വെക്കുക. ഈ സമയത്ത്

**അല്ലാഹുമ്മ ഇഗ്ഫിർലീ വർഹംനീ വജ്ബുർനീ വഹ്ദിനീ വർസുഖ്നീ.**

٢) اللّٰهُمَّ اغْفِرْلِي وَارْحَمْنِي وَاجْبُرْنِي وَاهْدِنِي وَارْزُقْنِي،

അല്ലാഹുവേ, എനിക്ക് പാപങ്ങൾ പൊറുത്തു തരികയും കരുണ ചെയ്യുകയും എന്റെ ന്യൂനത പരിഹരിക്കുകയും എന്നെ നേർവഴിയിലാക്കുകയും ആഹാരം നൽകുകയും ചെയ്യേണമേ

എന്നു പറയുക. (ചിത്രം 6 കാണുക)

റുകൂഅ്, ഇഅ്ത്തിദാൽ, സുജൂദുകൾ, അവക്കിടയിലുള്ള ഇരുത്തം എന്നിവയിലെല്ലാം സാവകാശം കൈക്കൊള്ളുക അനിവാര്യമാണ്. നമസ്കാരത്തിന്റെ ഫർള്, ആയിട്ടാണിതിനെ (ത്വുമഅ്നീനത്ത്) കണക്കാക്കുന്നത്. ഇപ്പോൾ ഒരു റകഅത്തു പൂർണ്ണമായി.

# തശഹ്ഹുദ്

രണ്ടിലധികം റകഅത്തുകളുള്ള നമസ്കാരത്തിൽ രണ്ടാം റകഅത്തിലെ രണ്ടാം സുജൂദ് കഴിഞ്ഞാൽ തശഹ്ഹുദിന്നു വേണ്ടിയിരിക്കണം. നേരത്തെ സൂചിപ്പിച്ച ഇഫ്തിറാശിന്റെ ഇരുത്തമാണിവിടെ സ്വീകരിക്കേണ്ടത്. അവസാനത്തെ റകഅത്തിലും തശഹ്ഹുദ് ഓതണം. തശഹ്ഹുദ് എന്നാൽ (ശഹാദത്തിന്റെ വചനം ഉൾക്കൊള്ളുന്ന) അത്തഹിയ്യാത്തു എന്നു പറഞ്ഞുകൊണ്ടു തുടങ്ങുന്ന പ്രാർത്ഥനയാണ്. അതിപ്രകാരമാണ്.

അത്തഹിയ്യാത്തുൽ മുബാറകാത്തു സ്സ്വലവാത്തു ത്ത്വയ്യി ബാത്തു ലില്ലാഹി അസ്സലാമു അലൈക അയ്യുഹന്നബി യ്യു വറഹ്മത്തുല്ലാഹി വബറകാത്തുഹു അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി സ്സ്വാലിഹീൻ. അ ശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മു ഹമ്മദർ റസൂലുല്ലാഹ് . അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മ ദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലൈത്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ വബാരിക് അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ ബാറക്ത അ ലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീ ദുൻ മജീദ്.

اَلتَّحِيَّاتُ الْمُبَارَكَاتُ الصَّلَوَاتُ الطَّيِّبَاتُ لِلّٰهِ اَلسَّلَامُ عَلَيْكَ اَيُّهَا النَّبِيُّ
وَرَحْمَةُ اللّٰهِ وَبَرَكَاتُهُ اَلسَّلَامُ عَلَيْنَا وَعَلٰى عِبَادِ اللّٰهِ الصَّالِحِينَ
اَشْهَدُ اَنْ لَا اِلٰهَ اِلَّا اللّٰهُ وَاَشْهَدُ اَنَّ مُحَمَّدًا رَسُولُ اللّٰهِ
اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ عَلٰى
اِبْرٰهِيمَ وَعَلٰى اٰلِ اِبْرٰهِيمَ وَبَارِكْ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ
كَمَا بَارَكْتَ عَلٰى اِبْرٰهِيمَ وَعَلٰى اٰلِ اِبْرٰهِيمَ اِنَّكَ حَمِيدٌ مَجِيدٌ

"എല്ലാ അഭിവാദ്യങ്ങളും അനുഗ്രഹീത കർമ്മങ്ങളും, ആരാധനകളും നൻമയുററ എല്ലാ കാര്യങ്ങളും അല്ലാഹുവിന്നാകുന്നു. പ്രവാചക(സ) ന്നു് അല്ലാഹുവിൻെറകരുണാ കടാക്ഷങ്ങളും ഉണ്ടാകുമാറാകട്ടെ!. ഞങ്ങൾക്കും നല്ലവരായ അല്ലാഹുവിൻെറ ദാസന്മാർക്കും രക്ഷ നൽകേണമേ!. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മററാരുമില്ലെന്നു് ഞാൻ സാക്ഷ്യംവഹിക്കുന്നു. മുഹമ്മദ് നബി (സ) അല്ലാഹുവിൻെറ പ്രവാചകനെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവേ! ഇബ്രാഹിം (അ) നും ഇബ്രാഹിം(അ) ൻെറ കുടുംബത്തിനും നീ കരുണ ചെയ്യേണമേ, ഇബ്രാഹിം(അ) നേയും കുടുംബത്തെയും അനുഗ്രഹിച്ച

പോലെ മുഹമ്മദ്(സ)യേയും കുടുംബത്തേയും നീ അനുഗ്രഹിക്കേണമേ!. നിശ്ചയം നീ സ്തുത്യർഹനും അത്യുദാരനുമാകുന്നു.''

അവസാന റകഅത്തിൽ തശഹ്ഹുദിനിരിക്കുമ്പോൾ വലതുകാലടി നാട്ടിവെക്കുകയും ഇടതുകാൽ അതിനിടയിലൂടെ പുറമേക്ക് പ്രവേശിച്ച നിലയിലും പൃഷ്ട ഭാഗം നിലത്ത് പതിഞ്ഞിരിക്കത്തക്ക വിധവും ഇരിക്കുക. ഇതിന് 'തവർറുക്കി'ന്റെ ഇരുത്തമെന്നും പറയുന്നു. വലതുകയ്യിലെ തള്ളവിരൽചൂണ്ടുവിരലിന്റെ മുരടിലും ബാക്കി വിരലുകൾ മടക്കിപ്പിടിച്ച് മുട്ടിൻമേലുമായിരിക്കണം വെയ്ക്കേണ്ടത്. തശഹ്ഹുദിലെ 'ഇല്ലല്ലാഹു' എന്നുച്ചരിക്കുമ്പോൾ ഈ ചൂണ്ടാണിവിരൽ നിവർത്തിപ്പിടിക്കുകയും തശഹഹുദ് തീരുന്നതുവരെ ഇളക്കിക്കൊണ്ടിരിക്കുകയും ചെയ്യുകയാണുത്തമം. ഇടതുകൈവിരലുകൾ നിവർത്തി കാൽമുട്ടിലും വെക്കുക.(ചിത്രം 7 കാണുക

ആദ്യത്തെ തശഹ്ഹുദിൽ മേൽപറഞ്ഞവ ചൊല്ലിയാൽ മതി. അവസാനത്തെ തശഹ്ഹുദിൽ തുടർന്ന് മററു പ്രാർത്ഥനകളും നടത്താവുന്നതാണ്. അവയിൽ ചിലത് കുറിക്കുന്നു :

''അല്ലാഹുമ്മ ഇന്നീ ളലംതു നഫ്സീ ളുൽമൻ കസീറൻ ലാ യഗ്ഫിറുദ്ദുനൂബ ഇല്ലാ അൻത ഫഗ്ഫിർലീ മഗ്ഫിറതൻ മിൻ ഇൻദിക വർഹം നീ ഇന്നക അൻതൽ ഗഫൂറുർറഹീം.''

اَللّٰهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا وَلَا يَغْفِرُ الذُّنُوبَ
إِلَّا أَنْتَ فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي إِنَّكَ أَنْتَ
الْغَفُورُ الرَّحِيمُ.

"അല്ലാഹുവേ! ഞാനെന്റെ ആത്മാവിനോട് അതിരററ അക്രമം ചെയ്തിരിക്കുന്നു. നീയല്ലാതെ പാപം പൊറുക്കുന്നവനില്ല. അതിനാൽ നിന്റെ പക്കൽനിന്നു

ള്ള പാപമോചനത്താൽ എന്നോട് പൊറുക്കേണമേ; എന്നോട് കരുണ കാണിക്കേണമേ! നിശ്ചയം നീയാണ് പൊറുക്കുന്നവനും കരുണാനിധിയും.'

**അല്ലാഹുമ്മ ഇന്നീ അഊദുബിക മിൻ അദാബിൽ ഖബ്'രി വമിൻ അദാബിന്നാരി വമിൻ ഫിത്'നതിൽ മഹ്'യാ വൽമമാതി വമിൻ ഫിത്'നതിൽ മസീഹിദ്ദജ്ജാൽ.**

اَللّٰهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ
النَّارِ وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ وَمِنْ فِتْنَةِ الْمَسِيحِ الدَّجَّالِ

**അല്ലാഹുവേ. ഖബർശിക്ഷയിൽ നിന്നും നരകശിക്ഷയിൽ നിന്നും ജീവിതത്തിലേയും, മരണവേളയിലേയും (കടുത്ത)പരീക്ഷണത്തിൽ നിന്നും മസീഹുദ്ദജ്ജാലിന്റെ വിപത്തിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.'**

## സലാം

തശഹ്ഹുദും സ്വലാത്തും അതിലെ പ്രാർത്ഥനകളും കഴിഞ്ഞാൽ 'അസ്സലാമുഅലൈക്കും വറഹ്മതുല്ലാഹ്'' ''اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ'' എന്നുപറഞ്ഞുകൊണ്ട് ആദ്യമായി വലതു ഭാഗത്തേക്ക് പൂർണ്ണമായി മുഖം തിരിക്കുക. (കവിൾത്തടം പിൻഭാഗത്തുള്ളവർ കാണത്തക്കവിധം). പിന്നീട് ഇടതു ഭാഗത്തേക്കും സലാംചൊല്ലി മുഖം തിരിക്കുക. ഇങ്ങിനെ രണ്ടു സലാമുകൾ ചൊല്ലി നമസ്കാരത്തിൽനിന്നു വിരമിക്കൽ നമസ്കാരത്തിന്റെ 'റുക്ന്'കളിൽപെട്ടതാണ്. ഇതോടെ നമസ്കാരം അവസാനിച്ചു.

# ദുർബ്ബലപ്പെടുത്തുന്ന കാര്യങ്ങൾ

ഖിബ്‌ലയിൽനിന്ന് പൂർണ്ണമായി (യാത്രയിലൊഴികെ) തെററുക, കുളിയും വുളുവും അനിവാര്യമാക്കുന്ന കാര്യങ്ങൾ സംഭവിക്കുക, അകാരണവും അനാവശ്യവും അമിതവുമായി കരചരണങ്ങൾ ഇളക്കുക, പൊട്ടിച്ചിരിക്കുക, നിർദ്ദേശിക്കപ്പെട്ടവ (ഫർളുകളോ ശർത്തുകളോ) കരുതിക്കൂട്ടി ഉപേക്ഷിക്കുക, ഇമാമിനെ മനഃപൂർവ്വം മുൻകടന്നു പ്രവർത്തിക്കുക.

സാധാരണ നമസ്ക്കാരങ്ങളിലെ ഫർസുകൾക്കും ശർധുകൾക്കും ഭംഗം നേരിടുക, നമസ്കാരത്തിൽ തിന്നുകയോ കുടിക്കുകയോ ചെയ്യുക, ഇടക്ക്‌വെച്ച് നമസ്ക്കാരം വേണ്ടെന്നു വെക്കുക, സംസാരിക്കുക, നിർദ്ദേശിക്കപ്പെടാത്തവ അധികമായി പ്രവർത്തിക്കുക എന്നീ കാരണങ്ങളാൽ നമസ്ക്കാരം ദുർബ്ബലപ്പെടുന്നതാണ്. ദുർബലപ്പെട്ട നമസ്കാരം പൂർണ്ണമായി മാററി നിർവ്വഹിക്കാം.

കൈവിരലുകളും തലയും ഇളക്കുക, രണ്ടടി മുന്നോട്ടോ പിന്നോട്ടോ വെക്കുക, അബദ്ധത്തിലോ മറന്നോ നമസ്ക്കാരത്തിൽപ്പെടാത്ത വല്ലതും ഉച്ചരിക്കുകയോ ചെയ്യുന്നതിനാൽ നമസ്ക്കാരം ദുർബ്ബലപ്പെടുകയില്ല. ആവശ്യമില്ലാതെ തൊണ്ടയനക്കുക, കണ്ണ് മേല്പോട്ടുയർത്തുക തിരിഞ്ഞുനോക്കുക, ചിരിക്കുക ഊരയിൽ കൈവച്ച് നിൽക്കുക, ചാരിനിൽക്കുക, ഒററക്കാലിൽ നില്ക്കുക എന്നീ അപമര്യാദകൾ നമസ്ക്കാരത്തിൽ വർജ്ജിക്കേണ്ടതാണ്. സുജൂദിലും റുകൂഇലും മററും വസ്ത്രം, മുടി എന്നിവ ചുരുട്ടുക, കൈകൊണ്ട് മണ്ണു നീക്കുക, ഊതുക എന്നിവയും ഉപേക്ഷിക്കേണ്ടതാണ്.

# മറവിക്കു പകരം സുജൂദ്

നമസ്കാരം ദുർബലപ്പെടുന്ന കാര്യങ്ങൾ മറന്നോ കൂടുതലായോ സംഭവിച്ചാൽ അതിന്നു പ്രായശ്ചിത്തമായി സലാം വീട്ടുന്നതിന്നു മുൻപോ ശേഷമോ രണ്ടു സുജൂദുകൾ ചെയ്യുന്നതാണ് 'സഹ്വിൻെറ (മറവിയുടെ) സുജൂദ്' എന്നു പറയുക. താഴെ വിവരിക്കുന്ന പ്രധാന സന്ദർഭങ്ങളിൽ ഈ സുജൂദുകൾ അനിവാര്യമാണ്.

1. നമസ്കാരത്തിൽ മറന്നു റുകൂഓ, സുജൂദോ, നിറുത്തമോ, ഇരുത്തമോ, ഒരു റക്അത്ത് മുഴുവൻതന്നെയോ വർദ്ധനവ് സംഭവിച്ചു. എങ്കിൽ നമസ്കാരാവസാനത്തിൽ സലാം വീട്ടിയശേഷം രണ്ട് സഹ്വിൻെറ സുജൂദുകൾ ചെയ്യുകയും അവസാനത്തിൽ വീണ്ടും സലാം വീട്ടുകയും ചെയ്യുക.

2. നമസ്കാരം പൂർത്തിയാകും മുമ്പ് മറന്നു സലാം വീട്ടി. പിന്നീട് അധികം വൈകാതെ അപ്പോൾ തന്നെ ഓർമ്മവന്നു. എങ്കിൽ ബാക്കി വന്നത് ഉടനെ പൂർത്തീകരിച്ചു സലാം വീട്ടുകയും ശേഷം രണ്ടു സുജൂദുകൾ ചെയ്ത് വീണ്ടും സലാം വീട്ടുകയും ചെയ്യുക. മററു പ്രവർത്തനങ്ങൾക്കും വളരെ സമയത്തിന്നുംകൂടിയ സംസാരങ്ങൾക്കും ശേഷമാണ് ഓർമ്മ വന്നതെങ്കിൽ നമസ്കാരം മാററി വീണ്ടും നിർവ്വഹിക്കേണ്ടതാണ്.

3. ഒന്നാമത്തെ തശഹ്ഹുദ് മറന്നു മൂന്നാം റക്അത്തിലേക്കെഴുന്നേററു പോയാൽ തിരിച്ചു തശഹ്ഹുദിലേക്ക് വരേണ്ടതില്ല. പകരം നമസ്കാരാവസാനത്തിൽ സലാമിന്നു മുമ്പ്തന്നെ രണ്ട് സഹ്വിൻെറ സുജൂദുകൾ ചെയ്ത് സലാം വീട്ടുക.

4. റക്അത്തുകളുടെ എണ്ണത്തിൽ കൂടിയോ കുറഞ്ഞോ എന്നു സംശയിച്ചാൽ ഏററവും ഉറപ്പു തോന്നിയത് സ്വീകരിച്ചു സംശയമുള്ളത് തള്ളുക. അതായത് കുറഞ്ഞതിനെ സ്വീകരിക്കുക–നമസ്കാരം പൂർത്തീകരിച്ച് സലാമിന്നു മുമ്പ്തന്നെ രണ്ട് സുജൂദുകൾ ചെയ്ത് സലാം വീട്ടുക.

സഹ്വിൻെറ സുജൂദ്കൊണ്ട് വീഴ്ച പരിഹരിക്കാൻ കഴിയുന്നവയിലുള്ള മറവികൾകൊണ്ട് നമസ്കാരം ബാതിൽ (നിഷ്ഫലം) ആകുന്നതല്ല. കാരണം നബി (സ.അ) പറയുന്നു. ''എൻെറ സമുദായം അബദ്ധത്തിൻേറയും മറവിയുടേയും കുററത്തിൽനിന്ന് മോചിതരാണ്.''

നമസ്കാരത്തിൽ ഇമാമിനുപററുന്ന മറവി മഅ്മൂമുകൾ തസ്ബീഹു (സുബ്ഹാനല്ലാഹ്) ചൊല്ലി ഉണർത്തുക. നമസ്കാരശേഷമുള്ള ഉണർത്തലിന്നാവശ്യമായ സംഭാഷണങ്ങൾക്കുശേഷം കൊണ്ടുവരുന്ന കർമ്മങ്ങൾ നമസ്കാരത്തിന്ന് ഭംഗം വരുത്തുന്നതല്ല.

സഹ്വിൻെറ ഈ സുജൂദുകളിൽ ചൊല്ലുവാൻ പ്രത്യേക പ്രാർത്ഥനകൾ ഹദീസു ഗ്രന്ഥങ്ങളിൽ വന്നിട്ടില്ല. അതിനാൽ മററു സുജൂദുകളിലെ പ്രാർത്ഥനകൾതന്നെ മതിയാകുന്നതാണ്.

# ഓതിയതിന് സുജൂദ്

ഖുർആൻ പാരായണം ചെയ്യുമ്പോൾ അവക്കിടയിൽ ചില സൂറത്തുകളിൽ സുജൂദ് ചെയ്യാൻ നിർദ്ദേശിക്കപ്പെട്ട സൂക്തങ്ങളുണ്ട്. ആ സുജൂദിന് 'സജദത്തുത്തിലാവത്ത്'' എന്ന് പറയുന്നു. നമസ്ക്കാരത്തിൽ ഓതുന്നവരും കേൾക്കുന്നവരും ഈ സുജൂദ് ചെയ്യുന്നത് സുന്നത്താണ്.
ഇത് വുളു ഇല്ലാത്തപ്പോഴും നിർവ്വഹിക്കാവുന്നതാണ്.

'സൂറത്തുൽ 'അഅ്റാഫ്', റഅ്ദ്', സൂറത്തുൽ ഹജ്ജ്( രണ്ട് സ്ഥലത്ത്) നഹ്ല്, ഇസ്റാഅ്, മർയം, ഫുർഖാൻ, നംല്, അലിഫ്ലാം മീംതൻസീൽ, ഹാമീം സജദ, നജ്മ്, ഇൻശിഖാഖ്, ഇഖ്റഅ് എന്നീ സൂറത്തുകളിലാണ് ഈ സുജൂദുകളുള്ളത്.

ഈ സുജൂദിൽ പ്രത്യേക പ്രാർത്ഥന ചിലഫിഖ്ഹ് ഗ്രന്ഥങ്ങളിൽ കാണുന്നുണ്ടെങ്കിലും അവ പ്രാമാണിക നബി വചനങ്ങളിൽ ഉദ്ധരിക്കപ്പെട്ടിട്ടില്ല. അതിനാൽ മററു സുജൂദുകളിലെ പ്രാർത്ഥനകൾ തന്നെ മതിയാകുന്നതാണ്.

# ഖുനൂത്ത്

മുസ്ലിംകൾക്ക പൊതുവായ ഒരു വിപത്ത് ബാധിച്ചാൽ അഞ്ച് വഖ്ത്ത് നമസ്ക്കാരത്തിൻേറയും അവസാനത്തെ ഇഅ്തിദാലിൽ പ്രാർത്ഥിക്കുന്ന പ്രത്യേക പ്രാർത്ഥനയാണ് ഖുനൂത്ത്. ഇതിന് 'നാസിലത്തിൻെറ ഖുനൂത്ത്'(വിപത്ത് ഇറങ്ങുമ്പോഴുള്ള പ്രാർത്ഥന) എന്ന് പറയുന്നു. 'ബിഅ്ർമഊന' സംഭവത്തിൽ വധിക്കപ്പെട്ട എഴുപതു ഖുർറാഅ്(ഖുർആൻ മനഃപാഠമാക്കിയവർ) കളുടെ പേരിൽ വ്യസനിച്ച് ഒരു മാസക്കാലം നബി(സ) ഖുനൂത്ത് ഓതുകയും പിന്നീട്

لَيْسَ لَكَ مِنَ الْأَمْرِ شَيْءٌ أَوْ يَتُوبَ عَلَيْهِمْ أَوْ يُعَذِّبَهُمْ فَإِنَّهُمْ ظَالِمُونَ

'അക്കാര്യത്തിൽ നിനക്ക യാതൊരധികാരവുമില്ല, ഒന്നുകിൽ അവൻ(അല്ലാഹു) അവരുടെ പശ്ചാത്താപം സ്വീകരിക്കുകയോ അല്ലെങ്കിൽ ശിക്ഷിക്കുകയോ ചെയ്തേക്കാം. കാരണം അവർ അക്രമികളാകുന്നു.' എന്ന ഖുർആൻ സൂക്തം അവതരിപ്പിച്ചപ്പോൾ(ചില ഗോത്രക്കാർക്കും ശത്രുക്കൾക്കുമെതിരിലുള്ള ആ പ്രാർത്ഥന) നബി(സ) ഉപേക്ഷിക്കുകയും ചെയ്തു. എന്നാൽ സമൂഹത്തിനു ഇത്തരം ആപത്തുകൾ ബാധിക്കുമ്പോൾ അപ്രകാരം പ്രാർത്ഥന നടത്താമെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

**അതിനാൽ ഇത്തരം ഘട്ടങ്ങളിൽനമുക്ക അഞ്ച് വഖ്ത്ത് നമസ്ക്കാരങ്ങളിലും പ്രാർത്ഥിക്കുന്നതിന്ന വിരോധമില്ല.**

**ഇതുപോലെ മറെറാരു ഖുനൂത്താണ് രാത്രിയിലെ വിത്ർ നമസ്ക്കാരത്തിൽ പ്രാർത്ഥിക്കാനായി നബി (സ) ഹസനുബ്നു അലിയ്യ്(റ) വിന്ന് പഠിപ്പിച്ചു കൊടുത്ത പ്രാർത്ഥന.**

اَللّٰهُمَّ اهْدِنِي فِيمَنْ هَدَيْتَ وَعَافِنِي فِيمَنْ عَافَيْتَ وَتَوَلَّنِي فِيمَنْ
تَوَلَّيْتَ وَبَارِكْ لِي فِيمَا أَعْطَيْتَ وَقِنِي شَرَّ مَا قَضَيْتَ فَإِنَّكَ تَقْضِي
وَلَا يُقْضَى عَلَيْكَ وَإِنَّهُ لَا يَذِلُّ مَنْ وَالَيْتَ وَلَا يَعِزُّ مَنْ عَادَيْتَ تَبَارَكْتَ
رَبَّنَا وَتَعَالَيْتَ فَلَكَ الْحَمْدُ عَلَى مَا قَضَيْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ

'അല്ലാഹുവേ! നീ നേർമാർഗ്ഗത്തിലാക്കിയവരോടൊപ്പം എന്നെയും നേർമാർഗ്ഗത്തിലാക്കേണമേ, നീ ആശ്വാസം നൽകിയവരോടൊപ്പം എനിക്കും ആശ്വാസം നല്കേണമേ, നീ സംരക്ഷണം ഏറെറടുത്തവരോടൊപ്പം എന്നേയും സംരക്ഷിക്കേണമേ. നീ നല്കിയിട്ടുള്ളതിൽ എനിക്കനുഗ്രഹം നല്കേണമേ. നീ വിധിച്ച നാശത്തിൽ നിന്ന് എന്നെ രക്ഷിക്കേണമേ! നീ വിധിക്കുന്നു. നീ വിധിക്കധീനനല്ല, നീ ആദരിച്ചവർ നിന്ദ്യരാകുകയില്ല, നിൻെറ കോപത്തിന്നടിമപ്പെട്ടവൻ പ്രതാപിയാകുകയില്ല. നാഥാ! നീ അനുഗ്രഹീതനാണ്. ഉന്നതനാണ്. നീ വിധിച്ചതിന്മേൽ നിനക്ക് സ്തുതി. ഞാൻ നിന്നോട് പാപമോചനം ചോദിക്കുന്നു. നിന്നിലേക്ക് പാശ്ചാത്തപിച്ച് മടങ്ങുന്നു.'

**എന്നാൽ സുബ്ഹ് നമസ്ക്കാരത്തിൽ പതിവായി മേൽകൊടുത്ത ഈ ഖുനൂത്ത് ഓതുന്നത് സുന്നത്തില്ലെന്നാണ് ഇതിനെക്കുറിച്ചു സംസാരിച്ചിട്ടുള്ള ബഹുഭൂരിഭാഗം പണ്ഡിതൻമാരും രേഖപ്പെടുത്തിയിരിക്കുന്നത്, (ഇമാംശാഫിഈ ഒഴികെ). 'സഈദ്ബ്നുതാരിഖിൽ അശ്ജഅ്'(റ)വിനോട് തൻെറ പുത്രൻ ചോദിച്ചു. പ്രിയ പിതാവേ! അങ്ങ് നബി(സ)യുടേയും അബൂബക്കർ,ഉമർ**

ഉസ്മാൻ, അലി(റ) എന്നിവരുടെയുമെല്ലാം പിന്നിൽ നമസ്കരിച്ചിട്ടുണ്ടല്ലോ. അവരാരെങ്കിലും സുബ്ഹ് നമസ്കാരത്തിൽ ഖുനൂത്ത് ഓതിയിരുന്നുവോ? അപ്പോഴദ്ദേഹം പറഞ്ഞു. എന്റെ മകനേ! അതു പുതുനിർമ്മിത ആചാരമാണ്.(അഹ്മദ് ഇബ്നുമാജ: തിർമുദി, നസാഈ എന്നീ ഹദീസ ഗ്രന്ഥങ്ങളിൽ നിന്ന്)

ബുഖാരി, മുസ്ലിം ഒഴികെയുള്ള ചില ഗ്രന്ഥങ്ങളിൽ സുബ്ഹ് നമസ്കാരത്തിൽ 'അല്ലാഹുമ്മഹ്ദിനാ' എന്ന് തുടങ്ങുന്ന ഖുനൂത്ത് നബി ഓതിയിരുന്നുവെന്ന് പറയുന്ന ഹദീസിന്റെ നിവേദകരിൽ അബ്ദുല്ലാഹിബ്നു ഹുമൈദ്' എന്ന റിപ്പോർട്ടർ അയോഗ്യനാണ്. അത് പോലെ നബി(സ) മരണമടയുവോളം സുബ്ഹിൽ ഖുനൂത്ത് ഓതാറുണ്ടായിരുന്നുവെന്ന് തിർമുദിയും മുസ്നതിയും റിപ്പോർട്ട ചെയ്ത ഹദീസിലെ നിവേദകരിൽ 'അബൂജഅ്ഫറുറാസി' എന്നയാൾ നിവേദനത്തിന് അയോഗ്യനാണെന്ന് അഹ്മദ്, ഇബ്നുൽ മദീനി, അബൂസർഅ, ഇബ്നുഹിബ്ബാൻ എന്നിവരും റിപ്പോർട്ട് ചെയ്തിരിക്കുന്നു. സുബ്ഹ് നമസ്കാരത്തിൽ ഈ ഖുനൂത്ത് ഓതുന്നതിന് ഇതല്ലാത്ത ഒരൊററ സ്വഹീഹായ ഹദീസും ഇല്ലതാനും. അതിനാൽ സുബ്ഹ് നമസ്കാരത്തിൽ പതിവായി ഈ ഖുനൂത്ത് നിർവ്വഹിക്കുന്നത്. നബി (സ)യുടെ പ്രവർത്തനത്തിലുണ്ടെന്നുള്ള വാദം ശരിയല്ലെന്നു ബോധ്യപ്പെടുന്നു.

# കൂട്ടുപ്രാർത്ഥന

'സ്വലാത്തുൽ ജമാഅ' എന്നു പറഞ്ഞാൽ തന്നെ കൂട്ടായ പ്രാർത്ഥന എന്നാണർത്ഥം. അതിനാൽ സലാമോടുകൂടി ആ കൂട്ടപ്രാർത്ഥന കഴിഞ്ഞു. അതിനുശേഷം ഓരോരുത്തരും അവരവരുടെ കാര്യങ്ങളും അഭിലാഷങ്ങളും, ആവലാതികളും അല്ലാഹുവിൻെറ മുന്നിൽ അവതരിപ്പിക്കാം. അതിനുള്ള അവസരമാണ് പിന്നീടുള്ളതു്. അതിനാൽ ഇമാം തൻെറ സ്ഥാനത്തുനിന്നു് എഴുന്നേററു പോകുകയാണ് വേണ്ടതെന്നു് റസൂൽ (സ) യുടെ മാതൃകയിൽ നിന്നു് മനസ്സിലാക്കാം. ആയിഷ (റ) നിവേദനം ചെയ്യുന്നു. അവർ പറഞ്ഞു:- നബി (സ) സലാം വീട്ടിയാൽ—

اَللّٰهُمَّ أَنْتَ السَّلَامُ، وَمِنْكَ السَّلَامُ، تَبَارَكْتَ يَا ذَا الْجَلَالِ وَالْإِكْرَامِ.

'അല്ലാഹുവേ! നീയാണ് രക്ഷകൻ, നിന്നിൽ നിന്നാണ് രക്ഷ. മഹാനും ഉന്നതനുമായ നാഥാ! നീ ഉൽകൃഷ്ടൻ തന്നെ' എന്നു പറയുന്നത്ര സമയമല്ലാതെ നമസ്ക്കാരസ്ഥലത്ത് ഇരിക്കാറുണ്ടായിരുന്നില്ല.' (മുസ്ലിം)

ഇമാം പിരിഞ്ഞുകഴിഞ്ഞാൽ എല്ലാവരുംഎഴുന്നേററു് ഓടണമെന്നല്ല ഇതിന് അർത്ഥം. അനിവാര്യാവശ്യങ്ങളുള്ളവർക്ക് പിരിഞ്ഞുപോകാം. അതിന് ഇമാം ഒരു തടസ്സമാകരുതല്ലോ. ബാക്കിയുള്ളവർ റസൂൽ(സ) പഠിപ്പിച്ചുതന്നിട്ടുള്ള തസ്ബീഹുകളും പ്രാർത്ഥനകളും നിർവ്വഹിക്കണം. ഫർള് നമസ്ക്കാരാനന്തരമുള്ള പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുമെന്ന് നബി(സ) പറഞ്ഞിരിക്കുന്നു. അതിനാൽ അത് തികച്ചും ഹൃദയസ്പർക്കായ നിലക്കായിരിക്കണം. സലാം വീട്ടിക്കഴിഞ്ഞാൽ أَسْتَغْفِرُ اللّٰهَ "അസ്തഗ്ഫിറുല്ലാഹ്"
എന്ന് മൂന്ന്പ്രാവശ്യം പറയണം. ശേഷം " അല്ലാഹുമ്മ അൻതസ്സലാം വമിൻകസ്സലാം തബാറക്ത യാദൽ ജലാലി വൽ ഇക്റാം"

( അല്ലാഹുവേ, നീയാണ് രക്ഷകൻ. നിന്നിൽനിന്നാണ് രക്ഷ. മഹാനും ബഹുമാന്യനുമായ നാഥാ, നീ അനുഗ്രഹീതനല്ലോ . ) എന്ന് പറയുക.

ശേഷം സുബ്ഹാനല്ലാ ( 33 പ്രാവശ്യം), അൽഹംദുലില്ലാ (33 പ്രാവശ്യം), അല്ലാഹു അക്ബർ 33 പ്രാവശ്യം വീതം പറയുക.

سُبْحَانَ اللهِ ، اَلْحَمْدُ لِلهِ ، اَللهُ أَكْبَرُ ٣٣

നൂറ് തികയത്തക്കവിധം

"ലാഇലാഹ ഇല്ലല്ലാഹ് വഹ്ദഹു ലാശരീകലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാകുല്ലി ശൈഇൻ ഖ ദീർ . അല്ലാഹുമ്മ ലാ മാനിഅ ലിമാ അഅ്തൈത വലാ മുഅ്തിയ ലിമാ മനഅ്ത വലാ യൻഫഉ ദൽ ജദ്ദി മിൻ കൽ ജദ്ദ്".

لَا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ. لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَىٰ كُلِّ شَيْءٍ قَدِيرٌ. اَللّٰهُمَّ لَا مَانِعَ لِمَا أَعْطَيْتَ وَلَا مُعْطِيَ لِمَا مَنَعْتَ، وَلَا يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ.

(അല്ലാഹു ഒഴികെ യാതൊരരാധ്യനമില്ല. അവൻ ഏകനം പങ്കുകാരില്ലാത്തവനമാണ്. ആധിപത്യവും സ്തുതിയും അവന്നാണ്. അവൻ സർവ്വ കാര്യങ്ങൾക്കും കഴിവുററവനാണ്. നാഥാ! നീ നൽകിയതു് തടയുന്നവനില്ല. നീതടഞ്ഞുവെച്ചതു് നല്കുന്നവനമില്ല. സ്ഥാനമാനങ്ങളുള്ളവൻെറ പദവികൾ നിന്നിൽനിന്നുള്ള സ്ഥാനമാനത്തേക്കാൾ ഒട്ടും ഉപകാരപ്രദമല്ല). (നീ തരുന്ന പദവിയാണ് യഥാർത്ഥ പദവി.) എന്ന പറഞ്ഞുകൊണ്ടു് തസ്ബീഹുകൾ അവസാനിപ്പിച്ച ശേഷം തനിക്കിഷ്ടമുള്ള പ്രാത്ഥനകൾ നടത്തുക.

ഖുർആനിലൂടെ നമ്മെ പഠിപ്പിച്ചിട്ടുള്ള പ്രാത്ഥനകൾ നിരവധിയാണ്. അവകളാകട്ടെ ലളിതവും സാര സമ്പൂർണ്ണങ്ങളുമാണ്. പ്രാർത്ഥനയിൽ അവക്കു് മുൻഗണന നൽകുക വളരെ നല്ലതു. ഇവയുടെ സാരം പഠിക്കുകയും നിത്യവും പ്രാർത്ഥനയിൽ ഉൾക്കൊള്ളിക്കുകയും ചെയ്യുക വളരെ പ്രോത്സാഹജനകവുമാണ്.

# അദാഉം ഖസാഉം

ഏതൊരു പ്രവൃത്തിയും നിശ്ചയിക്കപ്പെട്ട സമയത്തിനുള്ളിൽ നിർവ്വഹിക്കുന്നതിനു് 'അദാഅ്' എന്നും, സമയം കഴിഞ്ഞ ശേഷം മറെറാരിക്കൽ നിർവ്വഹിക്കുന്നതിനു് 'ഖസാഅ്' എന്നും പറയുന്നു. ഫർള് നമസ്കാരങ്ങൾ അദാഅ് ആയിക്കൊണ്ടാണ് നിർവ്വഹിക്കേണ്ടതു്. എന്നാൽ അതു് 'ഖസാഅ്' ആകുന്ന പ്രവണത ധാരാളം ആളുകളിൽ കാണുന്നു. വാസ്തവത്തിൽ ഫർസ് നമസ്കാരത്തിൽ 'ഖസാഅ്' എന്ന പ്രശ്നം ഉദിക്കുന്നില്ല. അല്ലാഹു പറയുന്നു:

إِنَّ الصَّلَوٰةَ كَانَتْ عَلَى الْمُؤْمِنِينَ كِتَٰبًا مَّوْقُوتًا. النساء

'നിശ്ചയം, നമസ്കാരം സത്യവിശ്വാസികളിൽ നിർബന്ധവും സമയബന്ധിതവുമാക്കി നിശ്ചയിച്ചിരിക്കുന്നു.' ക്ലിപ്ത സമയത്തിൽ ബന്ധിതമായ നമസ്കാരം ഏതു കാരണവശാലും അസമയങ്ങളിൽ നിർവ്വഹിക്കുക അനുവദനീയമല്ലെന്നു് പ്രവാചക ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഖന്തക്ക് യുദ്ധവേളയിൽ അസർ നമസ്കാരം ജോലിത്തിരക്കിൽ മറന്നുപോയ റസൂൽ (സ)ക്കും അനുചരർക്കും അതോർമ്മ വന്നപ്പോൾ എത്രമാത്രം അസ്വാസ്ഥത ഉണ്ടായിരുന്നുവെന്നതു് ചരിത്രം രേഖപ്പെടുത്തുന്നു.

'ജംഉം' 'ഖസ്വ്റ്'മാക്കൽ അനുവദനീയമായ ഘട്ടത്തിൽ ഒരു വഖത്ത് മറെറാരു വഖ്ത്തിലേക്കു പിന്തിക്കാം. അതിനാകട്ടെ 'ഖസാഅ്' എന്നു പറയുകയില്ല. മറക്കുകയോ ഉറങ്ങിപ്പോവുകയോ ചെയ്താലുള്ള വിധിയെക്കുറിച്ചു് റസൂൽ (സ) പറയുന്നതു് കാണുക. 'അനസ്സ് ബ്നുമാലിക് (റ) വിൽനിന്നു് നിവേദനം– അദ്ദേഹം പറഞ്ഞു. നബി(സ) അരുളുന്നു. വല്ലവനും നമസ്കാരം മറന്നാൽ അല്ലെങ്കിൽ നമസ്കാരം (സമയം) കഴിയുന്നതു വരെ ഉറങ്ങിപ്പോയാൽ അതിനുള്ള പ്രായശ്ചിത്തം, 'ഓർമ്മയാകുകയോ, ഉണരുകയോ ചെയ്ത ഉടനെ നമസ്കരിക്കുക— കാരണം അതാണവന്റെ വഖ്ത്തു്''. (മുസ്ലിം).

ഈ രണ്ട കാരണങ്ങളല്ലാതെ മററൊരു കാരണത്താലും കൃത്യസമയത്തിൽനിന്നു തെററിപ്പോകുന്ന ഒരവസ്ഥ ഒരാഠക്കം സങ്കല്പിക്കാനാകില്ല.

ആർത്തവകാരികൾ, പ്രസവിച്ചവർ, പ്രസവരക്തമുള്ളവർ- ഇവർ ശുദ്ധിയാകുവോളം നമസ്ക്കരിക്കേണ്ടതില്ല. ശുദ്ധിയായാലോ അവർ 'ഖസാഅ്' വീട്ടേണ്ടതില്ലല്ലോ. ബോധം നശിച്ചവന് സുബോധം തിരിച്ചുകിട്ടിയ വഖ്തിലെ നമസ്കാരമേ ബാധകമുള്ളൂ. ഭ്രാന്തൻ ഭ്രാന്തിൽനിന്നു മുക്തനായ സമയത്തുള്ള നമസ്കാരമേ അയാളും നിർവ്വഹിക്കേണ്ടതുള്ളൂ. യാത്രയിലും യുദ്ധക്കളത്തിലും ഭയവിഹ്വലതയുള്ളപ്പോഴും രോഗമുള്ളപ്പോഴുമെല്ലാം വിവിധ വിട്ടുവീഴ്ചകൾ നൽകപ്പെട്ടിട്ടുണ്ടെങ്കിലും നമസ്ക്കാരം ഒഴിവാക്കാനോ എല്ലാംകൂടി മററൊരു സമയത്തേക്ക് കൂട്ടിവെച്ച് നമസ്ക്കരിക്കാനോ പാടുള്ളതല്ല. അത്തരം രംഗങ്ങളിൽ എപ്രകാരം സാധ്യമാകുമോ അപ്രകാരം നിർവ്വഹിച്ച റസൂൽ (സ) മാതൃക കാണിച്ചുതരികയാണ് ചെയ്തിട്ടുള്ളത്.


വെള്ളമില്ലെങ്കിൽ തയമ്മും ചെയ്യാം. നിൽക്കാൻ കഴിയില്ലെങ്കിൽ ഇരുന്നോ കിടന്നോ നിർവ്വഹിക്കാം. അതിന്നാകില്ലെങ്കിൽ ആംഗ്യങ്ങളാലോ ഹൃദയത്തിൽ സ്വരൂപിച്ചോ നിർവ്വഹിക്കാവുന്നതാണ്. വസ്ത്രം ഒന്നും കിട്ടാതെ [1] വരികയാണെങ്കിൽ നഗ്നനായോ, ധൃതിയിലോടുന്ന വാഹനത്തിലെങ്കിൽ അതിലിരുന്നോ, അഭയാർത്ഥിയായി ഭയന്നോടുന്നുവെങ്കിൽ നടക്കുമ്പോഴോ, ഓടുമ്പോഴോ സാധ്യമായ രീതിയിൽ നിശ്ചയിക്കപ്പെട്ട സമയത്തിനുള്ളിൽ തന്നെ നിർവ്വഹിണമെന്നാണ് ഇസ്‌ലാം നിഷ്ക്കർഷിച്ചിരിക്കുന്നത്. അല്ലാതെ എല്ലാംകൂടി ഒററയടിക്ക് പടച്ചവന് എണ്ണം കൊടുക്കുന്ന 'ഖസാഅ്' എന്ന ഒരു പരിപാടി ഫർസ് നമസ്ക്കാരങ്ങളിൽ സങ്കല്പിക്കുക കൂടി സാധ്യമല്ല.

1 അങ്ങിനെ ഒരവസ്ഥ വരുകയാണെങ്കിൽ മാത്രം. എല്ലാവർക്കും ബാധകമാക്കിയല്ല ഇതു പറയുന്നത്. വായനക്കാർ തെററിദ്ധരിച്ചുപോകരുത്.

ഇത്രയും പറഞ്ഞപ്പോറം സ്വാഭാവികമായൊരു സംശയം ഉടലെടുക്കും. 'കരുതിക്കൂട്ടി ഒരാറം ഒഴിവാക്കി, പിന്നീട് അത് തെററാണെന്ന് ബോധ്യപ്പെട്ടു. എന്നാൽ കഴിഞ്ഞുപോയത് 'ഖസാഅ്' വീട്ടേണ്ടതില്ലേ? അതിനുള്ള മറുപടി ഇതാണ്. 'മേൽപറഞ്ഞ കാരണങ്ങളൊന്നുമല്ലാതെ കരുതിക്കൂട്ടി ഒരാറം അപ്രകാരം ചെയ്യുന്നത് പാപവും കുററകരവുമാണ്. അപ്പോറം അവൻ മനഃപൂർവ്വം കുററം ചെയ്തവനായി. പക്ഷെ മനുഷ്യനെന്ന നിലക്ക് പിന്നീട് തെററു ബോധ്യപ്പെട്ടു. പശ്ചാത്താപം തോന്നി. എങ്കിൽ ഖുർആനിന്റെ നിർദ്ദേശമെന്ത്? ആത്മാർത്ഥമായി പശ്ചാത്തപിച്ച (തൗബാ ചെയ്ത്) ആ തെററ് ആവർത്തിക്കില്ലെന്ന് അല്ലാഹുവിനോട് ഏററുപറഞ്ഞു അതാവർത്തിക്കാതിരിക്കുക. പിന്നീട് സൽകർമ്മത്തിൽ മുഴുകുക. റഹ്മാനും റഹീമുമായ അല്ലാഹുവിന്റെ പാപമോചനത്തിൽനിന്നു ആശ കൈവെടിയാതിരിക്കുക. ഇതു തന്നെയാണതിന്റെ പ്രായശ്ചിത്തം'. ഇതല്ലാതെ കരുതിക്കൂട്ടി ഉപേക്ഷിച്ച ആ നമസ്ക്കാരം മുഴുവൻ— അത് എത്ര കുറച്ചോ, അധികമോ ആകട്ടെ— 'ഖസാഅ്' വീട്ടുക എന്ന ഒരു പദ്ധതിക്ക് ഇസ്ലാമിക ദൃഷ്ട്യാ ഒരു ന്യായവും അവതരിപ്പിക്കാനില്ല. അതിനാൽ ഫർസ് നമസ്ക്കാരങ്ങളിൽ ഖസാഅ് എന്ന പ്രശ്നംതന്നെ ഉൽഭവിക്കുന്നില്ല.

O—O—O


# നമസ്കാരം ചിത്രങ്ങളിലൂടെ



ചിത്രം 1. തക്ബീറത്തുൽ ഇഹ്റാം




ചിത്രം 2. 'തക്ബീറത്തുൽ ഇഹ്റാമി'ന് ശേഷമുള്ള നിറുത്തം




ചിത്രം, 3 റുകൂഅ്




(ചിത്രം – 4)
ഇഅ്തിദാലിലേക്ക് വരുമ്പോൾ



(ചിത്രം 5 സുജൂദ്)



ചിത്രം 6 ഇഫ്തിറാശിന്റെ ഇരുത്തം.



(ചിത്രം - 7)
'തശഹ്ഹുദിലെ തവർറുക്കിന്റെ ഇരുത്തം.

# അദ്ധ്യായം നാല്

# വിവിധ

# നമസ്കാരങ്ങൾ

# الباب الرابع

## الصلوات المتنوعة

# ജംഉം ഖസ്റും

സുഹറും, അസറും തമ്മിലും,[1] മഗ്‌രിബും ഇശാഉം തമ്മിലും[2] കൂട്ടി ഒരു സമയത്തു നമസ്കരിക്കുന്നതിനു ജംഅ്(കൂട്ടുക) എന്നും നാലു റകഅത്തുകളുള്ള നമസ്കാരത്തെ രണ്ടാക്കി നമസ്കരിക്കുന്നതിനെ ഖസ്റ്(ചുരുക്കൽ) എന്നും പറയുന്നു. രോഗികൾക്കും യാത്രക്കാർക്കും അനുവദിക്കപ്പെട്ട ആനുകൂല്യമാണ് ജംഅ്. ഖസ്റ് യാത്രക്കാർക്കു മാത്രവും. ഹ്രസ്വമായ യാത്രക്കാരനും നിസ്സാര രോഗികളും ഈ ആനുകൂല്യം കൈപ്പററാതിരിക്കലാണുത്തമം.

യാത്രയിൽ സ്വദേശാതിർത്തി വിട്ടതിനു ശേഷമാണ് ഖസ്റ് ചെയ്യേണ്ടത്. യാത്ര കഴിഞ്ഞു തിരിച്ചെത്തുന്ന വരെ ഖസ്റും, ജംഉം ആക്കാവുന്നതാണ്. നിശ്ചിതാവധി വരെ നിൽക്കുമെന്ന ലക്ഷ്യത്തോടെ പുറപ്പെട്ടവർ അവിടെ എത്തിക്കഴിഞ്ഞാൽ പിന്നീട് ജംഉം ഖസ്റും ആക്കാവതല്ല. അനിശ്ചിതമെങ്കിൽ അതായത് ഏതവസരത്തിലും മടങ്ങാവുന്നതാണെന്നുള്ള പ്രതീക്ഷയിൽ കഴിയുന്നവർ എത്ര വേണമെങ്കിലും ഖസ്റും ജംഉമാക്കാമെന്നാണ് ഹദീസുകൾ ജംഉ ചെയ്തിട്ടുള്ള പണ്ഡിതന്മാർ (വൈരുദ്ധ്യങ്ങളുള്ള എല്ലാ ഹദീസുകളും ഒരുമിച്ചു കൂട്ടി ഗവേഷണം ചെയ്തു തീരുമാനം പറഞ്ഞിട്ടുള്ള പണ്ഡിതന്മാർ) അഭിപ്രായപ്പെട്ടിട്ടുള്ളത്. അനിശ്ചിതമായി തുടരുന്ന ഇത്തരം യാത്രകളിൽ കൂടിയാൽ പതിനെട്ടു ദിവസം വരെ ഖസ്റ് ചെയ്യാവുന്നതാണെന്നും

---

1. സന്ദർഭത്തെ കണക്കാക്കി ഒന്നുകിൽ സുഹർ സമയത്ത് അല്ലെങ്കിൽ അസർ സമയത്ത് രണ്ടുംകൂടി നിർവ്വഹിക്കുക.
2. സന്ദർഭത്തെ കണക്കിലെടുത്തു ഒന്നുകിൽ മഗ്‌രിബ് സമയത്ത് അല്ലെങ്കിൽ ഇശാഇന്റെ സമയത്ത് രണ്ടും കൂടി നിർവ്വഹിക്കുക.

പിന്നേയും തുടരേണ്ടിവന്നാൽ പൂർണ്ണമായി നിർവ്വഹി ക്കണമെന്നും, പ്രബലമായ മറ്റൊരഭിപ്രായവും നില വിലുണ്ട്.

നബി (സ.അ)യുടെ ജംഅ് നമസ്കാരത്തിലുള്ള സമ്പ്ര ദായം മുആദ്ബ്നുജബൽ (റ) ഇങ്ങിനെ നിവേദനം ചെയ്യുന്നു: ''നബി (സ.അ) ഉച്ച തെററും മുമ്പ് യാത്ര തുടങ്ങിയാൽ 'ളുഹ്ർ' പിന്തിച്ചു 'അസ്ർ' സമയത്തു രണ്ടും നമസ്കരിക്കും. ഉച്ചക്കുശേഷം പുറപ്പെടാനൊ രുങ്ങിയാൽ ളുഹ്ർ സമയത്തുതന്നെ അസറുംകൂടി നിർവ്വഹിക്കും. എന്നിട്ടു പുറപ്പെടും. 'മഗ്രിബിനു' മുമ്പു പുറപ്പെടുകയാണെങ്കിൽ മഗ്രിബ് പിന്തിച്ചു 'ഇശാഇ'നോടൊപ്പം നിർവ്വഹിക്കും. മഗ്രിബിനു ശേഷം പുറപ്പെട്ടാൽ മഗ്രിബോടൊപ്പം ഇശാഅ് നമ സ്കരിക്കും.'' [1]

ഖസ്ർ സംബന്ധമായി അബ്ദുല്ലാഹിബ്നു ഉമർ (റ) ഉദ്ധരിക്കുന്നു: ''ഞാൻ നബി (സ.അ)യോ ടൊപ്പംകൂടി. അദ്ദേഹം യാത്രയിൽ രണ്ട് റകഅത്തിൽ കൂടുതലായി നമസ്കരിക്കാറേയില്ല. അബൂബക്കറും ഉമറും ഉസ്മാനും (റ.അ) യാത്രകളിൽ അപ്രകാരംതന്നെ യായിരുന്നു. [2]

ഇമാം അബൂഹനീഫ (റ) 'യാത്രയിൽ ഖസ്ർ നിർബ ന്ധമാണ്' എന്നും മാലിക്, ശാഫിഈ, അഹ്മദ് (റ) എന്നിവർ ''പൂർത്തീകരിച്ചു നമസ്കരിക്കൽ അനുവദ നീയമെങ്കിലും ഖസ്റാണ് ശ്രേഷ്ഠകരം'' എന്നു മാണ് പറയുന്നത്. ശൈഖുൽ ഇസ്ലാം ഇബ്നു

---

1. അഹ്മദ്. അബൂദാവൂദ്. തിർമുദി.
2. ബുഖാരി. മുസ്ലിം.

തൈമിയ (റ) പറയുന്നു: ''യാത്രയിൽ പൂർത്തീക രിച്ചു നമസ്കരിക്കൽ വെറുക്കപ്പെട്ട കാര്യമാണ്.''3

ജംഅ് രണ്ടു തരത്തിലുണ്ട്. ആദ്യത്തേതിന്റെ വ ഖ്ത്തിൽ രണ്ടാമത്തേത് നിർവ്വഹിക്കുന്നതിനെ 'ജംഉത്ത ഖ്ദീം' എന്നും ആദ്യത്തേത് രണ്ടാമത്തേതിന്റെ വഖ് ത്തിലേക്ക് പിന്തിക്കുന്നതിനെ 'ജംഉത്തഅ്ഖീർ' എന്നും പറയുന്നു. ജംഉ ചെയ്യുമ്പോൾ ബാങ്കും ഇഖാമത്തും വിളി ച്ചശേഷം ആദ്യത്തെ വഖ്ത്തിലെ നമസ്കാരം ആദ്യം നമസ്കരിക്കുക. സലാം വീട്ടിയ ശേഷം ഇഖാമത്ത്മാത്രം വിളിച്ച് രണ്ടാമത്തേത് നിർവ്വഹിക്കുക. രണ്ടിനുമിട യിൽ കൂടുതൽ സമയം വൈകരുത്. 'ജംഉത്തഅ്ഖീർ' ചെയ്യുന്നയാൾ ആദ്യത്തേതിന്റെ വഖ്ത്തിൽ പിന്തിച്ച ജംഉ ചെയ്തു നമസ്ക്കരിക്കുകയാണെന്ന നിയ്യത്ത് ചെ യ്തിരിക്കണം. സുബ്ഹ് നമസ്ക്കാരം അതിന്റെ വഖ്ത്തിൽ തന്നെയാണ് നിർവ്വഹിക്കേണ്ടത്. ജംഉം ഖസ്റും അതിനു ബാധകമല്ല.

## ജുമുഅ നമസ്കാരം

വെള്ളിയാഴ്ച തോറും 'ളുഹർ' സമയത്ത് ഓരോ മഹല്ലുകളിലും ജുമുഅത്ത് പള്ളികളിൽ വെച്ച് നടത്തുന്ന നമസ്കാരമാണിത്. പ്രായപൂർത്തിയെത്തിയ എല്ലാവർ ക്കും ജുമുഅ നിർബ്ബന്ധമാണ്. രോഗികൾക്കും യാത്ര ക്കാർക്കും നിർബ്ബന്ധമില്ല. സ്ത്രീകൾ സൗകര്യമുണ്ടെങ്കിൽ പങ്കെടുക്കുകതന്നെ വേണം. ജുമുഅക്ക് വരുന്നതിനുമുമ്പ് കുളിക്കുക, നല്ല വസ്ത്രം ധരിക്കുക, സുഗന്ധമണിയുക എ ന്നിവ സുന്നത്തുകളാണ്. ഖത്തീബ്(പ്രാസംഗികൻ)മി മ്പറിൽ(പ്രസംഗപീഠം) കയറുന്നതിന് മുമ്പുതന്നെ എല്ലാ വരും ഹാജരായിരിക്കണം. ഖത്തീബ് മിമ്പറിൽ കയ റിയാൽ ജുമുഅക്ക് വരുന്നവരുടെ പേരുകൾ രേഖപ്പെട്ട

3. അൻഇഖ്തിയാറാത്ത്.

ത്തുന്ന മലക്കുകൾ അവരുടെ രജിസ്റ്ററുകൾ അടച്ച് ഖു ത്തുബ ശ്രദ്ധിക്കാനിരിക്കുമെന്നും അതിനാൽ അതിനു മുമ്പുതന്നെ എല്ലാവരും എത്തിച്ചേരണമെന്നും റസൂൽ(സ) പ്രത്യേകം ഉപദേശിച്ചിട്ടുണ്ടെന്നത് ഗൗരവത്തോടെ നാം കണക്കിലെടുക്കേണ്ടതുണ്ട്. പള്ളിയിൽ ജുമുഅക്കായി പ്രവേശിച്ചാൽ ഇരിക്കുന്നതിന് മുമ്പ് രണ്ട് റകഅത്ത് നമസ്കരിക്കണം.

സുഹർ സമയമായാൽ ഖത്തീബ് മിമ്പറിൽ കയറി നിന്നു ജനങ്ങളെ അഭിമുഖീകരിച്ച് സലാം പറയുക. ശേഷം മുഅദ്ദിൻബാങ്ക് വിളിക്കുക. പിന്നീട് ഖത്തീബ് രണ്ട് പ്രസംഗങ്ങൾ നിർവ്വഹിക്കണം. ഹംദ്(അല്ലാഹു വിനെ സ്തുതിക്കൽ)സ്വലാത്ത്,(നബിക്കുവേണ്ടി പ്രാ ർത്ഥിക്കൽ) തഖ്‌വ കൊണ്ടുള്ള വസിയ്യത്ത്, ഖുർആനിൽ നിന്നൽപം ഓതൽ, അവസാനത്തിൽ എല്ലാവർക്കുമായി പ്രാർത്ഥിക്കൽ, ഇവകളാണ് ഖുത്തുബയുടെ റുക്നുകൾ (ഫർളുകൾ). ശേഷം ഖത്തീബ് ജനങ്ങളെ ഉപദേശിച്ചു പ്രസംഗിക്കണം. ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിലും ലളിതമായ ശൈലിയിലുമായിരിക്കണം ഉപദേശം നിർവ്വഹിക്കേണ്ടത്. കാരണം ഖുത്തുബയുടെ പ്രധാനലക്ഷ്യംതന്നെ സാരോപദേശമാണ്. അത് ശ്രദ്ധിക്കാനാണ് ജനങ്ങൾ നിശ്ശബ്ദരായിരിക്കണമെന്ന് ഇസ്ലാം നിഷ്ക്കർഷിച്ചിരിക്കുന്നത്.

(തഖ്‌വകൊണ്ടുള്ള വസ്വിയത്ത്'' എന്നാൽ ഖത്തീബിന്റെ ജനങ്ങളോടുള്ള ഉപദേശ പ്രസംഗമാണ്)

രണ്ട് ഖുത്തുബകൾക്കിടയിൽ ഖത്തീബ് അൽപ സമയം ഇരിക്കണം. ഖുത്തുബ നടക്കുമ്പോൾ സദസ്യർ സംസാരിക്കാനോ മററു കാര്യങ്ങളിലേർപ്പെടാനോ പാടി ല്ല. മുട്ടിന്മേൽ കൈകെട്ടിയിരിക്കരുതെന്നും ഉറക്കം തോന്നുമ്പോൾ സ്ഥലം മാറിയിരിക്കണമെന്നും സശ്രദ്ധം പ്രസംഗം കേട്ടുകൊണ്ടിരിക്കണമെന്നും നബി(സ) ഉപദേശിച്ചതായി നിരവധി ഹദീസുകളിൽ കാണാം. ഖുത്തുബക്ക്ശേഷം രണ്ട് റകഅത്തു ജമാഅത്തായി നമസ്ക്കരിക്കണം. ഇതിൽ ഖുർആൻ ഉറക്കെയാണ് ഓതേണ്ടത്.

ഇബ്നുമസ്ഊദിൽ (റ)നിന്നു നിവേദനം: നിശ്ചയം, നബി (സ.അ) ജുമുഅക്ക് ഹാജരാകാത്തവരെക്കുറിച്ചു പ്രസ്താവിച്ചു. "ജനങ്ങളുമായി നമസ്കരിക്കാൻ ഒരാളെ ഞാൻ ഏർപ്പാടാക്കുക. എന്നിട്ട് ജുമുഅക്ക് വന്നിട്ടില്ലാത്തവരുടെ വീടു സഹിതം ഞാൻ (തന്നെ നേരിട്ടു ചെന്ന്) തീകൊളുത്തി അവരെ ചുട്ടുകരിക്കാൻ ഉദ്ദേശിക്കാറുണ്ട്." (മുസ്ലിം)

ഉമർ, ഇബ്നുഅബ്ബാസ്, അബൂഹുറൈറ (റ) എന്നിവർ ഉദ്ധരിക്കുന്നു: "നബി (സ.അ) തന്റെ മിമ്പറിൽ നിന്നുകൊണ്ട് പ്രഖ്യാപിക്കുന്നതുകേട്ടു. 'ജുമുഅയോട് വിട പറയുന്നവർ അപ്പണി അവസാനിപ്പിക്കട്ടെ. അല്ലാത്തപക്ഷം അല്ലാഹു അവരുടെ ഹൃദയങ്ങളിന്മേൽ സീൽ വെക്കും. അപ്പോളവർ മഹാ അലസൻമാരായി അലയും (മുസ്ലിം. നസാഈ).

## ഈദ് നമസ്കാരങ്ങൾ

**റമസാനിലെ വ്രതാനുഷ്ഠാനത്തിന്റെ സമാപ്തി കുറിച്ചുകൊണ്ട് ശവ്വാൽ മാസം ഒന്നിന് ആഘോഷിക്കുന്ന സുദിനമാണ് ഈദുൽഫിത്വർ (ചെറിയ പെരുന്നാൾ ദിനം) ദുൽഹജ്ജു മാസം പത്തിന് ഇദുൽ അസ്ഹാ (ബലി പെരുന്നാൾ) യും ആഘോഷിക്കുന്നു. ഈ ദിനങ്ങളിൽ സൂര്യോദയത്തിനു ശേഷം ഉച്ചക്കു മുൻപു നിർവ്വഹിക്കുന്ന നമസ്കാരമാണ് ഈദ് നമസ്കാരങ്ങൾ. മൈതാനങ്ങളിൽ വെച്ചാണിതു [1] നിർവ്വഹിക്കേണ്ടത്.**

**[1] മഴ കാരണം റസൂൽ(സ) യുടെ കാലത്ത് ഒരിക്കൽ പള്ളിയിൽവെച്ചു നടത്തപ്പെട്ടിട്ടുണ്ട്. അതിനാൽ മതിയായ കാരണമുണ്ടെങ്കിൽ പള്ളിയിൽവെച്ചും നടത്താം.**

നാട്ടിലെ ആബാലവൃദ്ധം ജനങ്ങളതിൽ പങ്കെടുക്കണം. യുവതികൾക്കും ആർത്തവകാരികൾക്കും അവിടെ സന്നിഹിതരാകാം. പക്ഷെ, ആർത്തവകാരികൾ നമസ്കാരത്തിൽനിന്നൊഴിഞ്ഞു നിൽക്കുകയും, ഖുത്തുബ ശ്രദ്ധിക്കുക, തക്ബീർ ചൊല്ലുക ദാന ധർമ്മാദി കാര്യങ്ങളിൽ പങ്കെടുക്കുക എന്നിവ നിർവ്വഹിക്കാവുന്നതുമാണ്.

ജമാഅത്തായുള്ള രണ്ടു റകഅത്ത് നമസ്കാരമാണിത്. ആദ്യത്തെ റകഅത്തിൽ പ്രാരംഭ പ്രാർത്ഥനക്കു ശേഷം ഏഴു പ്രാവശ്യവും രണ്ടാമത്തേതിൽ അഞ്ചു പ്രാവശ്യംവീതവും തക്ബീർ ചൊല്ലണം. ഓരോ തക്ബീർ ചൊല്ലുമ്പോഴും കൈകൾ ചുമലിനു നേരെയുയർത്തി വീണ്ടും കെട്ടണം. തക്ബീറുകൾക്കു ശേഷം സൂറത്തുൽഫാത്തിഹയും ശേഷം സൂറത്തുകളും ഓതണം. നമസ്കാരത്തിനു ശേഷം ഇമാം ഒരു[1] ഖുത്തുബ നിർവ്വഹിക്കണം.

ഈ ദുഗാഹുകളിലേക്ക്(ഈദ് സംഘടിപ്പിക്കുന്ന സ്ഥലം) വരുന്നതിന് മുമ്പ് കുളിക്കുക, നല്ല വസ്ത്രങ്ങളണിയുക, സുഗന്ധദ്രവ്യങ്ങൾ പൂശുക, വരുമ്പോഴും പോകുമ്പോഴും തക്ബീർ മുഴക്കുക, പോക്കുവരവുകൾ വ്യത്യസ്ത വഴിയിലൂടെ ആയിരിക്കുക എന്നിവ സുന്നത്തുകളാണ്. ദാനധർമ്മങ്ങൾ നടത്തുക, കുടുംബാംഗങ്ങളെ സന്ദർശിക്കുക സൽക്കാരങ്ങൾ നടത്തുക, എന്നിവ ഈ ദിനങ്ങളിലെ പ്രത്യേക സൽക്കർമ്മങ്ങളാകുന്നു. ഈ ദിവസത്തിൽ അനിസ്ലാമികമല്ലാത്ത വിനോദങ്ങളിൽ ഏർപ്പെടുന്നത് അനുവദനീയമാണ്.

ചെറിയ പെരുന്നാൾ ദിനത്തിൽ ജുമുഅ വരെയും ബലിപെരുന്നാളിൽ അന്നും ശേഷമുള്ള മൂന്നു ദിവസങ്ങളിലും(അയ്യാമുത്തശ്‌രീഖ്) നമസ്കാരാനന്തരം തക്ബീർ

1. സാധാരണ ജുമുഅകളെപ്പോലെ രണ്ടു ഖുത്തുബ ഇതിന്നാവശ്യമില്ല. റസൂൽ(സ) ഈദിൽ രണ്ടു ഖുത്തുബ നടത്തിയെന്നു പറയുന്നതിന് വ്യക്തമായ തെളിവുകളില്ല.

മുഴക്കൽ സുന്നത്താകുന്നു. ഈദുൽഫിത്വർ ദിനത്തിൽ നമസ്കാരത്തിന് മുൻപ് തന്നെ ഫിത്വർ സക്കാത്ത് കൊടുത്തുതീർക്കണം. ഈദുൽ അസ്ഹാദിനത്തിൽ ഈദ് നമസ്കാരം കഴിഞ്ഞയുടനെ ബലികർമ്മം നടത്തുക. ഈദുൽ ഫിത്വറിന്ന് വരുന്നതിനുമുമ്പ് ഭക്ഷണമെന്തെങ്കിലും കഴിക്കലും, ഈദുൽ അസ്ഹാക്ക് കഴിക്കാതെ വരലും റസൂൽ (സ) യുടെ മാതൃകയിൽ പെട്ടതാകുന്നു.

# ഈദും ജുമുഅയും ഒന്നിച്ചു വന്നാൽ

മുസ്ലിംകളുടെ രണ്ടാഘോഷങ്ങളായ ഈദുൽ ഫിത്വറും, ഈദുൽ അസ്ഹായും വെള്ളിയാഴ്ചയല്ലാത്ത ദിനങ്ങളിൽ വരികയാണെങ്കിൽ പ്രത്യേകിച്ച് പ്രശ്നങ്ങളില്ല. എന്നാൽ അവയിൽ ഏതെങ്കിലും ഒന്നു വെള്ളിയാഴ്ച വരികയാണെങ്കിൽ അന്നേദിവസം രണ്ട് ജുമുഅകൾ ആവശ്യമാണോ അല്ലയോ എന്ന വിഷയം അല്പം ആശയക്കുഴപ്പത്തിന് വക നൽകുന്നുണ്ട്. അതിനാൽ അതിനെക്കുറിച്ചുള്ള ഇസ്ലാമിക വിധിയും പണ്ഡിതന്മാരുടെ നിഗമനങ്ങളും വിലയിരുത്തുകയാണിവിടെ.

ഇവ്വിഷയകമായി പരിശുദ്ധ ഖുർആൻ ഒന്നും പ്രതിപാദിച്ചുകാണുന്നില്ല. എന്നാൽ നബി(സ) യുടേയും സഹാബികളുടേയും പ്രവർത്തനത്തെക്കുറിക്കുന്ന ഹദീസുകളാണ് ഈ വിഷയത്തിൽ നമുക്കറിവ് നൽകുന്നത്. കൂടുതൽ തെളിവുകൾ നൽകുന്ന പ്രധാനപ്പെട്ട മൂന്ന് ഹദീസുകൾ ഇവിടെ പ്രതിപാദിക്കാം. ഒന്നാമതായി അഹ്മദ് അബൂദാവൂദ്, ഇബ്നുമാജ: എന്നീ ഹദീസ്ഗ്രന്ഥങ്ങൾ 'സൈദുബ്നു അർഖം(റ) യിൽ നിന്നും റിപ്പോർട്ട് ചെയ്തതാണ്. അതിപ്രകാരമാണ്: 'സൈദുബ്നു അർഖമിനോട് മുആവിയ(റ) ചോദിച്ചു. രണ്ട് ഈദുകൾ(ഒന്ന് ഈദ് നമസ്കാരത്തേയും രണ്ടാമത്തേത് ജുമുഅയേയും സൂചിപ്പിക്കുന്നു. ജുമുഅയെ മുസ്ലിംകളുടെ പെരുന്നാൾ

എന്ന നബി(സ) വിശേഷിപ്പിച്ചിട്ടുണ്ട്. ഒരുമിച്ചുകൂടിയതിന് റസൂലിനോടൊപ്പം താങ്കൾ സാക്ഷിയായിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു, അതെ, പകലിന്റെ ആദ്യത്തിൽ ഈദ് നമസ്കരിച്ചു. പിന്നീട് നബി(സ) ജുമുഅക്ക ഒഴിവനുവദിച്ചു. എന്നിട്ട് നബി(സ) പറഞ്ഞു: ആരെങ്കിലും ജുമുഅയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നുവെങ്കിൽ പങ്കെടുത്തുകൊള്ളട്ടെ.' ഈ ഹദീസിനെക്കുറിച്ച് ഇമാം ശൗഖാനി തന്റെ 'നൈലുൽ അവ്താർ' എന്ന ഗ്രന്ഥത്തിൽ പറയുന്നതിപ്രകാരമാണ്: സൈദുബ്നു അർഖമിന്റെ ഈ ഹദീസ് നിസാഇയും ഹാകിമും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അലിയ്യുബ്നൽ മദീനി ശരിയാണെന്നു പറയുന്നു. പക്ഷേ, ഈ ഹദീസിന്റെ പരമ്പരയിൽ ഇയാസ്ബ്നു അബീറംല എന്ന റിപ്പോർട്ടർ അജ്ഞാതനാകുന്നു.'

രണ്ടാമതായി അബൂഹുറൈറയിൽനിന്ന് അബൂദാവൂദും ഇബ്നുമാജയും റിപ്പോർട്ടു ചെയ്ത ഹദീസാണ്. 'അദ്ദേഹം പറഞ്ഞു. റസൂൽ(സ) പറഞ്ഞു: 'നിങ്ങളുടെ ഈ ദിവസം രണ്ട് ഈദുകൾ ഒരുമിച്ചിരിക്കുന്നു. ആരെങ്കിലും ജുമുഅയായി മതിയാക്കുന്നുവോ അങ്ങനെയാകാം. ഞങ്ങൾ(രണ്ടാമത്തെ) ജുമുഅക്കായി ഒരുമിച്ചുകൂട്ടും.' ഈ ഹദീസിനെക്കുറിച്ച് ഇമാം ശൗഖാനി പറയുന്നു.' ഈ ഹദീസ് ഹാകിം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 'ദാറുഖുത്നിയും ഇമാം അഹ്മദുബ്നു ഹമ്പലും' ഇത് ശരി വെച്ചിരിക്കുന്നു. എന്നാൽ 'ബൈഹഖി' ഈ വിട്ടുവീഴ്ച അനുവദിച്ചതിനെ പട്ടണത്തിൽനിന്ന് അകന്ന ആളുകൾക്കുമാത്രം ബാധകമായതാണെന്നു നിബന്ധന വെച്ചിരിക്കുന്നു. എന്നാൽ ഇതിന്റെ പരമ്പരയും ദുർബ്ബലമാണ്. (നൈലുൽ അവ്താർ വാള്യം 3)

എന്നി മൂന്നാമതായി വഹബ്ബ്നു കൈസാനിൽ നിന്നു് നസാഇയും അബൂദാവൂദും റിപ്പോർട്ടു ചെയ്ത

ഹദീസ്. 'അദ്ദേഹം പറഞ്ഞു: ഇബ്നുസുബൈറിൻെറ കാലത്ത് രണ്ട് ഈദുകൾ ഒരുമിച്ചുവന്നു. അപ്പോൾ അദ്ദേഹം പകൽ കുറച്ച് വൈകി പള്ളിയിലേക്ക് പുറപ്പെട്ടു. (സാധാരണ പെരുന്നാൾ ജുമുഅയുടെ സമയത്തിൽനിന്നല്പം വൈകി)അദ്ദേഹം ആദ്യം ഖുത്തുബ നടത്തി. ശേഷം രണ്ട് റകഅത്ത് നമസ്കരിച്ചു. അന്ന് ജുമുഅ പിന്നീട് നമസ്കരിച്ചില്ല. അപ്പോൾ ഞാൻ ഇബ്നു അബ്ബാസ്(റ) നോടു ഇത് പറഞ്ഞു: അദ്ദേഹം പറഞ്ഞു. പ്രവാചകചര്യ അയാൾ പ്രാപിച്ചിരിക്കുന്നു.' ഇതേ ഹദീസ് അത്വാഅ് (റ) യിൽ നിന്നു് അബൂദാവൂദ് വേറെയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ പകലിൽ നേരത്തെ തന്നെ നമസ്കരിച്ചു. അസർ വരെ വേറെയൊന്നും നമസ്ക്കരിച്ചില്ല എന്നാണുള്ളത്. ഈ ഹദീസിലെ റിപ്പോർട്ടർമാർ സ്വീകാര്യമാണെന്നും ഇബ്നു അബ്ബാസ്(റ) ൻെറ അഭിപ്രായ പ്രകടനത്തിൻെറ റിപ്പോർട്ടർമാരും സ്വീകരിക്കപ്പെടാവുന്നവരാണെന്നും ഇമാം ശൗഖാനി അഭിപ്രായപ്പെടുന്നു. (നൈലുൽ അവ്ത്വാർ)

ഈ ഹദീസുകളുടെ വെളിച്ചത്തിലാണ് ഇതിനെ സംബന്ധിച്ച എല്ലാ അഭിപ്രായങ്ങളും രൂപം കൊണ്ടിട്ടുള്ളത്. ഇത് രേഖയായി സ്വീകരിച്ച അധിക പണ്ഡിതൻമാരും ഇവ്വിഷയകമായി താഴെ പറയുന്ന അഭിപ്രായങ്ങൾ സ്വീകരിച്ചിരിക്കുന്നു. 'രണ്ടു ജുമുഅകൾ ഒരുമിച്ച് ഒരു ദിനത്തിൽ വന്നാൽ പെരുന്നാൾ ജുമുഅ എല്ലാവരും നിർവ്വഹിക്കണം; രണ്ടാമത്തെ ജുമുഅ പള്ളികളിൽ നടത്തപ്പെടണം. ആദ്യ ജുമുഅ(ഈദ്)യിൽ പങ്കെടുത്തവർ രണ്ടാമത്തേതിൽ പങ്കെടുത്തുകൊള്ളണമെന്നില്ല. ആദ്യ ജുമുഅയിൽ പങ്കെടുത്തവർ രണ്ടാമത്തേതിൽ കാരണം കൂടാതെ തന്നെ പങ്കെടുത്തില്ലെങ്കിൽ ഒരിക്കലും കുററക്കാരല്ല രണ്ടാമത്തെ ജുമുഅക്ക പകരം ളുഹർ നമസ്ക്കരിക്കണം.'

മദ്ഹബുകളുടെ ഇമാമുകളിൽ ശാഫിഈ(റ) ഉസ്മാൻ (റ)ന്റെ കാലത്തെ സംഭവം ഉദ്ധരിച്ചുകൊണ്ടിങ്ങനെ പറയുന്നു: 'ഉസ്മാൻ(റ) ഈദ് നമസ്ക്കരിച്ചശേഷം ഇങ്ങനെ പറഞ്ഞു. 'ഇന്നു രണ്ട് ജുമുഅ ഒരുമിച്ചുവന്നിരിക്കുന്നു. പട്ടണവാസികളില്ലാത്തവർ ജുമുഅ പ്രതീക്ഷിച്ചിരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ പ്രതീക്ഷിക്കുക. അതല്ല തിരിച്ചു പോകുകയാണെങ്കിൽ അങ്ങിനെ ചെയ്യുക. അതിന്നനുവാദം നല്കപ്പെട്ടിരിക്കുന്നു. (കിതാബുൽ ഉമ്മ്) അതിനാൽ ശാഫിഈ(റ) പറയുന്നത് പട്ടണവാസികൾക്ക് ഒഴികഴിവ് അനുവദിക്കപ്പെട്ടിട്ടില്ലെന്നും അവർ ജുമുഅയിലും പങ്കെടുക്കണമെന്നും അല്ലാത്തവർക്ക് ഇഷ്ടംപോലെ ചെയ്യാമെന്നുമാണ്. പക്ഷെ, മററു പല പണ്ഡിതന്മാരും ഇതിൽ അനുവദിക്കപ്പെട്ടിരിക്കുന്ന വിട്ടുവീഴ്ച എല്ലാവർക്കും ബാധകമാണെന്ന് പറഞ്ഞിട്ടുണ്ട്. ആ അഭിപ്രായമാണ് കുറെകൂടി ശരിയായിത്തോന്നുന്നത്. അതിന്നുള്ള കാരണങ്ങളിൽ ചിലത് പറയാം. 1. ജുമുഅയുടെ ലക്ഷ്യം അന്നത്തെ ഈദിനാൽ സാക്ഷാൽക്കരിക്കപ്പെട്ടിരിക്കുന്നു. 2. പെരുന്നാൾ ദിവസത്തിൽ ജുമുഅക്ക് വിട്ടുവീഴ്ച നല്കപ്പെട്ടിരിക്കുന്നു. 3. കൊല്ലത്തിൽ രണ്ട്പ്രാവശ്യം മാത്രമുള്ള ഈദ് ജുമുഅയേക്കാൾ വിശേഷപ്പെട്ടതാകുന്നു. അതാകട്ടെ അപൂർവ്വമായേ ഉണ്ടാകാറുള്ളു. അതിനാൽ ഈദ് നിർവ്വഹിച്ചവർ ഒരു ജുമുഅക്ക്കൂടി ഹാജരാകണമെന്നില്ല. പങ്കെടുക്കുന്നതിൽ വിരോധവുമില്ല.

എന്നി മറെറാരു വിശേഷമുള്ളത് ജുമുഅയിൽ പങ്കെടുക്കാത്തവർ അന്നു ളുഹർ നമസ്കരിക്കേണ്ടതുണ്ടോ ഇല്ലയോ എന്നതാണ്. ഭൂരിപക്ഷം പണ്ഡിതന്മാരും ളുഹർ നിർബ്ബന്ധമാണെന്നാണ് പറഞ്ഞിട്ടുള്ളത്. അതുതന്നെയാണ് ശരിയായിട്ടുള്ളതും. കാരണം– ജുമുഅയിൽ പങ്കെടുക്കാതിരിക്കാനുള്ള വിട്ടുവീഴ്ച നല്കുന്ന ഒരു കാരണ(സബബ്)

മാണ് ഈദ്. കാരണമുണ്ടെങ്കിൽ(ഉദ്റ്) ജുമുഅ ഒഴി വാക്കി പകരം ളുഹർ നമസ്കരിച്ചാൽ മതി എന്നത് അനി ഷേധ്യമായ തെളിവാണല്ലോ. മാത്രമല്ല അഞ്ചു വഖ്ത്തിൽ പെട്ട ഒരു വഖതാണ് സാധാരണ ജുമുഅയുടെ സമയം. അതിനാൽ അതൊഴിവാക്കാൻ നിർവ്വാഹമില്ല. ജുമുഅ— അല്ലെങ്കിൽ— ളുഹർ അല്ലാതെ രണ്ടും ഒഴിവാക്കാവതല്ല. അന്ന് ഈദ് ഉണ്ടായതുകൊണ്ട് ജുമുഅക്ക് പോകണമെന്നില്ല. ളുഹർ നമസ്കരിച്ചാൽ മതി എന്നു മാത്രം.

പെരുന്നാറം ജുമുഅ ഒരു സാധാരണ സുന്നത്തെന്ന നിലക്ക് അതിന്നു വലിയൊരു പ്രാധാന്യം കല്പിക്കാത്ത പരിതഃസ്ഥിതി ചിലേടങ്ങളിലുണ്ട്. അതൊരിക്കലും ശരിയല്ല. സാധാരണ 'സുന്നത്ത്' എന്നു പറയുമ്പോറം ജനങ്ങറം മനസ്സിലാക്കിയിരിക്കുന്നതും ഫിഖ്ഹ് ഗ്രന്ഥ ങ്ങറം നൽകുന്നതുമായ നിർവ്വചനം 'പ്രവർത്തിച്ചാൽ പ്ര തിഫലം കിട്ടുന്നത്, ഉപേക്ഷിച്ചാൽ കുററമില്ലാത്തത്' എ ന്നാണ്. യഥാർത്ഥത്തിൽ ഈദിനെ അത്തരത്തിലെ ണ്ണാൻ വിവിധങ്ങളായ തെളിവുകളാൽ സാധ്യമല്ല. ഹി ജ്റ ഒന്നാം വർഷം നബി(സ) ഇതു നടപ്പിലാക്കിയതു മുതൽ മരിക്കുന്നത്വരെ യാതൊരു കാരണത്താലും ഉപേ ക്ഷിച്ചിട്ടില്ല. ഒരിക്കൻ മഴയുടെ കാരണത്താൽ നിർത്തി വെക്കുന്നതിന് പകരം മൈതാനത്ത് നിന്ന് പള്ളിയി ലേക്ക് മാററുകയാണ് ചെയ്തത്. ഈദിന് സ്ത്രീകളെ പങ്കെടുപ്പിക്കാൻ(അവർ ആർത്തവകാരികളോ യുവതിക ളോ ആയാലും) സഹാബികറം ആജ്ഞാപിക്കപ്പെട്ടിരി ക്കുന്നു. (ബുഖാരി) വസ്ത്രമില്ലെങ്കിൽ അയൽവാസിനി യിൽനിന്ന് വാങ്ങിയെങ്കിലും വരിക. ആർത്തവകാരി കറം നമസ്ക്കരിക്കരുതെന്ന് മാത്രം. ബാക്കിയുള്ള കാ ര്യങ്ങളിൽ(തക്ബീർ, പ്രസംഗം, ദാനധർമ്മം എന്നിവ യിൽ) പങ്കെടുക്കണം. സ്ത്രീകറംപോലും ഇപ്രകാരം

ആജ്ഞാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽപുരുഷന്മാരുടെകാര്യംപറ യാനുണ്ടോ? ഈദ് ദിനം വെള്ളിയാഴ്ചയാണെങ്കിൽ ജുമുഅക്ക വിട്ടുവീഴ്ച (റുഖ്സ:) തന്നിരിക്കുന്നതും ഇതിൻെറ പ്രാധാന്യം വിളിച്ചോതുന്നു. സന്തോഷത്തിൻെറയും ദൈവത്തെ മഹത്വപ്പെടുത്തി അവനു നന്ദി പ്രകാശിപ്പിക്കുന്നതിൻെറയും സുദിനമായ അന്നു ആബാലവൃദ്ധം ജനങ്ങൾ ആഹ്ളാദത്തോടെ പങ്കെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മഹത്തായ ആ കർമ്മം നേരത്തെ പറഞ്ഞ 'വെറും സുന്നത്തി'ൻെറ നിർവ്വചനത്തിൽ പെടുത്താൻ ഇക്കാരണങ്ങളാൽ സാധ്യമല്ല. അതു് ഇസ്ലാമിക ശരീഅത്തിൽ പ്രവാചകൻെറ സുശക്തമായ മാതൃകയാൽ സ്ഥിരപ്പെടുത്തപ്പെട്ട ഒഴിച്ചുകൂടാൻ പററാത്ത ഉന്നതമായ കർമ്മം തന്നെ. വെള്ളിയാഴ്ചയിലെ ജുമുഅയും ഒരു ദിവസത്തിലെ അഞ്ചു പ്രാവശ്യത്തെ ജമാഅത്തു നമസ്ക്കാരവും ഒരു നാട്ടിൽ നിർവ്വഹിക്കാഞ്ഞാൽ ആ നാട്ടുകാർ മുഴുവനും കുററക്കാരാകുന്നതുപോലെ ഇതും അപ്രകാരം നിർവ്വഹിക്കാഞ്ഞാൽ എല്ലാവരും കുററക്കാരാകുകതന്നെ ചെയ്യും എന്നാണ് ഇവയിൽനിന്നു മനസ്സിലാകുന്നതു്.

## ഗ്രഹണ നമസ്ക്കാരങ്ങൾ

സൂര്യനോ ചന്ദ്രനോ ഗ്രഹണം ബാധിക്കുമ്പോഴുള്ള പ്രത്യേക നമസ്ക്കാരമാണ് ഗ്രഹണ നമസ്ക്കാരങ്ങൾ. സാധാരണ നമസ്ക്കാരത്തിൽനിന്നല്പം വ്യത്യസ്തമാണിതു്. രണ്ടു റകഅത്തുള്ള ഈ നമസ്ക്കാരത്തിലെ ഓരോ റകഅത്തിലും രണ്ട് റുകൂഉകളുണ്ട്. ഓരോ റകഅത്തിലും ഫാത്തിഹക്കു ശേഷം ഖുർആൻ ധാരാളമായി പാരായണം ചെയ്ത് ആദ്യത്തെ റുകൂഅ് ചെയ്യുക. ആദ്യ റുകൂഉൽ നിന്നുയർന്ന ശേഷം വീണ്ടും കൈകെട്ടി ആദ്യത്തേതുപോലെ ഖുർആൻ ഓതുക. ശേഷം റുകൂഉം ഇഅ്തിദാലും, പിന്നീട് സുജൂദും. ഇങ്ങിനെ രണ്ടു റകഅത്തു നിർ

വ്വഹിക്കണം. റുകൂഉകളും സുജൂദുകളും വളരെ ദൈർഘ്യ മുള്ളതായിരിക്കണം. ഗ്രഹണം തുടങ്ങിയതുമുതൽ അവ സാനിക്കുന്നത് വരെ നമസ്ക്കരിക്കണം. ഇതിൽ പാരായണം ഉറക്കെയായിരിക്കണം. ഹിജ്റ പത്താം വർഷം നബി(സ) യുടെ ഇബ്രാഹിം എന്ന കുട്ടി മരിച്ച ദിവസത്തിൽ യാദൃശ്ചികമായി ഗ്രഹണമുണ്ടായിരുന്നു. ജനങ്ങൾ കുട്ടിയുടെ മരണവുമായി ഗ്രഹണത്തിന്ന ബന്ധമുണ്ടെന്ന് തെററിദ്ധരിച്ചു. ഇത് മനസ്സിലാക്കിയ നബി(സ) ഈ നമസ്ക്കാരം നിർവ്വഹിച്ചശേഷം ഒരു പ്രസംഗം ചെയ്തു. അതിൽ ഇപ്രകാരം ശക്തിയായ ഭാഷയിൽ പ്രസ്താവിക്കുകയുണ്ടായി: 'നിശ്ചയം സൂര്യചന്ദ്രന്മാർ അല്ലാഹുവിൻെറ രണ്ടു ദൃഷ്ടാന്തങ്ങളാണ്. ഒരാളുടെ ജനനം മൂലമോ മരണം മൂലമോ അവക്കു ഗ്രഹണം ബാധിക്കില്ല. ഗ്രഹണം സംഭവിച്ചാൽ ഞാൻ നമസ്കരിച്ചപോലെ നമസ്കരിക്കുകയും ദാനധർമ്മങ്ങൾ വർദ്ധിപ്പിക്കുകയും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും ചെയ്യുക ' പെരുന്നാൾ നമസ്കാരം പോലെ ഗ്രഹണ നമസ്ക്കാരത്തിന്ന ശേഷവും ഇമാം ജനങ്ങളെ അഭിമുഖീകരിച്ച് പ്രസംഗം നടത്തണം.

# ഇസ്തിസ്ഖാഅ്

നാട്ടിൽ വരൾച്ച ബാധിക്കുകയും മഴ കിട്ടാതെ മനുഷ്യരും ജീവജാലങ്ങളും കഷ്ടപ്പെടുകയും ചെയ്യുമ്പോൾ മഴ വർഷിപ്പിച്ചുതരുവാനായി അല്ലാഹുവിനോടപേക്ഷിക്കാനുള്ള നമസ്കാരത്തിനാണ് 'സ്വലാത്തുൽ ഇസ്തിസ്ഖാഅ്' എന്നു പറയുക. ജനങ്ങൾ ചെയ്തുപോയ പാപങ്ങൾക്ക് അല്ലാഹുവിൽ പശ്ചാത്തപിച്ച് മടങ്ങിക്കൊണ്ട് ഒരു മൈതാനത്ത് ഒരുമിച്ചുകൂടുക. എല്ലാവരും അവരവരുടെ വളർത്തുമൃഗങ്ങളേയും കൂടെ കൊണ്ടുവന്ന് മൈതാനത്തിൻെറ ഒരു ഭാഗത്തു നിർത്തുക. ആബാലവൃദ്ധം ജനങ്ങളും ഇതിൽ പങ്കെടുക്കണം.

ഇമാം എല്ലാവരേയും കൂട്ടി രണ്ടു റകഅത്തു നമസ്ക്കരിക്കുക. ഇമാം ദീർഘമായി പ്രാർത്ഥിക്കുമ്പോൾ എല്ലാവരും കൂട്ടമായി ആമീൻ പറയുക. നമസ്കാരത്തിനുശേഷം

ഒരു പ്രസംഗം നടത്തണം. പ്രസംഗത്തിലും ധാരാളമായി പ്രാർത്ഥിക്കണം. പ്രാർത്ഥനാവേളയിൽ ഖിബ്'ലക്കഭി മുഖമായി നിന്ന് ശരീരത്തിലുള്ള തട്ടത്തിന്റെ വലത് ഭാഗം ഇടത്തോട്ടും ഇടത്'ഭാഗം വലത്തോട്ടും മാററിയിട്ട കയും കൈകഠം മേലോട്ടുയർത്തി പ്രാർത്ഥിക്കകയുമാണ് വേണ്ടത്.

ഘോരമായ മഴയും കാററും മൂഖേന നിരന്തരമായി നാശനഷ്ടം സംഭവിക്കമ്പോഴും ഇപ്രകാരം നമസ്കരിക്കാൻ ഇസ്'ലാം നിഷ്'ക്കർഷിക്കുന്നുണ്ട്.

# സുന്നത്തു നമസ്'കാരങ്ങൾ

അഞ്ച് ഫർള നമസ്കാരങ്ങഠംക്ക് പുറമെ ഐഛിക മായി നിർവ്വഹിക്കേണ്ട ചില നമസ്'ക്കാരങ്ങളുണ്ട്. അ ല്ലാഹുവുമായി കൂടുതലടുക്കവാനും ആരാധനയിൽ പ്രതി പത്തിയുണ്ടാകാനും ഫർളകളിൽ വരുന്ന ന്യൂനതകഠം പരി ഹരിക്കപ്പെടുവാനും സുന്നത്തു നമസ്കാരങ്ങഠം ഉപകരിക്കു മെന്ന് നബി(സ) ഉപദേശിച്ചിരിക്കുന്നു.

ഓരോ ദിവസത്തേയും ഫർള നമസ്'ക്കാരങ്ങഠംക്ക് മുൻപും പിൻപുമായി പതിവായി നിർവ്വഹിക്കേണ്ടുന്ന സുന്നത്തു നമസ്കാരങ്ങളെ റവാത്തിബ്' എന്ന് പറയുന്നു. സുഹറിനു മുൻപും പിൻപും രണ്ടു വീതവും, മഗ്'രിബിനും ഇശാഇനും ശേഷം ഈരണ്ട് വീതവും സുബ്'ഹിനു മുമ്പു രണ്ടും റകഅത്തുകളാണിത്. ഇവയേക്കാളും വർദ്ധിപ്പി ക്കാനുദ്ദേശിക്കന്നവർക്ക് ഇതിനുപുറമെ സുഹറിനു മുൻപും പിൻപും രണ്ടു വീതവും അസറിനു മുമ്പ് നാലും ഇശാഇനു മുമ്പ് രണ്ടും കൂടി നിർവ്വഹിക്കാവുന്നതാണ്.

# ഖിയാമുല്ലൈൽ-വിത്'ർ

റമസാനിലും അല്ലാത്ത കാലങ്ങളിലും ഇശാഇന്ന് ശേഷമുള്ള റവാത്തിബിനു ശേഷം സുബ്'ഹിന്ന് മുമ്പായി നമസ്കരിക്കന്ന സുന്നത്ത് നമസ്കാരമാണ് വിത്'ർ. ഇത് ഏററവും ചുരുങ്ങിയത് ഒന്നും കൂടിയാൽ പതിനൊന്നു

മാണ്. സാധാരണയിൽ മൂന്നിൽ കുറയാതിരിക്കലാണു ത്തമം. അവസാനത്തിൽ ഒററ റകഅത്തായി നിർവ്വഹിക്കുന്നതിനാലാണ് ഇതിനു വിത്ർ(ഒററ) എന്നു പേര് വന്നത്. രണ്ടു റകഅത്തുകൾ വീതം നമസ്ക്കരിച്ച് അവസാനത്തിൽ മൂന്നു റകഅത്തു ഒന്നിച്ച് നമസ്ക്കരിക്കുന്ന രീതിയാണ് അഭികാമ്യമായത്.

റമസാൻ മാസത്തിൽ ദീർഘമായി ഖുർആൻ പാരായണം ചെയ്ത് കൊണ്ടും ഓരോ ഈരണ്ട് റകഅത്തിനു ശേഷവും അൽപ സമയം വിശ്രമിച്ച് നമസ്ക്കരിക്കുന്ന ഈ നമസ്ക്കാരത്തിനു സ്വലാത്തുത്തറാവീഹ് (വിശ്രമ നമസ്ക്കാരം) എന്നു റസൂൽ(സ) യുടെ പിൽക്കാലത്ത് നാമകരണം ചെയ്യപ്പെട്ടു. ഇതുതന്നെ ഇശാഇനു ശേഷം അൽപം ഉറങ്ങിയശേഷം എഴുന്നേററു ഉറക്കമിളച്ച് നമസ്കരിക്കുമ്പോൾ സ്വലാത്തുത്തഹജ്ജുദ്(ഉറക്കമിളച്ചുള്ള നമസ്കാരം) എന്നും പറയുന്നു. രാത്രിയിലെ സുന്നത്തായ നമസ്ക്കാരമായതിനാൽ ഖിയാമുല്ലൈൽ(രാത്രിയിലെ നമസ്കാരം) എന്നും ഇതിനെ ഹദീസു ഗ്രന്ഥങ്ങളിൽ പരിചയപ്പെടുത്തിയിരിക്കുന്നതായി കാണാം. രാത്രിയിലെ നബി (സ) യുടെ സുന്നത്തുനമസ്കാരത്തെക്കുറിച്ച് ആയിഷ (റ) യോട് ചോദിച്ചപ്പോൾ അവർ പറഞ്ഞു— 'റമസാനിലൊ, അല്ലാത്തപ്പോഴോ റസൂൽ (സ) രാത്രിയിൽ പതിനൊന്നിനേക്കാൾ വർദ്ധിപ്പിച്ചിട്ടില്ല' (ബുഖാരി മുസ്ലിം).

ഇതു് വളരെ ശ്രേഷ്ടവും പ്രതിഫലാർഹവുമായ നമസ്ക്കാരമാകുന്നു. ഹൃദയസാന്നിദ്ധ്യത്തോടെ കൂടുതൽ ഖുർആൻ പാരായണം ചെയ്തുകൊണ്ട് ഇതു് നിർവ്വഹിക്കുന്നവർക്ക് മോഹനങ്ങളായ സ്വർഗ്ഗീയ വാഗ്ദാനങ്ങൾ ഖുർആൻ ഉറപ്പ് നൽകുന്നു. പ്രവാചകർ (സ) ഇതു് ജീവിതത്തിൽ എന്നും നിർവ്വഹിച്ച് പോന്നതുമാണ്. റമസാനിൽ ഇതു് ജമാഅത്തായി നിർവ്വഹിക്കാവുന്നതുമാണ്.

മററൊരു സുന്നത്തു നമസ്ക്കാരമാണ് പള്ളിയിൽ പ്രവേശിച്ചാൽ ഇരിക്കുന്നതിനു മുമ്പ് രണ്ടു റകഅത്ത് 'തഹിയ്യത്തുൽമസ്ജിദ്' നിർവ്വഹിക്കൽ. ജമാഅത്തു നമസ്ക്കാരം നടക്കുമ്പോഴും അസർ നമസ്ക്കാരത്തിനു ശേഷമൊഴികെ മറേറതു സമയത്തും പള്ളിയിൽ പ്രവേശിച്ചാൽ ഇതു് സുന്നത്താകുന്നു.

# ഇസ്തിഖാറ: നമസ്കാരം

അനുവദനീയമായ ഒരു കാര്യത്തെക്കുറിച്ചു ഗുണമോ ദോഷമോ എന്നു തീരുമാനമെടുക്കുന്നതിനു വിഷമം നേരിടുമ്പോഴും മനസ്സമാധാനം ലഭിക്കാനും നന്മ തോന്നിക്കപ്പെടുവാനുമായി നിർവ്വഹിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നമസ്ക്കാരമാണ് 'ഇസ്തിഖാറ.' ജാബിർ(റ)യിൽനിന്ന് റിപ്പോർട്ടു ചെയ്ത ബുഖാരിയുടെ ഹദീസ് ഇതിന്റെ പൂർണ്ണരൂപം നമ്മെ പഠിപ്പിക്കുന്നു. 'ജാബിർ(റ) പറയുന്നു, ഖുർആനിലെ അദ്ധ്യായം പഠിപ്പിച്ചുതരുന്നപോലെ എല്ലാ കാര്യത്തിലും നൻമയെ തേടേണ്ട ക്രമം നബി(സ) ഞങ്ങൾക്ക് പഠിപ്പിച്ചുതന്നിരുന്നു. അവിടുന്ന് ഇങ്ങിനെ പറഞ്ഞു. നിങ്ങളിലൊരുവൻ ഒരു കാര്യത്തിനുദ്ദേശിച്ചാൽ നിർബ്ബന്ധമല്ലാത്ത രണ്ടു റകഅത്തു നമസ്കരിക്കട്ടെ. എന്നിട്ടിപ്രകാരം പ്രാർത്ഥിക്കട്ടെ—

"അല്ലാഹുമ്മ ഇന്നീ അസ്തഗീറുക വഅസ്തഖ്ദിറുക ബിഖുദ്റതിക വഅസ്അലുക മിൻ ഫള്ലികൽ അളീം, ഫഇന്നക തഖ്ദിറു വലാ അഖ്ദിറു, വതഅ്ലമു വലാ അഅ്ലമു വഅൻത അല്ലാമുൽ ഗുയൂബ്. അല്ലാഹുമ്മ ഇൻകുൻത തഅ്ലമു അന്ന ഹാദൽ അംറ ഖൈറുൻ ലീ ഫീ ദീനീ വമആശീ വആഖിബതു അംറീ ഫഖ്ദിർ ലീ വയസ്സിർഹുലീ സുമ്മ ബാറിക്ലീ ഫീഹി, വഇൻകുൻത തഅ്ലമു അന്ന ഹാദൽ അംറ ശർറുൻലീ ഫിദീനീ വമആശീ വആഖിബതു അംറീ ഫസ്റിഫ്ഹു അന്നീ,വസ്റിഫ്നീ അൻഹു വഖ്ദിർ ലിൽ ഖൈറ ഹൈസു കാന സുമ്മ അർളിനീ ബിഹീ."

اَللّٰهُمَّ إِنِّي أَسْتَخِيرُكَ وَأَسْتَقْدِرُكَ بِقُدْرَتِكَ وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ فَإِنَّكَ تَقْدِرُ وَلَا أَقْدِرُ وَتَعْلَمُ وَلَا أَعْلَمُ وَأَنْتَ عَلَّامُ الْغُيُوبِ. اَللّٰهُمَّ إِنْ كُنْتَ تَعْلَمُ أَنَّ هٰذَا الْأَمْرَ خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي فَاقْدِرْهُ لِي وَيَسِّرْهُ لِي ثُمَّ بَارِكْ لِي فِيهِ وَإِنْ كُنْتَ تَعْلَمُ أَنَّ هٰذَا الْأَمْرَ شَرٌّ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي فَاصْرِفْهُ عَنِّي وَاصْرِفْنِي عَنْهُ وَاقْدِرْ لِيَ الْخَيْرَ حَيْثُ كَانَ ثُمَّ أَرْضِنِي بِهِ

'അല്ലാഹുവേ! ഞാൻ നിന്നോടു് നിൻെറ അറിവു് കൊണ്ടു് നന്മ ഏതെന്നു് ചോദിക്കുന്നു. നിൻെറ ശക്തി കൊണ്ടു് നിന്നോടു് ശക്തി ചോദിക്കുന്നു. നീ എല്ലാററിനും കഴിവുററവൻ. ഞാൻ കഴിവില്ലാത്തവൻ. നീ അറിയുന്നു. ഞാൻ നന്നായി അറിയാത്തവനും. നീയാകട്ടെ അദൃശ്യംകൂടി നന്നായി അറിയുന്നു. അല്ലാഹുവേ! എൻെറ ഈ കാര്യം എൻെറ ദീനിലും ജീവിതത്തിലും കാര്യത്തിൻെറ അന്ത്യത്തിലും ഗുണകരമെന്നു നീ അറിയുന്നുവെങ്കിൽ അതെനിക്കു് സാധിപ്പിച്ചുതരേണമേ. അതിനുള്ള മാർഗ്ഗം എളുപ്പമാക്കുകയും അതിൽ നീ അനുഗ്രഹിക്കുകയും ചെയ്യേണമേ! അതല്ല എൻെറ ദീനിലും ഉപജീവനത്തിലും അന്ത്യത്തിലും ഇക്കാര്യം ദോഷകരമെന്നു് നീ അറിയുന്നുവെങ്കിൽ അതു് എന്നിൽനിന്നകററുകയും എന്നെ അതിൽ നിന്നകററുകയും നന്മ എവിടെയായിരുന്നാലും അതെനിക്കു് നിശ്ചയിപ്പിച്ചുതരികയും പിന്നീടതിൽ തൃപ്തി നല്കുകയും ചെയ്യേണമേ! ഇതിനുശേഷം അവരവരുടെ ഉദ്ദിഷ്ട കാര്യം അല്ലാഹുവിനോടു് ചോദിക്കുക.'

# മയ്യിത്ത് നമസ്കാരം

മരണപ്പെട്ട ആളുടെ പരലോക ഗുണത്തിനായി ജീവിച്ചിരിക്കുന്നവർ മയ്യിത്ത് മുമ്പിൽ വെച്ച് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്ന കർമ്മമാണ് മയ്യിത്ത് നമസ്ക്കാരം. ഇതിൽ റുകൂഓ സുജൂദോ ഇല്ല. മയ്യിത്ത് കുളിപ്പിച്ച് കഫൻ ചെയ്തശേഷം മയ്യിത്തിനോട് ഏറ്റവും അടുത്ത ബന്ധു ഇമാമായി നില്ക്കുകയും (നിൽക്കാൻ കഴിയാത്തവർക്ക് ഇരുന്നു നിർവ്വഹിക്കാം) ബാക്കിയുള്ളവർ പിന്നിൽ അണി നിരന്നുനിന്നും നമസ്ക്കരിക്കുക.

സ്ത്രീകളുടേതാണെങ്കിൽ മയ്യിത്തിന്റെ മധ്യഭാഗത്തായും പുരുഷന്മാരുടേതാണെങ്കിൽ തലഭാഗത്തുമാണ് ഇമാം നിൽക്കേണ്ടത്. ഒന്നിലധികം മയ്യിത്തുകളുണ്ടെങ്കിൽ എല്ലാററിനുംകൂടി ഒരു നമസ്കാരം മതിയാകുന്നതാണ്.

ഈ മയ്യിത്തിന്റെ ഗുണത്തിന്നായി നമസ്ക്കരിക്കുന്നുവെന്ന നിയ്യത്തോടെ തക്ബീർ ചൊല്ലി കൈകെട്ടുക. ശേഷം ഫാതിഹാ ഓതുക. രണ്ടാമത്തും കൈ അഴിച്ച് തക്ബീർ ചൊല്ലി വീണ്ടും കെട്ടി നബി(സ) യുടെ പേരിലുള്ള സ്വലാത്തു ചൊല്ലുക. (സ്വലാത്തിന്റെ പൂർണ്ണരൂപം അത്തഹിയ്യാത്തുവിൽ കൊടുത്തിട്ടുണ്ട്.) മൂന്നാമത്തെ തക്ബീറിനുശേഷം മയ്യിത്തിനുവേണ്ടി പ്രാർത്ഥിക്കുക. അതിപ്രകാരമാണ്.

അല്ലാഹു ഇഗ്ഫിർലഹൂ വർഹംഹൂ വആഫിഹീ വഅഫ്അൻഹൂ വഅക്റിം നുസ്ലഹൂ വവസ്സിഅ് മദ്ഖലഹൂ വഅഗ്സിൽഹുബിൽ മാഇ വസ്സൽജി വൽബർദി വനഖ്ഖിഹീ മിനൽ ഖതായാ കമാ യുനഖ്സ്സൗബുൽ അബ്യളു മിനദ്ദനസി വഅബ്ദിൽഹു ദാറൻ ഖൈറൻമിൻ ദാറിഹീ വഅ്ലൻ ഖൈറൻ മിൻ അഹ്ലിഹീ വസൗജൻ ഖൈറൻമിൻ സൗജിഹീ വഅദ്ഖിൽഹുൽ ജന്നത വഖിഹീ ഫിത്നതൽ ഖബ്റി വഅദാബിന്നാറി.''

اَللّٰهُمَّ اغْفِرْ لَهُ وَارْحَمْهُ وَاعْفُ عَنْهُ وَعَافِهِ وَاَكْرِمْ نُزُلَهُ
وَوَسِّعْ مُدْخَلَهُ وَاغْسِلْهُ بِالْمَآءِ وَالثَّلْجِ وَالْبَرْدِ وَنَقِّهِ
مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الْاَبْيَضُ مِنَ الدَّنَسِ وَاَبْدِلْهُ
دَارًا خَيْرًا مِّنْ دَارِهِ وَاَهْلًا خَيْرًا مِّنْ اَهْلِهِ وَزَوْجًا خَيْرًا
مِّنْ زَوْجِهِ وَاَدْخِلْهُ الْجَنَّةَ وَقِهِ فِتْنَةَ الْقَبْرِ وَعَذَابَ
النَّارِ (مسلم)

'അല്ലാഹുവേ! ഈ മയ്യിത്തിന്നു പൊറുത്തുകൊടുക്കുകയും അദ്ദേഹത്തോട് കരുണ കാണിക്കുകയും അദ്ദേഹത്തിന്നു് മാപ്പ് നൽകുകയും ചെയ്യേണമേ! അദ്ദേഹത്തിൻെറ ആതിഥ്യത്തെ ആദരിക്കുകയും അദ്ദേഹത്തിൻെറ പ്രവേശനമാർഗം വിശാലമാക്കുകയും ചെയ്യേണമേ. വെള്ളം, മഞ്ഞ്, ആലിപ്പഴം എന്നിവ കൊണ്ട് അദ്ദേഹത്തെ കഴുകുകയും ശുഭ്രവസ്ത്രം അഴുക്കിൽ നിന്നും ശുദ്ധിയാക്കുന്നതുപോലെ പാപങ്ങളിൽ നിന്ന് അദ്ദേഹത്തെ ശുദ്ധമാക്കുകയും ചെയ്യേണമേ. അദ്ദേഹത്തിന് തൻെറ വീടിനേക്കാളുത്തമമായ ഭവനവും കുടുംബത്തേക്കാളുത്തമമായ കുടുംബത്തേയും ഇണയേക്കാൾ ഉത്തമമായ ഇണയേയും നീ നൽകേണമേ. സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ഖബറിലെ പരീക്ഷണങ്ങളിൽനിന്നും നരകശിക്ഷയിൽ നിന്നും അദ്ദേഹത്തെ രക്ഷിക്കുകയും ചെയ്യേണമേ!'

മററു ചില പ്രാർത്ഥനകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ പ്രധാനമായവ ഇപ്രകാരമാണ്.

2. അല്ലാഹുമ്മ ഇഗ്ഫിർലിഹയ്യിനാ വമയ്യിതിനാ വശാഹിദിനാ വഗാഇബിനാ വസ്വഗീറിനാ വകബീറിനാ വദകറിനാ വഉൻസാനാ. അല്ലാഹുമ്മ മൻ അഹ്‌യയിതഹൂമിന്നാ ഫഅഹ്‌യിഹീ അലൽ ഇസ്‌ലാം വമൻ തവഫ്ഫൈതഹൂമിന്നാ ഫതവഫ്ഫഹീ അലൽ ഈമാൻ. അല്ലാഹുമ്മ ലാതുഹർറിംനാ അജ്റഹൂ വലാതുളില്ലനാ ബഅ്ദഹൂ.

اَللّٰهُمَّ اغْفِرْ لِحَيِّنَا وَمَيِّتِنَا وَشَاهِدِنَا وَغَائِبِنَا وَصَغِيرِنَا وَكَبِيرِنَا وَذَكَرِنَا وَأُنْثَانَا. اَللّٰهُمَّ مَنْ أَحْيَيْتَهُ مِنَّا فَأَحْيِهِ عَلَى الْإِسْلَامِ وَمَنْ تَوَفَّيْتَهُ مِنَّا فَتَوَفَّهُ عَلَى الْإِيمَانِ اَللّٰهُمَّ لَا تَحْرِمْنَا أَجْرَهُ وَلَا تَفْتِنَّا بَعْدَهُ. (مسلم)

അല്ലാഹുവേ, ഞങ്ങളിലെ ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും, ഹാജറുള്ളവർക്കും ഇല്ലാത്തവർക്കും, ചെറിയവർക്കും വലിയവർക്കും പുരുഷനും സ്ത്രീക്കും നീ പൊറുത്തു കൊടുക്കേണമേ. അല്ലാഹുവേ, ഞങ്ങളിൽ ആരൊക്കെ ജീവിച്ചിരിക്കുന്നുവോ അവരെയെല്ലാം ഇസ്‌ലാമിൽ തന്നെ ജീവിപ്പിക്കേണമേ. ഞങ്ങളിൽ മരണം പൂകുന്നവരെ വിശ്വാസത്തോടെ മരിപ്പിക്കേണമേ. അല്ലാഹുവേ ഈ (പ്രവർത്തനത്തിൻെറ) പ്രതിഫലം ഞങ്ങൾക്കു തടയരുതേ. ഇതിന്നുശേഷം ഞങ്ങളെ നീ പിഴപ്പിക്കരുതേ. (മുസ്‌ലിം)

**നാലാമത്തെ തക്‌ബീറിന് ശേഷം**

അല്ലാഹുമ്മ ലാതുഹർറിംനാ അജ്‌റഹു വലാതഫ്‌തിന്നാ ബഅ്ദഹു വഗ്ഫിർ ലനാ വലഹു.

اَللّٰهُمَّ لَا تَحْرِمْنَا أَجْرَهُ وَلَا تَفْتِنَّا بَعْدَهُ وَاغْفِرْ لَنَا وَلَهُ

**'അല്ലാഹുവേ! ഇതിൻെറ പ്രതിഫലം ഞങ്ങൾക്ക് തടയരുതേ, ശേഷം ഞങ്ങളെ കഠിന പരീക്ഷണങ്ങൾക്ക് വിധേയരാക്കരുതേ! ഞങ്ങൾക്കും ഇയാൾക്കും പൊറുത്തു തരേണമേ!' എന്നു പറയുക. ഇതിന്ശേഷം സലാം വീട്ടുക.** "അസ്സലാമു അലൈകും വറഹ്മതുല്ലാഹി" പറഞ്ഞുകൊണ്ട് വലതുഭാഗത്തേക്ക് മുഖം തിരിച്ചു ഈ നമസ്കാരത്തിൽനിന്നു വിരമിക്കുക.

ണ്ണബാധിതന്നു അയാളുടെ കടം ആരെങ്കിലും ഏറ്റെ ടുക്കുവോളം നബി (സ.അ) നമസ്കരിച്ചിട്ടില്ല. എന്നാൽ മററുള്ളവരോട് നമസ്കരിച്ചുകൊള്ളാൻ നിർദ്ദേശി ക്കുകയും ചെയ്തു. (അഹ്മദ്. തുർമുദി).

ആത്മഹത്യ ചെയ്തവർക്ക് നബി (സ.അ) നമസ്കരിച്ചിട്ടില്ല. (മുസ്ലിം) യുദ്ധത്തിൽ ശഹീദായവർക്ക് നമസ്കരിക്കേണ്ടതില്ല എന്നത് പ്രസിദ്ധമാണല്ലോ. പ്രതികാര നടപടിയാൽ കൊല്ലപ്പെട്ടവർക്ക് നബി (സ.അ) നമസ്കരിച്ചു. (മുസ്ലിം) മയ്യിത്തു നമസ്കാരം എവിടെവെച്ചും നിർവ്വഹിക്കാം. മയ്യിത്ത്പള്ളിയിൽ കയററുന്നതും അവിടെവെച്ചു നമസ്കരിക്കുന്നതും അനുവദിച്ചിട്ടുണ്ട്. (മുസ്ലിം). സ്ത്രീകൾക്കും മയ്യിത്ത് നമസ്കാരം നിർവ്വഹിക്കാവുന്നതാണ്.

## അദൃശ്യമയ്യിത്തിന്ന് നമസ്കാരം

അബൂഹുറൈറയിൽ നിന്നുദ്ധരിക്കുന്നു: ''നജ്ജാശിയുടെ മരണവൃത്താന്തം അദ്ദേഹം ദിവംഗതനായ (അന്നേ) ദിവസംതന്നെ നബി (സ.അ) ജനങ്ങളെ അറിയിച്ചു. എന്നിട്ട് നബി (സ.അ) നമസ്കരിക്കാനൊരുങ്ങി. ജനങ്ങളെ അണിനിർത്തി. നാലു തക്ബീറുകളുള്ള (മയ്യിത്ത്) നമസ്കാരം നിർവ്വഹിച്ചു. (ബുഖാരി. മുസ്ലിം.)

പ്രവാചക ശിഷ്യൻമാർ മക്കയിൽനിന്ന് അഭയാർത്ഥികളായി എത്തിയപ്പോൾ അവർക്ക് പൂർണ്ണ അഭയവും വമ്പിച്ച സഹായങ്ങളും ചെയ്തു കൊടുത്ത, ഇസ്ലാമിനെക്കുറിച്ചു മനസ്സിലാക്കിയപ്പോൾ മുസ്ലിമാകുകയും ചെയ്ത എത്യോപ്യൻ (ഹബ്ശ:) രാജാവായിരുന്നു നജ്ജാശി (നേഗസ്). നബി (സ.അ) അദ്ദേഹത്തെ കണ്ടിട്ടില്ല. എത്യോപ്യയിൽവെച്ചു മരണമടഞ്ഞ അന്നുതന്നെ നബി (സ.അ) ദിവ്യസന്ദേശത്തിലൂടെ

വിവരമറിഞ്ഞു. അദ്ദേഹത്തിന്നായി അവിടെ ആരും മയ്യിത്തു നമസ്കാരം നിർവ്വഹിച്ചിട്ടില്ലായിരുന്നു. അതിനാൽ നബി (സ.അ) ജനങ്ങളെ സംഘടിപ്പിച്ചു അദൃശ്യമയ്യിത്തിനുള്ള നമസ്കാരം നിർവ്വഹിച്ചു. ഈ സംഭവം മാത്രമാണ് അദൃശ്യമയ്യിത്തിന്നായി മറുനാടുകളിലുള്ളവർ നമസ്കരിച്ചതിന്നുള്ള ഏകപ്രമാണം.

നബി (സ.അ) നിര്യാതനാകുന്നതിന്നിടയിൽ നിരവധി സഹാബികൾ, മുസ്ലിംകളിൽപെട്ടവർ പല സംഭവങ്ങളിലും പലയിടത്തുവെച്ചും പല കാരണങ്ങളാൽ മരണമടഞ്ഞിട്ടുണ്ട്. എന്നാൽ അവരിൽ ആർക്കെങ്കിലുംവേണ്ടി അവിടുന്നു നമസ്കരിച്ചിട്ടില്ലായിരുന്നു. അതിനാൽ ഇമാം അബൂഹനീഫ, മാലിക്പോലെയുള്ള നിരവധി പണ്ഡിതൻമാർ, 'നബി (സ. അ) യുടെ പ്രത്യേകതകളിൽപെട്ട സംഭവമാണിതെന്നതിനാൽ മററു നാടുകളിലെല്ലാം ഇപ്രകാരം നമസ്കരിക്കാൻ വിധിയില്ലെന്നു (ശറഇല്ലെന്നു) പറയുന്നു.

ഇതൊരു പ്രത്യേക സംഭവമാണെന്നതിന്നു മററു തെളിവുകളില്ലാത്തതിനാൽ ഒരു പൊതുനിയമമെന്ന നിലയ്ക്ക് സ്ഥലത്തില്ലാത്ത ഏതു മയ്യിത്തിന്നായും നമസ്കരിക്കൽ വിരോധമില്ലെന്നു ശാഫിഈ, അഹ്മദി(റ)ന്റെ ഏതാനും ശിഷ്യൻമാരും പറയുന്നു.

ഈ രണ്ടു വാദഗതികളും സൂക്ഷ്മപരിശോധന നടത്തിയ പണ്ഡിതൻമാർ, 'ആരും മയ്യിത്തു നമസ്കാരം നിർവ്വഹിച്ചിട്ടില്ലാത്ത മയ്യിത്തിനുവേണ്ടി നമസ്കരിക്കാമെന്നും ആരെങ്കിലും നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ ആവശ്യമില്ലെന്നും' പ്രസ്താവിച്ചിരിക്കുന്നു. (ഇമാം അഹ്മദ്ബിനുഹമ്പൽ, ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ, ഇബ്നുൽ ഖയ്യിം മുതലായവർ).

പ്രസിദ്ധരായ മഹാത്മാക്കൾക്കുവേണ്ടിയാണെങ്കിൽ നമസ്കരിക്കാമെന്ന് ഇമാം അഹ്മദിൽനിന്നുള്ള മറ്റൊരു റിപ്പോർട്ടിലും കാണുന്നു.

ചുരുക്കത്തിൽ സ്ഥലത്തു ഹാജറില്ലാത്തമയ്യിത്തിനു വേണ്ടി 'ഒരനുവദനീയ കാര്യം' എന്ന നിലയിൽ നമസ്കരിക്കുന്നതിൽ വിരോധമില്ല. (ഉംദത്തുൽ അഹ്കാം).

## ഖബറിൻമേൽ നമസ്കാരം

മദീനാ മസ്ജിദ് അടിച്ചുവാരിയിരുന്ന (ഉമ്മുമിഹ്ജൻ) ഒരു സാധു സ്ത്രീ നബി (സ.അ) യാത്രപോയ അവസരത്തിൽ മരണമടഞ്ഞു. നബി (സ.അ) തിരിച്ചെത്തി ആ സ്ത്രീയെ കാണാതായപ്പോൾ സഹാബികളോടന്വേഷിച്ചു. 'മരണമടഞ്ഞല്ലോ' എന്നവർ മറുപടി നൽകി. പ്രവാചകൻ ചോദിച്ചു: നിങ്ങളെന്നെ ബുദ്ധിമുട്ടിക്കുകയാണോ? അവരുടെ ഖബർ എനിക്ക് കാട്ടിത്തരൂ! (ആളുകൾ ഇക്കാര്യം ഗൗരവത്തിലെടുക്കാതെ നബിയെ അറിയിക്കാതിരുന്നത് ശരിയായില്ല എന്നു സാരം) ഖബർ കാണിച്ചുകൊടുത്തപ്പോൾ നബി (സ. അ) ഖബറിൻമേൽ നിന്നുകൊണ്ട് മയ്യിത്ത് നമസ്കാരം നിർവ്വഹിച്ചു. (ബുഖാരി. മുസ്ലിം)

'നബി (സ.അ) മക്കായിലായിരുന്നപ്പോൾ ഒരവസരത്തിൽ ബർറാഅ്ബിനു മഅ്മൂർ (റ) എന്ന സ്വഹാബി

മദീനയിൽ മരണമടഞ്ഞു. ഒരു മാസത്തിനുശേഷം മദീനയിൽ തിരിച്ചെത്തിയ നബി (സ.അ) വിവരമറിഞ്ഞപ്പോഠം അദ്ദേഹത്തിൻെറ ഖബറിൻമേൽവെച്ചും മയ്യിത്തു നമസ്കാരം നിർവ്വഹിച്ചു.'

രാത്രിയിൽ ഖബറടക്കം നടന്ന ഒരൻസാരി കുട്ടിയുടെ ഖബറിൻമേലും നബി (സ.അ) ഇപ്രകാരം നമസ്കരിച്ചിട്ടുണ്ട്. (ബുഖാരി).

ഈ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഖബറടക്കം ചെയ്യപ്പെട്ടശേഷം ആ ഖബറിന്മേൽവെച്ച് ആ വ്യക്തിക്കുവേണ്ടി അവിടെ എത്തിച്ചേർന്നവർക്ക് മയ്യിത്ത് നമസ്കാരം നിർവഹിക്കാവുന്നതാണെന്നു മനസ്സിലാക്കാം. ഇതെപ്പോഴെല്ലാം ആകാമെന്ന കാലപരിധിയെക്കുറിച്ചുള്ള പണ്ഡിതചർച്ചയിൽ 'അതെപ്പോഴും ആകാമെന്ന നിഗമന'മാണ് ശരിയെന്നു തോന്നുന്നു. (സുബുലു സ്സലാം.)

○

# അനുബന്ധം - പ്രാർത്ഥനകൾ

നമസ്കാരത്തിലെ വിവിധ ചലനങ്ങളിൽ അനിവാര്യമായ പ്രാർത്ഥനകളേ നാം വിവരിച്ചിട്ടുള്ളു. നബി(സ.അ),നമസ്കാരത്തിൽ മേൽ വിവരിച്ചവക്കു പുറമേ കൂടുതലായി പലപ്പോഴും പ്രാർത്ഥിച്ചിട്ടുള്ളതിൽ മററു ചിലതുകൂടി ഈ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. ആവശ്യമുള്ളവർ അവ പഠിക്കുകയും സാരം മനസ്സിലാക്കി ചൊല്ലേണ്ടതുമാണ്.

## തക്ബീറത്തുൽ ഇഹ്റാമിന്നു ശേഷം

''അല്ലാഹു അക്ബർ കബീറാം (3 തവണ) വൽഹംദുലില്ലാഹികസീറാം (മൂന്നുതവണ) വസുബ്ഹാനല്ലാഹിബുക്റത്തൻ വഅസ്വീലാ (മൂന്നുതവണ) അഊദുബില്ലാഹിമിന ശൈശ്ത്വാനി മിൻ നഫ്ഖിഹി വനഫ്സിഹി വഹംസിഹീ.''

اَللّٰهُ أَكْبَرُ كَبِيرًا ( ثلاث مرات )، وَالْحَمْدُ لِلّٰهِ كَثِيرًا ( ثلاث مرات )، وَسُبْحَانَ اللّٰهِ بُكْرَةً وَأَصِيلاً ( ثلاث مرات )، أَعُوذُ بِاللّٰهِ مِنَ الشَّيْطَانِ مِنْ نَفْخِهِ، وَنَفْثِهِ، وَهَمْزِهِ. ( مسلم، أحمد، أبو داود، ابن ماجة )

'അല്ലാഹു അത്യുന്നത മഹാൻ .......സർവ്വസ്തുതിഗീതങ്ങളും അവന്ന്...........പ്രഭാതപ്രദോഷങ്ങളിലെല്ലാം അവൻതന്നെ പരമപരിശുദ്ധൻ........പിശാചിൻെറ ദുർമന്ത്രത്തിൽനിന്നും അവൻെറ കെണിയിൽനിന്നും അവൻെറ കുത്തുകളിൽനിന്നും അല്ലാഹുവിൽ ഞാൻ ശരണപ്പെടുന്നു.

(മുസ്ലിം. അഹ്മദ്. അബൂദാവൂദ്. ഇബ്നുമാജ.)

11 - (വജ്ജഹ്തു വജ്ഹിയ ലില്ലദീ ഫതറസ്സമാവാത്തി വൽ അർള' ഹനീഫൻ മുസ്ലിമൻ വമാ അനമിനൽ മുശ്രി കീൻ. ഇന്നസ്സലാത്തീ വനുസുകീ വമഹ്യായ വമമാ ത്തീ ലില്ലാഹി റബ്ബിൽ ആലമീൻ. ലാശരീക്കലഹു വബിദാ ലിക ഉമിർത്തു വഅനമിനൽ മുസ്ലിമീൻ)

وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمٰوٰتِ وَالْأَرْضَ حَنِيفًا مُسْلِمًا وَمَا أَنَا مِنَ الْمُشْرِكِينَ ۝ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلّٰهِ رَبِّ الْعَالَمِينَ ۝ لَا شَرِيكَ لَهُ وَبِذٰلِكَ أُمِرْتُ وَأَنَا مِنَ الْمُسْلِمِينَ ۝

'ഋജുമാനസനും അനുസരണ വിധേയനുമായി ആകാശ ഭൂമികളെ സൃഷ്ടിച്ചവനിലേക്ക ഞാനിതാ എന്റെ വദനത്തെ തിരിച്ചിരിക്കുന്നു. ഞാൻ ബഹു ദൈവ വിശ്വാസികളിൽ പെട്ടവനല്ല. നിശ്ചയം എന്റെ നമസ്കാരവും വഴിപാടും (എന്തിനേറെ) എന്റെജീവിതവും മരണവുമെല്ലാം ലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു. അവനു പങ്കുകാരില്ലെന്നുള്ളതു് എന്നോട കൽപ്പിക്കപ്പെട്ടിരിക്കുന്നു.. ഞാൻ മുസ്ലിംകളിൽപെട്ടവനാകുന്നു.

## റുകൂഇൽ

''അല്ലാഹുമ്മ ലക റകഅ്തു വബിക ആമൻതു വലക അസ്ലംതു ഖശഅ ലക സംഈ വബസാരീ വമുഖ്ഖീ വഅള്മീ വഅസബീ വമസ്തഖല്ലത് ബിഹീ ഖദമയ്യ ലില്ലാഹി റബ്ബിൽ ആലമീൻ.''

اَللّٰهُمَّ لَكَ رَكَعْتُ وَبِكَ آمَنْتُ وَلَكَ أَسْلَمْتُ خَشَعَ لَكَ سَمْعِي وَبَصَرِي وَمُخِّي وَعَظْمِي وَعَصَبِي وَمَا اسْتَقَلَّتْ بِهِ قَدَمِي لِلّٰهِ رَبِّ الْعَالَمِينَ

അല്ലാഹുവേ, നിനക്കുവേണ്ടി ഞാൻ കുനിഞ്ഞിരിക്കുന്നു. ഞാൻ നിന്നിൽ വിശ്വസിച്ചു. നിനക്ക് കീഴൊതുങ്ങി. എന്റെ കാതും എന്റെ കണ്ണും എന്റെ മജ്ജയും എന്റെ എല്ലും എന്റെ നാഡിയും നിനക്ക്

ഭക്തിയോടെ താഴ്മ ചെയ്തിരിക്കുന്നു. എന്റെ കാലടികൾ ചുമന്നിരിക്കുന്നത് (എന്റെ ശരീരം) മുഴുവൻ ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാണ്.

## ഇഅ്തിദാലിൽ

''സുബ്ബൂഹും ഖുദ്ദൂസും റബ്ബുൽ മലാഇകതി വർറൂഹ്.''

سُبُّوحٌ قُدُّوسٌ رَبُّ الْمَلَائِكَةِ وَالرُّوحْ

''മഹാ പരിമ പരിശുദ്ധനല്ലാഹു. പരിശുദ്ധാത്മാവിന്റേയും മാലാഖമാരുടേയും നാഥൻ.''

(മുസ്ലിം. അബൂദാവൂദ്. നസാഈ)

റുകൂഇന്നു ശേഷമുള്ള ഈ നിറുത്തത്തിൽ താഴെപറയുന്നവകൂടി പ്രാർത്ഥിക്കാം.

''അഹ്ലുസ്സനാഇ വൽമജ്ദി അഹഖ്ഖു മാഖാലൽ അബ്ദു വകുല്ലുനാലക അബ്ദും. അല്ലാഹുമ്മ ലാമാനിഅലിമാ അഅ്തൈത വലാമുഅ്തിയ ലിമാ മനഅ്ത വലായൻഫഉ ദൽജദ്ദി മിൻകൽജദ്ദ്.''

أَهْلَ الثَّنَاءِ وَالْمَجْدِ أَحَقُّ مَا قَالَ الْعَبْدُ وَكُلُّنَا لَكَ عَبْدٌ لَا مَانِعَ لِمَا أَعْطَيْتَ وَلَا مُعْطِيَ لِمَا مَنَعْتَ وَلَا يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ

സ്തുതിക്കും മഹത്വത്തിനും അർഹനായവനേ, അടിയാൻ പറഞ്ഞതിൽ ഏററവും അർഹമായിട്ടുള്ളത് — ഞങ്ങളെല്ലാം നിന്റെ അടിയാന്മാരാകുന്നു. നീ നൽകിയത് മുടക്കുന്നവനില്ല. നീ മുടക്കിയത് നൽകുന്നവനില്ല. സമ്പത്തുള്ളവർക്ക് നിന്റെ അടുക്കൽ ആ സമ്പത്ത് ഉപകാരപ്പെടുകയില്ല.

## സുജൂദുകളിൽ

സുജൂദിൽ നിരവധി പ്രാർത്ഥനകൾ പ്രവാചകൻ നടത്തിയിരുന്നു. ഏതാനും ചിലത് കൂടി.

''അല്ലാഹുമ്മ ലക സജത്തു വബിക ആമൻതു വലക അസ്ലംതു സജദവജ്ഹിയ ലില്ലദീ ഖല ഖഹു വസ്വവ്വറഹു ഫഅഹ്സന സ്വുവറഹു വശക്ക സംഅഹൂ വബസ്വറഹൂ ഫതബാറകല്ലാഹൂ അഹ്സനൽ ഖാലിഖീൻ.''

اَللّٰهُمَّ لَكَ سَجَدْتُ وَبِكَ آمَنْتُ وَلَكَ أَسْلَمْتُ سَجَدَ وَجْهِي لِلَّذِي خَلَقَهُ وَصَوَّرَهُ وَشَقَّ سَمْعَهُ وَبَصَرَهُ
تَبَارَكَ اللّٰهُ أَحْسَنُ الْخَالِقِينَ

അല്ലാഹുവേ, ഞാൻ നിനക്ക് പ്രണാമം ചെയ്തിരിക്കുന്നു. നിന്നിൽ വിശ്വസിച്ചിരിക്കുന്നു, ഞാൻ നിനക്ക് കീഴൊതുങ്ങിയിരിക്കുന്നു, എന്റെ മുഖം, അതിനെ സൃഷ്ടിക്കുകയും അതിനു രൂപം നൽകുകയും, അതിന്റെ കേൾവിയും കാഴ്ചയും കീറി ഉണ്ടാക്കുകയും ചെയ്തവന്നു പ്രണാമം ചെയ്തിരിക്കുന്നു, സൃഷ്ടി കർത്താക്കളിൽ ഉത്തമനായ അല്ലാഹു അനുഗ്രഹപൂർണ്ണൻ.

2. അല്ലാഹുമ്മ ഇഗ്ഫിർലീ ദൻബീ കുല്ലഹൂ ദിഖ്ഖഹൂ വജുല്ലഹൂ അവ്വലുഹൂ വആഖിറുഹൂ വഅലാനിയ്യതഹു വസിർറുഹൂ.

« اللَّهُمَّ اغْفِرْ لِي ذَنْبِي كُلَّهُ ، دِقَّهُ وَجِلَّهُ ، وَأَوَّلَهُ وَآخِرَهُ ، وَعَلَانِيَتَهُ وَسِرَّهُ »

''അല്ലാഹുവേ എന്റെ പാപങ്ങളെ-ചെറുതും വലുതും ആദ്യത്തേതും അവസാനത്തേതും രഹസ്യവും പരസ്യവും-എല്ലാം പൊറുത്തുതരേണമേ. (മുസ്ലിം.)

# നമസ്കാര ശേഷം

ലാഇലാഹ ഇല്ല ല്ലാഹു വഹ്ദഹു ലാശരീകലഹു ലഹുൽമുൽകു വല ഹുൽഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ.

വലാഹൗല വലാഖുവ്വത ഇല്ലാബില്ലാഹ്. ലാഇലാഹ ഇല്ലല്ലാഹ് വലാനഅ്ബുദു ഇല്ലാ ഇയ്യാഹു ലഹുന്നിഅ്മതു വലഹുൽ ഫള്ലു വലഹുസ്സനാഉൽ ഹസൻ. ലാഇലാഹ ഇല്ലല്ലാഹ് മുഖ്ലിസീന ലഹുദ്ദീൻ വലൗ കരിഹൽ കാഫിറൂൻ.

« لَا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ، وَلَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ ، لَا إِلٰهَ إِلَّا اللهُ ، وَلَا نَعْبُدُ إِلَّا إِيَّاهُ ، لَهُ النِّعْمَةُ ، وَلَهُ الْفَضْلُ ، وَلَهُ الثَّنَاءُ الْحَسَنُ ، لَا إِلٰهَ إِلَّا اللهُ ، مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ »

അല്ലാഹു മാത്രമല്ലാതെ ആരാധ്യനേയില്ല. അവൻ ഏകനാകുന്നു. അവനു പങ്കുകാരില്ല. അവന്നാണ് രാജത്വം. അവന്നാണ് എല്ലാ സ്തുതിയും. അവൻ എല്ലാററിനും കഴിവുള്ളവനാകുന്നു. അത്യുന്നതനും മഹത്വമേറിയവനുമായ അല്ലാഹുവിനക്കൊണ്ടല്ലാതെ ശക്തിയോ മാററമോ ഇല്ല. നാം അവനെയല്ലാതെ ആരാധിക്കുകയില്ല. അവന്നാണ് അനുഗ്രഹവും ശ്രേഷ്ഠതയും. ഉത്തമമായ പ്രകീർത്തനവും അവന്നുള്ളതാണ്. അല്ലാഹു അല്ലാതെ ആരാധ്യനേയില്ല. നാം അവന് നിഷ്കളങ്കമായ വണക്കം അർപ്പിക്കുന്നവരാകുന്നു. അവിശ്വാസികൾ ഇത് നിരസിച്ചാലും ശരി.

''അല്ലാഹുമ്മ അഇന്നീ അലാ ദിക്റിക വശുക്റിക വഹുസ്നി ഇബാദതിക''

« اللَّهُمَّ أَعِنِّي عَلَى ذِكْرِكَ وَشُكْرِكَ وَحُسْنِ عِبَادَتِكَ »

''അല്ലാഹുവേ, നിന്നെ സദാ ഓർക്കാനും നിനക്ക് നന്ദി കാണിക്കാനും നിന്നെ നല്ലനിലയിൽ ആരാധിക്കാനും എന്നെ സഹായിക്കേണമേ.''

ഇവയ്ക്കു പുറമെ സൂറത്തുൽ ബഖറയിലെ 255-ാം വചനം (ആയത്തുൽകുർസീ) നബി (സ.അ) ചൊല്ലാറുണ്ട് എന്നും ഹദീസുകളിലുണ്ട്. സുബ്ഹ്, മഗ്രിബ് നമസ്കാരാനന്തരമാണെങ്കിൽ മൂന്നു പ്രാവശ്യം വീതവും സൂറ: ഇഖ്ലാസും മുഅവ്വദതൈനിയും (വി.ഖു: 112, 113, 114 അദ്ധ്യായങ്ങൾ) അവിടുന്നു ഓതാറുണ്ട്.

(തിർമുദി. നസാഈ. അബൂദാവൂദ്).

മററു നമസ്കാരങ്ങൾക്ക്ശേഷം ഓരോ തവണയും.

وفق الله الجميع لما يحبه ويرضاه إنه سميع مجيب.

وصلى الله تعالى على نبينا وعلى آله وأصحابه وأتباعه وبارك وسلم.

وآخر دعوانا أن الحمد لله رب العالمين.

# كتـــاب الصـــلاة

**محتويات هذا الكتاب:**

**١ - الباب الأول:**

أهمية الصلاة، حكم تارك الصلاة، الخشوع في الصلاة، فضل الصلاة مع الجماعة، التحذير لمن يترك الجماعة، آدابها وفوائدها، وغيرها في ضوء النصوص القرآنية والسنة.

**٢ - الباب الثاني:**

الطهارة من النجاسات - الحيض والنفاس والاستحاضة والجنابة والوضوء والغسل والتيمم - القبلة - الأذان والإقامة وغيرها من الأمور الاستعدادات للصلاة.

**٣ - الباب الثالث:**

كيفية الصلاة من القيام حتى السلام - مبطلاتها - سجود السهو والتلاوة - القنوت والأدعية وحكم الأداء والقضاء وغيرها.

**٤ - الباب الرابع:**

الصلوات المتنوعة - الجمع والقصر - الجمعة والعيدين - الخسوف - الاستسقاء - النوافل - قيام الليل والوتر - الاستخارة - الصلاة على الميت الحاضر والغائب، وغيرها.

٥ - الأدعية العربية مع النطق والترجمة في اللغة المليبارية.

**تأليف**

**كويا كوتي فاروقي بن عبد الرحمن.**

## أهداف المكتب:

١ - التعاون مع الجهات الرسمية العاملة في مجال الدعوة لنشر العلم الشرعي وتبصير المسلمين بأمور دينهم.

٢ - دعوة غير المسلمين إلى الإسلام.

٣ - تعليم حديثي الإسلام أصول الدين.

## اخي المسلم:

طباعة الكتاب النافع والشريط المفيد من أقوى وسائل الدعوة إلى الله. فبادر أخي إلى الاشتراك في توفيرها لمن هو بحاجة اليها.

مع تحيات المكتب التعاوني للدعوة والإرشاد
وتوعية الجاليات في النسيم
شركة الراجحي المصرفية للاستثمار
فرع أسواق الربوة
رقم الحساب - ٣٩٠٠

المكتب التعاوني للدعوة والارشاد وتوعية الجاليات في النسيم
الرياض - حي المنار / مقابل العيادات الخارجية لمستشفى اليمامة
تحت اشراف وزارة الشئون الإسلامية والأوقاف والدعوة والإرشاد
هاتف وفاكس ٢٣٢٨٢٢٦-٠١ - ص ب ٥١٥٨٤ الرياض ١١٥٥٣

مطبعة النرجس التجارية - ت: ٢٣١٦٦٥٣ فاكس ٢٣١٦٨٦٦